പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

# പഞ്ചായത്ത്‌രാജ്

പുസ്തകം 62 ലക്കം 4 ജൂലൈ 2022



## വിജ്ഞാനാധിഷ്ഠിത സമ്പദ്‌വ്യവസ്ഥ

അസന്തുലിതാവസ്ഥയിലായി ലോകക്രമം

## അഞ്ചുനാടിന് പുതുജീവനേകി

ഇന്ത്യ ഹൈറേഞ്ച് മൗണ്ടൻ ലാൻഡ്‌സ്കേപ് പദ്ധതി

## ഗ്ലോബൽ ജെൻഡർ ഗ്യാപ് റിപ്പോർട്ട് 2022

അന്തരം കൂടുന്ന ഇന്ത്യയും കുറയുന്ന കേരളവും




# നമ്മുടെ ലക്ഷ്യം മാലിന്യമുക്ത കേരളം

പകർച്ചവ്യാധികളെ
അകറ്റി നിർത്തുക
പരിസര ശുചിത്വ
പ്രവർത്തനങ്ങൾക്ക്
മുൻകൈ എടുക്കുക

# പഞ്ചായത്ത്‌രാജ്

ജൂലൈ 2022


## അകത്ത്






അഞ്ചുനാടിന് പുതുജീവനേകി ഇന്ത്യ ഹൈറേഞ്ച് മൗണ്ടൻ ലാൻഡ്സ്കേപ് പദ്ധതി
ബി. മനോജ് 5

ഗ്ലോബൽ ജെൻഡർ ഗ്യാപ്പ് റിപ്പോർട്ട് 2022 അന്തരം കൂടുന്ന ഇന്ത്യയും കുറയുന്ന കേരളവും
ഹസൈൻ എം. മിന്നത്ത് 10

വിജ്ഞാനാധിഷ്ഠിത സമ്പദ്‌വ്യവസ്ഥ അസന്തുലിതാവസ്ഥയിലായി ലോക ക്രമം
ടി. ഷാഹുൽ ഹമീദ് 14

സാമൂഹ്യ സുരക്ഷാ പെൻഷനുകളും തൊഴിൽ രഹിത വേതനവും അർഹതയും മാനദണ്ഡങ്ങളും
കെ ആർ. രഞ്ജിത് 19

സ്ത്രീപക്ഷ കേരളത്തിനായി ഒരുക്കാം സ്ത്രീസൗഹൃദ അടിസ്ഥാന സൗകര്യങ്ങൾ
രേഷ്മ ചന്ദ്രൻ 25

തൊഴിൽ തന്നെ മുഖ്യം 27

അൽപം ആരോഗ്യവിശേഷം 28

കുടുംബശ്രീക്ക് അഭിമാനമായി ബ്രിട്ടീഷ് ഡെപ്യൂട്ടി ഹൈ കമ്മീഷണറുടെ സന്ദർശനം
ആശ എസ്. പണിക്കർ 30

അതിഥിതൊഴിലാളികൾക്കും കരുതലായി സർക്കാർ 32

ചായങ്ങൾ ചാലിച്ച ചിങ്ങം
ബിന്ദുരാജ് 35

സുഗന്ധവാഹികളായ നാട്ടുപൂക്കളെല്ലാം നാടുവിട്ടുപോയോ?
മുരളീധരൻ തഴക്കര 40


### പംക്തികൾ


വാർത്തകൾ വിശേഷങ്ങൾ 34

ഊരും പേരും –23 37

എന്റെ മലയാളം 38

എന്ന് വായനക്കാർ 42

ജൂലൈ 2022
പുസ്തകം 62 ലക്കം 4
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

# പഞ്ചായത്ത്‌രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

ചെയർമാൻ
**എം.വി. ഗോവിന്ദൻ മാസ്റ്റർ**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ
ശാരദാ മുരളീധരൻ ഐ.എ.എസ്.
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
എസ്. ഹരികിഷോർ ഐ.എ.എസ്.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. എം. ഉഷ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
സാബ്ലു തോമസ്
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
ഷിബു കെ.കെ.
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
എച്ച്. ദിനേശൻ ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
എച്ച്. ദിനേശൻ ഐ.എ.എസ്.
Email: directorofpanchayat@gmail.com
**ഫോൺ:** 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
ഷിബു കെ.കെ.
Email: prmdp2020@gmail.com
**ഫോൺ:** 0471 2786303
**മൊബൈൽ:** 9496047036, 9847235884

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത്‌രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, കവടിയാർ പി.ഒ.
തിരുവനന്തപുരം 695003

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്തമില്ല.

**എഡിറ്റോറിയൽ**

# ഭാവി തലമുറക്ക് വേണ്ടിയും നീലക്കുറിഞ്ഞി പൂത്തുലയട്ടെ

ലോകത്തെ തന്നെ വിസ്മയപ്പെടുത്തിയിട്ടുള്ള അപൂർവ്വ ജൈവവൈവിധ്യ മേഖലകളിലൊന്നാണ് നമ്മുടെ പശ്ചിമഘട്ട മലനിരകൾ. നീലക്കുറിഞ്ഞിയും വരയാടുകളും മലമുഴക്കി വേഴാമ്പലും പുള്ളിവാലൻ ചിത്രശലഭങ്ങളും ഒക്കെ ചേർന്നൊരുക്കുന്ന മാസ്മരിക പ്രകൃതി ഹരിതാഭ ചോർന്നുപോകാതെ പരിപാലിക്കേണ്ടത് വർത്തമാന കാലത്തിന്റെ കടമയാണ്. ഈ തിരിച്ചറിവിലാണ് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയവുമായി സഹകരിച്ച്, UNDP (United Nations Development Programme), GEF (Global Envirinment Facility) എന്നിവ കേരള സർക്കാരിന്റെ ഹരിത കേരള മിഷനെ നിർവഹണ സഹായ സംവിധാനമായി ഉപയോഗപ്പെടുത്തി പരിസ്ഥിതി സംരക്ഷണ-പുനസ്ഥാപന പ്രവർത്തനങ്ങൾക്കായി ഈ ഭൂപ്രദേശം തിരഞ്ഞെടുത്തിട്ടുള്ളത്. ജലസംരക്ഷണം, മാലിന്യ സംസ്കരണം, കൃഷിപുനരുജ്ജീവനം, പാരിസ്ഥിതിക പുനസ്ഥാപനം എന്നിവ 'ഹരിത കേരളം' മിഷന്റെ പരമ പ്രധാന ലക്ഷ്യങ്ങളാണെന്ന് നമുക്ക് അറിവുള്ളതാണ്. ഈ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് കഴിഞ്ഞ നാലു വർഷങ്ങളിൽ പ്രദേശത്തെ പതിനൊന്നു മലയോര ഗ്രാമ പഞ്ചായത്തുകളിൽ നടപ്പാക്കിവരുന്നത്.

സുസ്ഥിര ഉപജീവന മാർഗ്ഗവും വികസനവും, ജൈവവൈവിധ്യസംരക്ഷണവും സാധ്യമാക്കുകയെന്ന സമീപനമാണ് ഈ പദ്ധതിയുടെ കാതൽ. കേരള സർക്കാരിന്റെ 'സുഭിക്ഷ കേരളം' പദ്ധതിയുമായി ചേർന്ന് 345 ഏക്കറിലധികം സ്ഥലത്ത് നെല്ലിന്റെയും തിനയുടെയും പരമ്പരാഗത വിത്തുകൾ വിതച്ചതും പുരയിടം അടിസ്ഥാനമാക്കി ഔഷധത്തോട്ടങ്ങൾ സ്ഥാപിച്ച മറയൂർ ഗ്രാമ പഞ്ചായത്തിനെ ഔഷധത്തോട്ടമായി പ്രഖ്യാപിച്ചതും അവിടെതന്നെ സുസ്ഥിര കരിമ്പുവിള കൃഷി സംരഭത്തിനുള്ള പ്രവർത്തന സമ്പ്രദായം നടപ്പാക്കിയതും ഇഞ്ചിപുല്ലിൽ നിന്ന് തൈലം ഉൽപാദിപ്പിക്കുന്നതിനുള്ള ഡിസ്റ്റിലറി യൂണിറ്റുകൾ ജനകീയ പങ്കാളിത്തത്തോടെ സ്ഥാപിച്ചതുമൊക്കെ ശ്രദ്ധേയനേട്ടങ്ങൾ തന്നെയാണ്. ക്ലീൻ കേരള കമ്പനിയുടെ പിന്തുണയോടെ കല്ലാറിൽ ഒരു മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. മൂന്നാർ ടൗണിലൂടെ ഒഴുകുന്ന നല്ലതണ്ണി നദിക്ക് മാലിന്യമുക്ത പുനർജന്മം നൽകുന്നതിനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചുകഴിഞ്ഞു.

കൃഷിയിലൂടെ ഗോത്ര ജനവിഭാഗത്തിന് പോഷകമൂല്യമുള്ള ഭക്ഷണവും വരുമാന വർദ്ധനവും ഉറപ്പാക്കിയും, നദികളും ജലപക്ഷിസങ്കേതങ്ങളും വീണ്ടെടുത്തും മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കിയും പരിസ്ഥിതിയേയും തദ്ദേശീയ ജനതയേയും ചേർത്തുപിടിച്ച നടത്തുന്ന ഈ പദ്ധതി പശ്ചിമഘട്ട മലനിരകൾ പോലെ തലയുയർത്തി നിൽക്കുന്നത് മലയാളിക്ക് അഭിമാനം തന്നെയാണ്.

**എച്ച്. ദിനേശൻ ഐ.എ.എസ്.**
പഞ്ചായത്ത് ഡയറക്ടർ

**സമാധാനത്തിലേക്ക് ഒരു പാതയില്ല**
**സമാധാനമാണ് പാത**
- ഗാന്ധിജി



# അഞ്ചുനാടിന് പുതുജീവനേകി

## ഇന്ത്യ ഹൈറേഞ്ച് മൗണ്ടൻ ലാൻഡ്സ്കേപ്പ് പദ്ധതി

■ ബി. മനോജ്

ലോകത്തിലെ അപൂർവ്വജൈവവൈവിധ്യ മേഖലകളിലൊന്നായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളകേരളത്തിന്റെ കിഴക്കേ അതിർത്തിയാണ് പശ്ചിമഘട്ട മലനിരകൾ. അനേകമനേകം സസ്യങ്ങളും സസ്തനികളും ഉരഗങ്ങളും, ഉഭയജീവികളും, ഷഡ്പദങ്ങളും, മത്സ്യങ്ങളുമെല്ലാം അധിവസിക്കുന്ന അപൂർവ്വങ്ങളിൽ അപൂർവ്വമായ ഒരു ഭൂപ്രദേശം. നമ്മുടെ നദികൾ പിറവിയെടുക്കുന്നത് ഈ പച്ചപ്പിൽനിന്നാണ്. ഈ മലനിരകളിലാണ് നമ്മുടെ ആദിമസംസ്കാരം പിറവിയെടുത്തത്. നീലക്കുറിഞ്ഞിയും, വരയാടുകളും, മലമുഴക്കി വേഴാമ്പലും, സിംഹവാലൻ കുരങ്ങുകളും, പുള്ളിവാലൻ ചിത്രശലഭങ്ങളുമെല്ലാംചേർന്നൊരുക്കുന്ന ഈ വിസ്മയലോകം നമ്മുടെ സമ്പത്താണ്, അഭിമാനമാണ്.

വർണിച്ചാൽതീരാത്ത സവിശേഷതകളുടെ സംഗമസ്ഥാനമായ ഈ മലനിരകളിലെ പരിസ്ഥിതിയേയുംജൈവവൈവിധ്യത്തേയുംസംരക്ഷിക്കേണ്ടത് ലോകത്തിന്റെതന്നെ ബാധ്യതയാണെന്ന തിരിച്ചറിവിലാണ് യു.എൻ.ഡി.പി.യും GEFഉം പരിസ്ഥിതിസംരക്ഷണ-പുനഃസ്ഥാപന പ്രവർത്തനങ്ങൾക്കായി നമ്മുടെ പ്രിയപ്പെട്ട സഹ്യനെ തിരഞ്ഞെടുത്തത്. തദ്ദേശീയ ജനവിഭാഗങ്ങളുടെ ഉപജീവനവും അതിജീവനവും ഉറപ്പുവരുത്തിക്കൊണ്ടുള്ള പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടത്.

കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയവുമായി സഹകരിച്ച് യു.എൻ.ഡി.പി.യും GEFഉം നടപ്പാക്കിയ ഈ പദ്ധതിയുടെ നിർവ്വഹണസഹായ സംവിധാനമായി പ്രവർത്തിക്കുന്നത് സംസ്ഥാന സർക്കാരിന്റെ വികസന മിഷനുകളിലൊന്നായ ഹരിതകേരളം മിഷനാണ്.

ഇന്ത്യ ഹൈറേഞ്ച് മൗണ്ടൻ ലാൻഡ്സ്കേപ്പ് പ്രോജക്ട് എന്ന പേരിലാണ് പദ്ധതി നടപ്പാക്കിയത്. കൃഷിയിലൂടെ ഗോത്ര ജനവിഭാഗത്തിന് പോഷണമൂല്യമുള്ള ഭക്ഷണവും വരുമാന വർദ്ധനവും ഉറപ്പാക്കൽ, തൊഴിലധിഷ്ഠിത കോഴ്സുകളിലൂടെ യുവജനങ്ങളുടെ ശേഷിവികസനത്തിന് പിന്തുണയേകൽ, നദികളും ജലപക്ഷി സങ്കേതങ്ങളും വീണ്ടെടുത്തും, ഒരു ലക്ഷത്തോളം കുറിഞ്ഞിതൈകൾ നട്ടുപിടിപ്പിച്ചും സമഗ്ര മാലിന്യ സംസ്കരണ സംവിധാനങ്ങളൊരുക്കിയുമെല്ലാം പാരിസ്ഥിതികസുസ്ഥിരത ഉറപ്പുവരുത്തൽ എന്നിങ്ങനെ തദ്ദേശീയ ജനതയേയും പരിസ്ഥിതിയേയും ഒരുപോലെ ചേർത്തുപിടിച്ച പ്രവർത്തനങ്ങളുടെ 4 വർഷക്കാലമാണ് കടന്നുപോയത്.



നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായ ഹരിതകേരളം മിഷന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളായ ജലസംരക്ഷണവും, മാലിന്യ സംസ്കരണവും, കൃഷി പുനരുജ്ജീവനവും, പാരിസ്ഥിതിക പുനഃസ്ഥാപനവുമെല്ലാം ഇക്കഴിഞ്ഞ നാല്ല വർഷങ്ങൾക്കുള്ളിൽ യു.എൻ.ഡി.പി. പിന്തുണയോടെ 11 മലയോര ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കി.

## ഇന്ത്യ ഹൈറേഞ്ച് മൗണ്ടൻ ലാൻഡ് സ്കേപ് (IHRML) പദ്ധതി

പാരിസ്ഥിതികവും സാംസ്കാരികവുമായ വൈവിധ്യം, സാമൂഹിക സാമ്പത്തിക ചുറ്റുപാട്, വികസന സാധ്യത തുടങ്ങിയ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ സവിശേഷ പ്രാധാന്യം അർഹിക്കുന്ന സ്ഥലമാണ് തെക്കൻ പശ്ചിമഘട്ടത്തിലെ അഞ്ചുനാട്ടും അനുബന്ധ ഭൂപ്രകൃതിയും. കേരളത്തിലെ ഇടുക്കി, എറണാകുളം, തൃശ്ശൂർ ജില്ലകളിലായി 2068.27 ചതുരശ്ര കിലോമീറ്ററിലധികം വ്യാപിച്ചു കിടക്കുന്ന പ്രദേശമാണിത്. ബഹുവിധ നിർവഹണ മാർഗങ്ങളിലൂടെ അഞ്ചുനാട്ടിലേയും അനുബന്ധ ഭൂപ്രദേശങ്ങളിലേയും സുസ്ഥിര ഉപജീവനം, ജൈവവൈവിധ്യ സംരക്ഷണം എന്നിവ ലക്ഷ്യമിട്ട് നടപ്പാക്കുന്ന പദ്ധതിയാണിത്. ഇടുക്കി ജില്ലയിലെ മൂന്നാർ, ദേവികുളം, ചിന്നക്കനാൽ, വട്ടവട, കാന്തല്ലൂർ, മറയൂർ, ഇടമലക്കുടി, മാങ്കുളം, അടിമാലി, എറണാകുളം ജില്ലയിലെ കുട്ടമ്പുഴ, തൃശ്ശൂർ ജില്ലയിലെ ആതിരപ്പിള്ളി എന്നിങ്ങനെ 11 ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്നതാണ് പദ്ധതി പ്രദേശം. മികച്ച ആസൂത്രണം, ശേഷിവികസനം മാർഗ്ഗദർശകമായ മാതൃകകളുടെ രൂപീകരണം, വികസന പ്രവർത്തനങ്ങൾ തുടങ്ങിയവയിലൂടെ സുസ്ഥിര ഉപജീവന മാർഗ്ഗവും വികസനവും, ജൈവവൈവിധ്യ സംരക്ഷണവും പ്രദേശത്ത് സാധ്യമാക്കുകയെന്ന സമീപനമാണ് പദ്ധതി നടത്തിപ്പിൽ അവലംബിച്ചത്. ഗ്ലോബൽ എൻവയോൺമെന്റ് ഫെസിലിറ്റി (GEF) ധന സഹായത്തോടെ കേന്ദ്ര വനം-പരിസ്ഥിതി-കാലാവസ്ഥാ-വ്യതിയാന മന്ത്രാലയവും യുണൈറ്റഡ് നേഷൻസ് ഡവലപ്പ്മെന്റ് പ്രോഗ്രാമും (UNDP) ചേർന്നാണ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാന സർക്കാരിന്റെ വികസന മിഷനുകളിൽ സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കി പരിസ്ഥിതി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്ന ഹരിതകേരളം മിഷനാണ് IHRML പദ്ധതിയുടെ നിർവഹണ സംവിധാനമായി പ്രവർത്തിക്കുന്നത്. വനാതിർത്തി പ്രദേശങ്ങളിലെ പ്രവർത്തനങ്ങൾക്ക് വനം-വന്യജീവി വകുപ്പിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

**പാരിസ്ഥിതികവും സാംസ്കാരികവുമായ വൈവിധ്യം, സാമൂഹിക സാമ്പത്തിക ചുറ്റുപാട്, വികസന സാധ്യത തുടങ്ങിയ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ സവിശേഷ പ്രാധാന്യം അർഹിക്കുന്ന സ്ഥലമാണ് തെക്കൻ പശ്ചിമഘട്ടത്തിലെ അഞ്ചുനാട്ടും അനുബന്ധ ഭൂപ്രകൃതിയും**

## പദ്ധതി പ്രകാരം നടത്തിയ സുപ്രധാന പ്രവർത്തനങ്ങൾ

### സുസ്ഥിര ഉപജീവന മേഖലയിലെ പ്രവർത്തനങ്ങൾ

- കേരള സർക്കാരിന്റെ സുഭിക്ഷ കേരളം പദ്ധതിയുമായി ചേർന്ന് യു.എൻ.ഡി.പി 345 ഏക്കറിലധികം സ്ഥലത്ത് നെല്ലിന്റെയും തിനയുടെ പരമ്പരാഗത വിത്തു വിതച്ചു. 1160 കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു.
- നെല്ല്, തിന, ഔഷധ സസ്യങ്ങൾ, കിഴങ്ങു വിളകൾ എന്നിവയുടെ നാടൻ ഇനങ്ങൾ സംരക്ഷിക്കുന്നതിനായി മൂന്ന് കാർഷിക ജൈവവൈവിധ്യ പരീക്ഷണ പാടങ്ങൾ സ്ഥാപിച്ചു.
- ഇടുക്കിയിലെ മൂന്നാർ, മറയൂർ, കാന്തല്ലൂർ, ദേവികുളം എന്നീ നാല്ല ഗ്രാമഞ്ചായത്തുകളിൽ 2892 കുടുംബങ്ങൾ ഗുണഭോക്താക്കളായി പുരയിടം അടിസ്ഥാനമാക്കിയുള്ള ഔഷധ തോട്ടങ്ങൾ സ്ഥാപിച്ചു. മറയൂർ ഗ്രാമപഞ്ചായത്തിനെ ഔഷധ തോട്ടമായി പ്രഖ്യാപിച്ചു.
- മറയൂരിൽ സുസ്ഥിര കരിമ്പ് വിള കൃഷി സംരഭത്തിനുള്ള രീതിശാസ്ത്രം (പ്രവർത്തന സമ്പ്രദായം) നടപ്പാക്കി. 20 ചെറുകിട സംരംഭങ്ങളിലായി 16.75 ഏക്കർ സ്ഥലത്ത് പരീക്ഷണങ്ങളും മാതൃകകളും കാണിച്ചു വിശദീകരിക്കാനുള്ള പാടങ്ങൾ സ്ഥാപിച്ചു. ഇതിലൂടെ കാർഷിക ചെലവ് 20 ശതമാനം കുറയ്ക്കാനും എന്നാൽ ഉല്പാദനം 25 ശതമാനം വർദ്ധിപ്പിക്കാനും കഴിഞ്ഞു. കേരളത്തിൽ ആദ്യമായി ഒരു കരിമ്പ് (SSI) നഴ്സറി സ്ഥാപിച്ചു. കരിമ്പ് കർഷകർക്ക് നല്ല കൃഷിരീതികൾ പരിചയപ്പെടുത്തുന്ന



തിന് ഫീൽഡ്തല പരിശീലനം നൽകി.

- കൂടുതൽ വിളവ് നൽകുന്ന ഇനം ഇഞ്ചിപ്പുല്ല് പ്രോത്സാഹിപ്പിക്കുന്നതിനായി 210 കുടുംബങ്ങളെ തെരഞ്ഞെടുത്തു. ഇഞ്ചിപ്പുല്ല് വാറ്റി പുൽതൈലം ഉൽപാദിപ്പിക്കുന്നതിന് ഇന്ധനമായി വിറകിന്റെ ഉപയോഗം കുറയ്ക്കുന്നതിന് മറയൂരിൽ ജനപങ്കാളിത്തത്തോടെ ഡിസ്റ്റിലേഷൻ യൂണിറ്റുകൾ സ്ഥാപിച്ചു.
- ജല ആവാസ വ്യവസ്ഥയ്ക്ക് വിദേശീയ ഇനം മത്സ്യങ്ങളിൽ നിന്നുള്ള ഭീഷണി നേരിടാൻ നാടൻ മത്സ്യങ്ങളുടെ വ്യാപനത്തിന് പ്രോത്സാഹനം നൽകി. ഇതിന്റെ ഭാഗമായി കുട്ടമ്പുഴയിൽ തദ്ദേശീയ ഉൾനാടൻ മത്സ്യ ഇനമായ ഒലിവ് ബാർബിന്റെ (Sysomus Sarana) 3500 മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ചു. ഈ ഇനത്തിന്റെ പ്രജനനത്തിനായി 'ക്യാപ്റ്റിവ് ബ്രീഡിംഗ്' സാങ്കേതിക വിദ്യ വികസിപ്പിച്ചെടുത്തു.
- ജൈവവൈവിധ്യ സംരക്ഷണവും സുസ്ഥിര ഉപജീവനമാർഗവും മുൻനിർത്തി സാമൂഹിക സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സ്റ്റാർട്ടപ്പ് മിഷന്റെ (കെ.എസ്.യു.എം) പങ്കാളിത്തത്തോടെ ഗ്രീൻ ഇന്നവേഷൻ ഫണ്ടിന്റെ ഭാഗമായി 11 സ്റ്റാർട്ടപ്പുകളെ തിരഞ്ഞെടുത്തു. സുസ്ഥിര കൃഷി, മാലിന്യ സംസ്കരണം,ബദൽ സാമഗ്രികൾ, ജലം, വന്യജീവി പരിപാലനം എന്നീ മേഖലകളിലെ വെല്ലുവിളികളെ ഈ സ്റ്റാർട്ടപ്പുകൾ അഭിമുഖീകരിക്കും.
- മറയൂരിലെ ഏറ്റവും പഴക്കമേറിയ ഇടത്തരം ആദിവാസി ചന്തകളിൽ ഒന്നായ ചില്ല മാർക്കറ്റിൽ ഓട്ടോമേറ്റഡ് ലേല സംവിധാനം നടപ്പാക്കി.
- പശ്ചിമഘട്ടത്തിലെ ഓർക്കിഡുകളുടെ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനും ആദിവാസി സമൂഹങ്ങളുടെ ഉപജീവനമാർഗം മെച്ചപ്പെടുത്തുന്നതിനും ലക്ഷ്യമിട്ട് ഇരവികുളം ദേശീയ ഉദ്യാനത്തിന് സമീപം ഓർക്കിഡേറിയവും ഓർക്കിഡ് ഇന്റർപ്രറ്റേഷൻ സെന്ററും സ്ഥാപിച്ചു. ഓർക്കിഡുകളുടെ നിലവിലുള്ള വൈവിധ്യത്തിന്റെ പ്രമാണരേഖ (ഡോക്യുമെന്റേഷൻ) സെന്ററും സ്ഥാപിച്ചു. ഓർക്കിഡുകളുടെ നിലവിലുള്ള വൈവിധ്യത്തിന്റെ പ്രമാണരേഖ (ഡോക്യുമെന്റേഷൻ) തയ്യാറാക്കി നടത്തിയ പഠനത്തിന്റെ (ടാക്സോണമിക് ഇൻവെന്ററി) അടിസ്ഥാനത്തിൽ 55 ഇനം ഓർക്കിഡുകളെ തിരിച്ചറിഞ്ഞിട്ടുണ്ട്. അതിൽ 14 എണ്ണം പശ്ചിമഘട്ടത്തിലേക്ക് (ഉയർന്ന പ്രദേശങ്ങളിൽ) പരിമിതപ്പെടുത്തിയിരിക്കുന്നു.

## മാലിന്യ സംസ്കരണവും ജല സംരക്ഷണവും

- UNDP പദ്ധതിയിലൂടെ 8 പഞ്ചായത്തുകളിൽ (മാങ്കുളം, ചിന്നക്കനാൽ, മറയൂർ,കാന്തല്ലൂർ, ആതിരപ്പിള്ളി, കുട്ടമ്പുഴ, മൂന്നാർ) വികേന്ദ്രീകൃത മാലിന്യസംസ്കരണ സംവിധാനങ്ങൾ സ്ഥാപിച്ചു. മാലിന്യ ശേഖരണത്തിനും തരംതിരിക്കലിനുമായി കുടുംബശ്രീ ഹരിത കർമ്മ സേന സ്വയംസഹായ സംഘത്തിന്റെ രൂപീകരണവും ഇതിൽ ഉൾപ്പെടുന്നു. 146 സ്ത്രീകൾ ഹരിതകർമ്മ സേനയിൽ അംഗങ്ങളായുണ്ട്. ഇതിൽ 7 പഞ്ചായത്തുകൾ ശുചിത്വ പദവി നേടി.
- UNDP-IHRM പദ്ധതിയുടെ ഭാഗമായി ക്ലീൻ കേരള കമ്പനിയുടെ പിന്തുണയോടെ കല്ലാറിൽ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി യൂണിറ്റ് സ്ഥാപിച്ചു. ഒരു ബെയിലിംഗ് മെഷീൻ, ഒരു ഡസ്റ്റ് റിമൂവർ, ഒരു കൺവയർ ബെൽറ്റ്, വെയിംഗ് മെഷീൻ എന്നീ യന്ത്രസാമഗ്രികൾ സ്ഥാപിച്ചു. ഇവ പ്രവർത്തിപ്പി



ക്കാൻ പരിശീലനവും നൽകി. വേർതിരിക്കപ്പെട്ട പ്ലാസ്റ്റിക്കുകൾ തരംതിരിക്കാൻ മൂന്ന് ജീവനക്കാരെയും യന്ത്രസാമഗ്രികളുടെ പ്രവർത്തനത്തിന് 2 ജീവനക്കാരെയും സഹായികളായി രണ്ട് ജീവനക്കാരെയും നിയോഗിച്ചിട്ടുണ്ട്. 2021 ഡിസംബറിൽ യൂണിറ്റ് പ്രവർത്തനമാരംഭിച്ചു. മൂന്നാറിൽ ഇതാദ്യമായാണ് പ്ലാസ്റ്റിക് മാലിന്യങ്ങൾ വേർതിരിച്ച് യന്ത്രസാമഗ്രികൾ വഴി ക്രമീകരിച്ച് വിൽക്കുന്നത്.

## നല്ലതണ്ണിപുഴയുടെ പുനരുജ്ജീവനം

മൂന്നാർ ടൗണിലൂടെ ഒഴുകുന്ന ഒരു പ്രധാന നദിയാണ് നല്ല തണ്ണി. കൊതുകിനെ അകറ്റുന്ന സസ്യങ്ങളും നിരവധി മത്സ്യങ്ങളും ഉൾപ്പെടെ സമൃദ്ധമായ ജൈവവൈവിധ്യങ്ങളുണ്ടായിരുന്ന 'നല്ല തണ്ണി' (നല്ല വെള്ളം) എന്ന അന്വർത്ഥമാക്കിയിരുന്ന ഈ പ്രാചീന നദി നിലവിൽ മലിനമായിരിക്കുന്നു. പദ്ധതി മുഖേന, നല്ലതണ്ണി നദിയുടെ പുനരുജ്ജീവനത്തിനായുള്ള സർവേയും വിശദമായ പദ്ധതി രേഖയും മലിനജലത്തിന്റെ ഒഴുക്കും ഗുണനിലവാര വിലയിരുത്തലും നടത്തി. വിശദമായ പദ്ധതി റിപ്പോർട്ട് ഗ്രാമപഞ്ചായത്തും ജില്ലാ ഭരണകൂടവുമായി കൂടിയാലോചനയിലൂടെ പങ്കിട്ടു.

## സുസ്ഥിര ടൂറിസം സംരഭങ്ങൾ

- മാങ്കുളം, കുട്ടമ്പുഴ പഞ്ചായത്തുകളിൽ കമ്മ്യൂണിറ്റി ടൂറിസം സംരംഭം കുറിച്ചു.
- 110 സേവന ദാതാക്കൾക്ക് ശേഷിവികസനവും പിന്തുണ സഹായവും നൽകുകയും വിനോദസഞ്ചാര അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പാക്കേജുകൾ വികസിപ്പിച്ചെടുക്കുകയും ചെയ്തു. മാങ്കുളത്തും കുട്ടമ്പുഴയിലും ടൂറിസം വെബ്സൈറ്റുകൾ ആരംഭിച്ചു.
- മൂന്നാർ ടൂറിസം കേന്ദ്രങ്ങളിലെ 8 ഗ്രാമ പഞ്ചായത്തുകൾക്കും 54 താമസ യൂണിറ്റുകൾക്കും ഉത്തരവാദിത്ത ടൂറിസത്തെക്കുറിച്ചുള്ള പരിശീലനം നൽകി.
- മൂന്നാറിനെയും, ആതിരപ്പിള്ളിയെയും മാലിന്യ മുക്തവും ഹരിത വിനോദ സഞ്ചാര കേന്ദ്രങ്ങളുമാക്കുന്നതിനുള്ള ഒരു ഗ്രീൻ കോറിഡോർ (ഹരിത ഇട നാഴി) ക്യാമ്പയിൻ ആരംഭിച്ചു. പദ്ധതിക്ക് കീഴിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ സാങ്കേതികവും അടിസ്ഥാന സൗകര്യങ്ങളും നൽകി വരുന്നു.
- ഇടം-ടൂറിസം ഫെസിലിറ്റി സെന്റർ ഉദ്ഘാടനം ചെയ്തു കൊണ്ടാണ് അതിരപ്പിള്ളി ഹരിത ഇടനാഴിക്ക് തുടക്കം കുറിച്ചത്.

## ശേഷി വികസനം

- ഗ്രാമ പഞ്ചായത്തുകളിലെ വാർഷിക പദ്ധതികളിൽ ഹരിത ഘടകങ്ങൾ ഉൾപ്പെടുത്തുന്നതിനായി 11 ഗ്രാമ പഞ്ചായത്ത് ഉദ്യോഗസ്ഥരുമായും പ്രതിനിധികളുമായും കൈകോർത്തു പ്രവർത്തിച്ചു.
- മറയൂരിലെയും കാന്തല്ലൂരിലെയും 5 ആദിവാസി വിദ്യാർത്ഥികളെ ബാംഗ്ലൂരിലെ വുഡ് സയൻസ് ആന്റ് ടെക്നോളജിയിലേക്ക് അഡ്വാൻസ്ഡ് വുഡ് വർക്കിംഗിൽ ഒരു വർഷത്തെ ഡിപ്ലോമ കോഴ്സിന് പദ്ധതി സ്പോൺസർ ചെയ്തു. ഈ വിദ്യാർത്ഥികൾക്ക് ഇതേ വ്യവസായത്തിൽ ഉദ്യോഗനിയമനവും ലഭിച്ചു.
- സി-ഡിറ്റുമായി സഹകരിച്ച് ജൈവ വൈവിധ്യ സംരക്ഷണം വിഷയമാക്കിയുള്ള സർട്ടിഫൈഡ് വിഷ്വൽ മീഡിയ കോഴ്സിനായി ലാൻഡ് സ്കേപ്പിലെ 22 എസ്.സി.-എസ്.ടി. യുവാക്കളെ പദ്ധതി സ്പോൺസർ ചെയ്തു.

## പരിസ്ഥിതി പുനസ്ഥാപനവും ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തലും

- സംരക്ഷിത പ്രദേശങ്ങൾക്കകത്തും പുറത്തും നശിച്ചു പോയ വന പ്രദേശങ്ങളിലെ 118 ഹെക്ടർ പ്രദേശത്തെ

ആവാസ വ്യവസ്ഥ പുനസ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. ഷോല, പുൽമേട്ടകൾ എന്നിവ ഈ പ്രദേശങ്ങളിൽ തിരികെ കൊണ്ടു വരുന്നു.

- ആവാസ വ്യവസ്ഥ പുനസ്ഥാപിക്കുന്നതിനായി, ഷോലയുടെ നഴ്സറികൾ, ഉയർന്ന ഉയരത്തിൽ പുൽമേട്ടകൾ (IUCN റെഡ് ലിസ്റ്റഡ് സ്പീഷീസ് ഉൾപ്പെടെ ) ചന്ദന ഇനങ്ങൾ, കുറിഞ്ഞി ഇനങ്ങൾ, നദിതീര ഇനങ്ങൾ എന്നിവ സ്ഥാപിച്ചു.
- കുറിഞ്ഞിമല വന്യജീവി സങ്കേതത്തിലെ പുനരുദ്ധാരണ സ്ഥലങ്ങളിൽ കുറിഞ്ഞി ഇനത്തിൽപ്പെട്ട (Strobilanthes Kunthiana) ഒരു ലക്ഷം തൈകൾ നട്ടു പിടിപ്പിച്ചു.
- തട്ടേക്കാട് പക്ഷി സങ്കേതത്തിലെ 14 ജല നീർത്തട ഭാഗങ്ങളിലെ ഏഴ് എണ്ണത്തിലുണ്ടായിരുന്ന അക്രമണകാരികളായ വിഭിന്ന ജിവികളെ (Cabomba Caroliniana, Limnophila heterophylla, Salvinia species) നീക്കം ചെയ്തു. ഏകദേശം 3.5 ടണ്ണോളമാണ് ഇത് നീക്കം ചെയ്തത്. ജല ദേശാടന പക്ഷികളുടെ മെച്ചപ്പെട്ട ആവാസ വ്യവസ്ഥയ്ക്ക് ഈ നടപടി വഴിയൊരുക്കി.
- അടിമാലിയിലെ ദേവിയാർ നദിയുടെ തീരത്ത് 2.5 കി.മീ. നീളത്തിൽ ഈറ്റ (കാട്ടു ചൂരൽ) നട്ടു പിടിപ്പിച്ച് നദീതീര സംരക്ഷണം സാധ്യമാക്കി.
- മൂന്നാർ, മറയൂർ കാന്തല്ലൂർ, ചിന്നക്കനാൽ,മാങ്കുളം, അടിമാലി, കുട്ടമ്പുഴ, അതിരപ്പിള്ളി എന്നീ എട്ട് പഞ്ചായത്തുകളിലായി 13 പ്ലോട്ടുകളിൽ ജൈവവൈവിധ്യ പാർക്കുകൾ സ്ഥാപിച്ചു. ഔഷധ സസ്യ ഇനങ്ങളും നാടൻ ഫലവൃക്ഷങ്ങളും ഉൾപ്പെടെ ഏകദേശം 2445 തൈകൾ സംഭരിക്കുകയും പ്രാദേശിക വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട 12 സ്ഥലങ്ങളിൽ അവ നട്ടു പിടിപ്പിക്കുകയും ചെയ്തു. ഹരിതകേരളം മിഷന്റെ പച്ചത്തുരുത്ത് പദ്ധതിയുമായി ചേർന്നാണ് ഇത് നടപ്പിലാക്കിയത്.
- സ്പേഷ്യൽ മാപ്പിംഗിനും വിശകലനത്തിനുമായി മൂന്ന് ഫോറസ്റ്റ് ഡിവിഷനുകളുമായി ചേർന്ന് ജി.ഐ.എസ്.(ഏകട) സെല്ലുകൾ സ്ഥാപിച്ചു. കാട്ടുതീ നിയന്ത്രണ പദ്ധതികളും ആവാസ വ്യവസ്ഥ പുനസ്ഥാപിക്കൽ പദ്ധതികളും തയ്യാറാക്കാൻ ഇതു സഹായകമായി.

**സുസ്ഥിര വികസന സൂചികയിലും ദാരിദ്ര്യ നിർമ്മാർജന രംഗത്തും ആരോഗ്യ സൂചികയിലുമെല്ലാം കേരളം രാജ്യത്ത് ഒന്നാമതാണ്. പ്രകൃതി വികസന സൂചികയിലും മനുഷ്യവികസന സൂചികയിലും ഒന്നാമതെത്താൻ സംസ്ഥാനത്തിനു കഴിയും.**

- കേരളത്തിലെ വിവിധ ഇനം വേഴാമ്പലുകളെക്കുറിച്ചുള്ള കൈപുസ്തകം തയ്യാറാക്കി. വേഴാമ്പലുകളുടെ ആവാസ വ്യവസ്ഥയുടെ ആവശ്യകതയെ അധികരിച്ചാണ് കൈപുസ്തകം തയ്യാറാക്കിയത്. നാലിനം വേഴാമ്പലുകൾക്ക് സംരക്ഷണം ആവശ്യമാണെന്ന ശുപാർശയും കൈപുസ്തകം നൽകുന്നുണ്ട്.

## അനുഭവ വിജ്ഞാന വ്യാപന ശിൽപ്പശാല

ഇന്ത്യ ഹൈറേഞ്ച് മൗണ്ടൻ ലാന്റ് സ്കേപ് പദ്ധതിയെ അടിസ്ഥാനമാക്കി തിരുവനന്തപുരത്ത് കോവളം വെള്ളാർ ക്രാഫ്റ്റ് വില്ലേജിൽ രണ്ട് ദിവസത്തെ അനുഭവ വിജ്ഞാന വ്യാപന ശില്പശാല സംഘടിപ്പിച്ചു. പദ്ധതി നടത്തിപ്പിലൂടെയുണ്ടായ നേട്ടങ്ങൾ, അവലംബിച്ച രീതി ശാസ്ത്രം എന്നിവ അടിസ്ഥാനപ്പെടുത്തിയാണ് വിവര വിജ്ഞാന വിനിമയ ശില്പശാല സംഘടിപ്പിച്ചത്.പദ്ധതിയുടെ ലക്ഷ്യങ്ങൾ കൈവരിച്ചതിന്റേയും ഇതുവരെയുള്ള പ്രവർത്തന നേട്ടങ്ങളുടേയും അടിസ്ഥാനത്തിൽ സമഗ്രമായൊരു പ്രദർശനവും ഇതോടൊപ്പം സംഘടിപ്പിക്കുകയുണ്ടായി.

ചീഫ് സെക്രട്ടറി ഡോ. വി.പി. ജോയ് ശിൽപ്പശാല ഉദ്ഘാടനം ചെയ്തു. വിജയകരമായി നടപ്പാക്കുന്ന ഇന്ത്യ ഹൈറേഞ്ച് മൗണ്ടൻ ലാൻഡ്സ്കേപ്പ് പദ്ധതിയുടെ ഫലങ്ങൾ വിലയിരുത്തുകയും ആശയങ്ങൾ ക്രോഡീകരിച്ച് തുടർ ആസൂത്രണ-നയ രൂപീകരണ പ്രവർത്തനങ്ങൾ സജ്ജമാക്കാൻ ലക്ഷ്യമിട്ടായിരുന്നു ശിൽപ്പശാല..

പ്രകൃതി സംരക്ഷണത്തിലൂന്നിയുള്ള സുസ്ഥിര വികസന പ്രക്രിയ സാധ്യമാക്കി നടപ്പാക്കിയ പദ്ധതി ഈ മേഖലയിൽ കേരളത്തിന്റെ തുടർ പ്രവർത്തനങ്ങളുടെ വിത്താണെന്നു ശിൽപ്പശാല ഉദ്ഘാടനം ചെയ്ത ചീഫ് സെക്രട്ടറി പറഞ്ഞു. സ്റ്റാർട്ടപ്പുകൾ, നൂതന ആശയങ്ങൾ, പ്രകൃതി സംരക്ഷണം തുടങ്ങിയവ ഇഴചേർത്തു നടപ്പാക്കിയ പദ്ധതി മറ്റു മേഖലകളിലും വിജയകരമായി നടപ്പാക്കാൻ കഴിയും. സുസ്ഥിര വികസന സൂചികയിലും ദാരിദ്ര്യ നിർമ്മാർജന രംഗത്തും ആരോഗ്യ സൂചികയിലുമെല്ലാം കേരളം രാജ്യത്ത് ഒന്നാമതാണ്. പ്രകൃതി വികസന സൂചികയിലും മനുഷ്യവികസന സൂചികയിലും ഒന്നാമതെത്താൻ സംസ്ഥാനത്തിനു കഴിയും. ഇത്തരം പദ്ധതികൾ ഇതിനു സാഹായകരമാകും.

ഐ.എച്ച്.ആർ.എം.എൽ. പദ്ധതിയിലൂടെ പുതിയ നിരവധി സ്റ്റാർട്ട്അപ്പ് ആശയങ്ങൾ യാഥാർഥ്യമാക്കപ്പെട്ടിട്ടുണ്ട്. ഐടി മേഖലയെ മാത്രം മുന്നിൽക്കണ്ടുള്ള സ്റ്റാർട്ട്അപ്പ് വികസനമായിരുന്നു ഇതുവരെ സംസ്ഥാനത്തുണ്ടായിരുന്നത്. ഇതു മറ്റു മേഖലകളിലേക്കും വ്യാപിപ്പിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഏതു മേഖലയിലും സ്റ്റാർട്ട്അപ്പ് തുടങ്ങുന്നതിന് ആനുകൂല്യങ്ങൾ ലഭ്യമാക്കുകയാണ് ഈ തീരുമാനത്തിന്റെ ലക്ഷ്യമെന്നും ഇതു സംബന്ധിച്ച തീരുമാനം ഉടനുണ്ടാകുമെന്നും ചീഫ്സെക്രട്ടറി പറഞ്ഞു.

ഇന്ത്യ ഹൈറേഞ്ച് മൗണ്ടൻ ലാൻഡ്സ്കേപ്പ് പദ്ധതിയുടെ ഭാഗമായി നടപ്പാക്കിയ പദ്ധതികൾ സംസ്ഥാനത്തിന്റെ ഭാവി വികസന പദ്ധതികളിൽ അനുകരണീയ മാതൃകയാണെന്നു ചടങ്ങിൽ അധ്യക്ഷത വഹിച്ച നവകേരളം കർമപദ്ധതി കോ-ഓർഡിനേറ്റർ ഡോ. ടി.എൻ. സീമ പറഞ്ഞു. യു.എൻ.ഡി.പി. ഇന്ത്യ റെസിഡന്റ് പ്രതിനിധി ഷോക്കോ നോഡ മുഖ്യ പ്രഭാഷണം നടത്തി. പദ്ധതിയുമായി ബന്ധപ്പെട്ട തയാറാക്കിയ കൈപ്പുസ്തകം കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ ഡയറക്ടർ ഡോ. ജോയ് ഇളമൺ ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജിജി കെ. ഫിലിപ്പിനു നൽകി പ്രകാശനം ചെയ്തു. □

*(ലേഖകൻ ഹരിതകേരളം മിഷൻ പബ്ലിക് റിലേഷൻസ് ഓഫീസറാണ്)*




# ഗ്ലോബൽ ജെൻഡർ ഗ്യാപ്പ് റിപ്പോർട്ട് 2022
## അന്തരം കൂടുന്ന ഇന്ത്യയും കുറയുന്ന കേരളവും

■ ഹുസൈൻ എം. മിന്നത്ത്

ലിംഗസമത്വം, സ്ത്രീകളുടെയും പെൺകുട്ടികളുടെയും സമഗ്ര വികസനവും ശാക്തീകരണവും സാധ്യമാക്കുക എന്നത് ഐക്യരാഷ്ട്രസഭ മുന്നോട്ട് വെക്കുന്ന സുസ്ഥിര വികസനലക്ഷ്യങ്ങളിൽ (Sustainable Development Goals) ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ്. 2030 ഓട് കൂടി ഈ ലക്ഷ്യങ്ങൾ നേടി എടുക്കാൻ ആഗോളതലത്തിൽ വലിയ ഇടപെടലുകൾ നടന്ന് വരുന്ന സാഹചര്യത്തിൽ പുറത്തിറങ്ങിയ ഗ്ലോബൽ ജെൻഡർ ഗ്യാപ്പ് റിപ്പോർട്ട് - 2022 ന് ഏറെ പ്രാധാന്യം ഉണ്ടെന്ന് കാണാവുന്നതാണ്. ലിംഗസമത്വം കൈവരിക്കുക എന്ന സുസ്ഥിര വികസന ലക്ഷ്യത്തിന് ദേശീയ തലത്തിൽ 28 സൂചകങ്ങൾ ആണ് നാം ക്രമീകരിച്ചിരിക്കുന്നത്. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള എല്ലാ വിവേചനങ്ങളും, അതിക്രമങ്ങളും ഇല്ലാതാക്കുക, ശൈശവ വിവാഹം ഇല്ലാതാക്കുക, ഗാർഹിക ജോലിയുടെ മൂല്യം മനസ്സിലാക്കുക, വനിതകൾക്ക് തുല്യമായ അവസരം, ലൈംഗിക ആരോഗ്യവും, പ്രത്യുൽപാദന അവകാശവും ഉറപ്പാക്കുക, സാമ്പത്തിക വിഭവങ്ങളിൽ തുല്യമായ അവകാശം എന്നിവ ഈ സൂചികകളിൽ ചിലതാണ്. സ്ത്രീകളോടുള്ള വിവേചനം അവസാനിപ്പിക്കുക എന്നത് കേവലം ഒരു മനുഷ്യാവകാശ പ്രശ്നം എന്നതിനും അപ്പുറം ഏതൊരു രാജ്യത്തിന്റെയും സുസ്ഥിര വികസനത്തിനുള്ള അനിവാര്യ ഘടകം കൂടിയാണ്. സ്ത്രീ-പുരുഷ സമത്വവും അവർക്കിടയിലെ അന്തരം കുറക്കുന്നതിനും ലിംഗ സമത്വത്തിനും വനിതാ ശാക്തീകരണത്തിനും വേണ്ടി ഒട്ടനവധി പ്രവർത്തനങ്ങൾ ആഗോള തലത്തിൽ കഴിഞ്ഞ കുറേ വർഷങ്ങളായി ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. ഏറെ രാജ്യങ്ങളിൽ ആശാവഹമായ നേട്ടങ്ങളും ഉണ്ടായിട്ടുണ്ട്. ദേശീയ വരുമാനത്തിലെയും പ്രതിശീർഷ വരുമാനത്തിലെയും വളർച്ചക്കപ്പുറം ലിംഗ സമത്വവും ഒരു രാജ്യത്തിന്റെ വളർച്ചയുടെയും വികസനത്തിന്റെയും അളവുകോലുകൾ തന്നെയാണെന്ന് ആഗോള സമൂഹം അംഗീകരിച്ച് കഴിഞ്ഞിട്ടുണ്ട്. 2022 ജൂലൈ യിൽ ലോക സാമ്പത്തിക ഫോറം പുറത്തിറക്കിയ ഗ്ലോബൽ ജെൻഡർ ഗ്യാപ്പ് റിപ്പോർട്ട് ഇന്ത്യയിലെ വർദ്ധിച്ച് വരുന്ന ലിംഗ പദവി അസമത്വത്തിന്റെ വ്യക്തമായ ചിത്രമാണ് വരച്ച് കാണിക്കുന്നത്.

### ഗ്ലോബൽ ജെൻഡർ ഗ്യാപ്പ് ഇൻഡക്സ് - 2022

ഓരോ രാജ്യങ്ങളിലെയും നിലവിലെ വിഭവങ്ങളിലും അവസരങ്ങളിലും സ്ത്രീകളുടെ പങ്കാളിത്തവും രാജ്യത്തെ സ്ത്രീകളുടെ ആരോഗ്യം, വിദ്യാഭ്യാസം രാഷ്ട്രീയമായ

ശാക്തീകരണം എന്നിവയെല്ലാം വിശദമായി വിലയിരുത്തുക എന്ന ലക്ഷ്യത്തോടെയാണ് വേൾഡ് ഇക്കണോമിക്സ് ഫോറം 2006 മുതൽ ജെൻഡർ ഗ്യാപ് ഇൻഡക്സിന്റെ അടിസ്ഥാനത്തിൽ ആഗോളതലത്തിൽ റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ച് തുടങ്ങുന്നത്. സാമ്പത്തിക പങ്കാളിത്തവും അവസരങ്ങളും, വിദ്യാഭ്യാസ നിലവാരം, ആരോഗ്യവും അതിജീവനവും, രാഷ്ട്രീയ ശാക്തീകരണം തുടങ്ങി നാല് പ്രധാന സൂചികകളും അതിന് കീഴിൽ പതിനാല് ഉപ സൂചികകളും ജെൻഡർ ഗ്യാപ്പ് ഇൻഡക്സ് അളക്കുന്നതിനായി വേൾഡ് ഇക്കണോമിക്സ് ഫോറം രൂപകൽപന ചെയ്തിട്ടുണ്ട്. ഓരോ സൂചികകൾക്കും ഉപ സൂചികകൾക്കും ലഭിക്കുന്ന സ്കോറിന്റെ അടിസ്ഥാനത്തിലാണ് രാജ്യത്തിന്റെ റാങ്ക് നിശ്ചയിക്കുന്നത്.

## ഇന്ത്യയും ജെൻഡർ ഗ്യാപ്പും

2022 ലെ റിപ്പോർട്ട് പരിശോധിച്ചാൽ 146 രാജ്യങ്ങളെയാണ് റാങ്ക് ചെയ്തിരിക്കുന്നത്. ഐസ് ലാന്റ് ഫിൻലാന്റ്, നോർവേ, ന്യൂസ് ലാന്റ്, സ്വീഡൻ എന്നീ രാജ്യങ്ങൾ ആദ്യ അഞ്ച് സ്ഥാനങ്ങളിൽ നിൽക്കുന്നു. ഇന്ത്യയുടെ സ്ഥാനം 135 ആണ്. ചാഡ്, ഇറാൻ, കോംഗോ, പാകിസ്ഥാൻ, അഫ്ഗാനിസ്ഥാൻ എന്നീ രാജ്യങ്ങളാണ് അവസാന അഞ്ച് സ്ഥാനങ്ങളിൽ ഉള്ളത്. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യക്ക് റിപ്പോർട്ട് പ്രകാരം ഇല്ലാതാക്കാൻ സാധിച്ചത് 62.9% ജെൻഡർ ഗ്യാപ്പ് മാത്രമാണ്. സൗത്ത് ഏഷ്യൻ രാജ്യങ്ങളുടെ പ്രകടനം വിലയിരുത്തിയാൽ ഏറ്റവും മുന്നിൽ നിൽക്കുന്ന രാജ്യങ്ങൾ ബംഗ്ലാദേശും നേപ്പാളും ആണെന്ന് കാണാം. ബംഗ്ലാദേശ് 71 മതും നേപ്പാൾ 96 മതുമാണ് റാങ്കിംഗിൽ. റിപ്പോർട്ട് പ്രകാരം 43.5 % വിടവ് മാത്രം ഇല്ലാതാക്കി ഏറ്റവും അവസാന സ്ഥാനത്ത് നിൽക്കുന്ന രാജ്യം അഫ്ഗാനിസ്ഥാൻ ആണ് . സൗത്ത് ഏഷ്യൻ രാജ്യങ്ങളുടെ റാങ്കും സ്കോറും പരിശോധിച്ചാൽ ബംഗ്ലാദേശിനെ കൂടാതെ നേപ്പാൾ, ഭൂട്ടാൻ, ശ്രീലങ്ക, മാലിദ്വീപ്, ഭൂട്ടാൻ തുടങ്ങിയ രാജ്യങ്ങൾ എല്ലാം റാങ്കിംഗിൽ ഇന്ത്യക്ക് മുകളിലാണ്. ഇറാൻ, പാകിസ്ഥാൻ, അഫ്ഗാനിസ്ഥാൻ എന്നീ രാജ്യങ്ങൾ മാത്രമാണ് ഇന്ത്യക്ക് താഴെ ഉള്ള സൗത്ത് ഏഷ്യൻ രാജ്യങ്ങൾ എന്നത് ഇതോടൊപ്പം കൂട്ടി വായിക്കേണ്ട വസ്തുതയാണ്. ഓരോ സൂചികയ്ക്കും ഉപ സൂചികയ്ക്കും ലഭിച്ചിട്ടുള്ള സ്കോറും ആഗോള തലത്തിൽ ഇന്ത്യക്ക് ലഭിച്ചിട്ടുള്ള റാങ്കും മുകളിൽ പട്ടികയിൽ കൊടുത്തിരിക്കുന്നു.

പട്ടിക 1


**ഗ്ലോബൽ ജെൻഡർ ഗ്യാപ്പ് ഇൻഡക്സ് 2022**
**വിവിധ സൂചികകളിൽ ഇന്ത്യയുടെ റാങ്കും സ്കോർ മൂല്യവും**

| ക്രമ നം. | പ്രധാന സൂചികകൾ (4 എണ്ണം)/ ഉപ സൂചികകൾ (14 എണ്ണം) | ഇന്ത്യയുടെ റാങ്ക് | സ്കോർ മൂല്യം |
|---|---|---|---|
| I | സാമ്പത്തിക പങ്കാളിത്തവും അവസരവും | 143 | .350 |
| i. | തൊഴിൽ പങ്കാളിത്ത നിരക്ക് | 140 | .274 |
| ii. | ഒരേ ജോലിയിലെ വേതന തുല്യത | 122 | .506 |
| iii. | സമ്പാദിക്കുന്ന വരുമാനം | 140 | .215 |
| iv. | ഉയർന്ന ജോലികളിൽ ഉള്ള പങ്കാളിത്തം | 123 | .214 |
| v. | പ്രൊഫഷണൽ/ സാങ്കേതിക വിദഗ്ധകർ | 118 | .490 |
| II | വിദ്യാഭ്യാസ നിലവാരം | 107 | .961 |
| vi | സാക്ഷരതാ നിരക്ക് | 121 | .799 |
| vii | പ്രാഥമിക വിദ്യാഭ്യാസത്തിലെ പ്രവേശനം | 1 | 1.00 |
| viii | സെക്കന്ററി വിദ്യാഭ്യാസത്തിലെ പ്രവേശനം | 79 | .995 |
| ix | തൃതീയ വിദ്യാഭ്യാസത്തിലെ പ്രവേശനം | 1 | 1.00 |
| III | ആരോഗ്യവും അതിജീവനവും | 146 | .937 |
| x | സ്ത്രീ-പുരുഷ അനുപാതം | 142 | .908 |
| xi | ആരോഗ്യവും ആയുർദൈർഘ്യവും | 137 | 1.002 |
| IV | രാഷ്ട്രീയ ശാക്തീകരണം | 48 | .267 |
| xii | പാർലമെന്റിലെ സ്ത്രീ പങ്കാളിത്തം | 118 | .175 |
| xiii | മന്ത്രിമാരിലെ സ്ത്രീ പങ്കാളിത്തം | 126 | .100 |
| xiv | രാഷ്ട്ര തലവൻമാർ സ്ത്രീ/പുരുഷൻ ആയ കാലയളവ് | 8 | .43 |

## ഇന്ത്യയിലെ സ്ത്രീ പുരുഷ അന്തരം

2016 ൽ പ്രസിദ്ധീകരിച്ച ജെൻഡർ ഗ്യാപ്പ് റിപ്പോർട്ട് പരിശോധിച്ചാൽ ആഗോള തലത്തിൽ ഇന്ത്യയുടെ സ്ഥാനം 87 ആയിരുന്നു. 2017 ലും 2018 ലും റാങ്ക് 108 ആയിരുന്നെങ്കിലും തുടർ വർഷങ്ങളിലെ റിപ്പോർട്ടുകൾ പരിശോധിച്ചാൽ ഇന്ത്യ താഴോട്ട് താഴോട്ട് പോകുന്നതായി കാണാൻ സാധിക്കും. 2021 ൽ റാങ്ക് 140 എത്തുകയുണ്ടായി. 2022 ലെ റിപ്പോർട്ട് പ്രകാരം ലോകത്ത് ഇന്ത്യക്ക് താഴെ 11 രാജ്യങ്ങൾ മാത്രമാണ് ഉള്ളതെന്ന് കാണാം. ലോകത്തെ ഏറ്റവും വലിയ സാമ്പത്തിക ശക്തിയായി ഇന്ത്യ മാറുന്നു എന്ന് പറയുമ്പോഴും സ്ത്രീ പുരുഷ അന്തരം ഗുരുതരമായ രീതിയിൽ വർദ്ധിച്ച് വരുകയാണ്. വികസനത്തിൽ ഏറ്റവും സുപ്രധാനമായൊരു മാനദണ്ഡമാണ് ലിംഗസമത്വവും വനിതാ ശാക്തീകരണവും. 2011 ലെ സെൻസസ് പ്രകാരം ഇന്ത്യയിൽ 58.76 കോടി സ്ത്രീകളാണ് ഉള്ളത്. രാജ്യത്തെ ലിംഗ സമത്വത്തിന്റെ ഒരു നേർചിത്രം തന്നെ ഈ റിപ്പോർട്ടിൽ നിന്നും നമുക്ക് മനസ്സിലാക്കാൻ സാധിക്കും.

സാമ്പത്തിക പങ്കാളിത്തം, വിദ്യാഭ്യാസം, ആരോഗ്യം, ശാക്തീകരണം, തൊഴിൽ തുടങ്ങി ഏതൊരു മേഖല



എടുത്ത് നോക്കിയാലും രാജ്യത്ത് ലിംഗ പദവി അസമത്വം വളരെ വലുതാണ്. തൊഴിൽ പങ്കാളിത്തത്തിലും, വേതന ത്തിലെ തുല്യതയിലും, ആർജ്ജിക്കുന്ന വരുമാനത്തിലും, ഉന്നത ഔദ്യോഗിക പദവിയിലെയും രാഷ്ട്രീയ പദവികളിലെ യും പങ്കാളിത്തം, സ്ത്രീ പുരുഷ അനുപാതം, സ്ത്രീകളുടെ ആരോഗ്യം, ആയുർദൈർഘ്യം, തുടങ്ങിയ സുപ്രധാന സൂചികകളിൽ എല്ലാം തന്നെ ആഗോള സമൂഹവുമായി താരതമ്യം ചെയ്യുമ്പോൾ ഇന്ത്യയിലെ സ്ത്രീകൾ ഏറെ പിന്നിലാണെന്ന് കാണാ വുന്നതാണ്. ജനാധിപത്യത്തിന്റെ ശ്രീകോവിൽ ആയ ഇന്ത്യൻ പാർലമെ ന്റിലെ സ്ത്രീ പങ്കാളിത്തം 14 ശതമാനവും മന്ത്രിമാരിൽ 9ശതമാനം മാത്രമാണ് വനിതകൾ എന്നും ഇതോടൊപ്പം കൂട്ടി വായിക്കുമ്പോൾ രാജ്യത്തെ ലിംഗ പദവി അസമത്വം ഇല്ലായ്മ ചെയ്യണമെ ങ്കിൽ കുറച്ചൊന്നുമല്ല ഏറെ ദൂരം തന്നെ നാം ഇനിയും സഞ്ചരിക്കാനുണ്ട് എന്ന് തന്നെയാണ് സൂചനകൾ നൽകുന്നത്. പഞ്ചവൽസര പദ്ധതികൾ ഇല്ലാതായ തോടെ വനിതകളുടെ പദവിയും ലിംഗ അസമത്വവും ഉയർത്തുന്നതിനുള്ള പദ്ധ തികൾക്കും പരിപാടികൾക്കും രാജ്യ തലത്തിൽ തന്നെ പ്രാധാന്യം കുറഞ്ഞി ട്ടുണ്ട് എന്ന് തന്നെയാണ് ആറ് വർഷം മുമ്പ് 2016 ലെ റിപ്പോർട്ടിലെ ഇന്ത്യയുടെ 87-ാം റാങ്ക് പറയാതെ പറയുന്നത്.

**കേരളത്തിന്റെ വഴികൾ:**

2015ൽ ഐക്യരാഷ്ട്രസഭ മുന്നോട്ട് വെക്കുന്ന പ്രധാന ലക്ഷ്യങ്ങളിൽ ഒന്നായ ലിംഗസമത്വം എന്നത് എത്രയോ മുന്നേ കേരളത്തിന്റെ വികസന അജണ്ടകളിൽ സ്ഥാനം പിടിച്ചിരിക്കുന്നു. 73, 74 ഭരണ ഘടനാ ഭേദഗതിയെ തുടർന്ന് കാൽ നൂറ്റാണ് മുന്നേ തുടക്കം കുറിച്ച വികേന്ദ്രീ കൃത ആസൂത്രണം, അതിന്റെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ട് നടപ്പിലാക്കിയ ഏക സംസ്ഥാനം കേരളമാണ്. സംസ്ഥാന ജനസംഖ്യയുടെ 52% ഉം വനിതകളാണ്. സംസ്ഥാന സർക്കാറിന് പുറമേ വനിത കളുടെ ശാക്തീകരണവും വികസനവും പ്രാദേശിക സർക്കാറുകളുടെ നിർബന്ധിത ചുമതല കൂടിയാണ്. ജെൻഡർ ബഡ്ജറ്റും സംസ്ഥാന ബഡ്ജറ്റിന്റെ ഭാഗമാണ് എന്നതും മറ്റൊരു ശ്രദ്ധേയമായ വസ്തുത തന്നെയാണ്. സംസ്ഥാനത്തെ 1200 ഓളം വരുന്ന പ്രാദേശിക സർക്കാറുകളിൽ 602 ലും നേതൃത്വം വനിതകളുടെ കൈകളിലാണ് എന്നതും കേരളത്തിന്റെ മാത്രം പ്രത്യേകത യാണ്.


> ലിംഗസമത്വം എന്നത് എത്രയോ മുന്നേ കേരളത്തിന്റെ വികസന അജണ്ടകളിൽ സ്ഥാനം പിടിച്ചിരിക്കുന്നു. 73, 74 ഭരണഘടനാ ഭേദഗതിയെ തുടർന്ന് കാൽ നൂറ്റാണ് മുന്നേ തുടക്കം കുറിച്ച വികേന്ദ്രീകൃത ആസൂത്രണം, അതിന്റെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ട് നടപ്പിലാക്കിയ ഏക സംസ്ഥാനം കേരളമാണ്.

കേരളം നടപ്പിലാക്കുന്ന, ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ സ്ത്രീ ശാക്തീകണ പദ്ധതിയായ കുടുംബശ്രീ പ്രതിനിധീകരി ക്കുന്നത് 45 ലക്ഷം വനിതകളെയാണ്. ഈ വനിതാ കൂട്ടായ്മ കൈവെക്കാത്ത മേഖലകളില്ല. ഗ്രാമ, മുൻസിപ്പാലിറ്റി, വാർഡ്ല തലത്തിൽ 3 ലക്ഷത്തിൽ അധികം അയൽക്കൂട്ടങ്ങളാണ് പ്രവർത്തിക്കുന്നത്. അവരുടെ സമ്പാദ്യം ആകട്ടെ 5600 കോടി രൂപയോളം വരും. ഒരു ലക്ഷത്തി അൻപത്തി ഏഴായിരത്തോളം ചെറുകിട സംരംഭകരും 47000 ഓളം സംരംഭങ്ങളും കുടുംബശ്രീക്ക് ഉണ്ട്. 1184 ഓളം ജനകീയ ഹോട്ടലുകൾ, 500 ഓളം സ്വാന്തനം യൂണി റ്റുകൾ, 1872 പ്രവാസി ഭദ്രതാ യൂണിറ്റുകൾ, 27536 ഹരിത കർമ്മ സേന യൂണിറ്റുകൾ, 25713 സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾ, മൂന്നര ലക്ഷത്തോളം കാർഷിക മേഖലയിലെ അംഗങ്ങളും അങ്ങനെ പോകുന്നു വനിതാ മുന്നേറ്റത്തിന്റെ കണക്കുകൾ.

സംസ്ഥാനത്ത് 0-14 വരെ വയസ്സ് പ്രാ യമുള്ള കുട്ടികളിൽ 48.9 % വും പെൺകുട്ടിക ളാണ്. ദേശീയ ശരാശരി ആയ 11% ത്തിൽ നിന്നും വ്യത്യസ്തമായി കേരളത്തിലെ ആകെ കുടുംബങ്ങളിൽ 22% കുടുംബങ്ങൾ നയിക്കു ന്നത് വനിതകളാണ്. സംസ്ഥാനത്തെ LP സ്കൂളുകളിൽ പഠിക്കുന്നവരിൽ 47% ഉം UP, ഹൈസ്കൂളുകളിൽ പഠിക്കുന്ന 48% പെൺ കുട്ടികളാണ്. VHSE ക്കാരിൽ 47 % ഉം ഹയർ സെക്കണ്ടറി വിദ്യാർത്ഥികളിൽ 52% ഉം പെൺകുട്ടികളാണ്. സംസ്ഥാനത്തെ കോളേജുകളിൽ വിവിധ ബിരുദ കോഴ്സുകൾ ക്ക് പഠിക്കുന്നത് 2.95 ലക്ഷം കുട്ടികളാണ്. ഇതിൽ 65% ഉം പെൺകുട്ടികൾ തന്നെ. വിവിധ PG കോഴ്സുകൾക്ക് പഠിക്കുന്നവ രുടെ കണക്കുകൾ നോക്കിയാലും ആകെ ഉള്ളവരിൽ 65% ഉം പെൺകുട്ടികൾ

തന്നെ. M.Tech വിദ്യാർത്ഥികളിൽ 67 % ഉം മെഡിക്കൽ വിദ്യാർത്ഥികളിൽ 81% ഉം പെൺകുട്ടികൾ ആണ്. അതേപോലെ കാർഷിക, വെറ്ററിനറി, ഫിഷറീസ് സർവ്വ കലാശാലകളിൽ ബിരുദത്തിനായാലും ബിരുദാനന്തര ബിരുദത്തിനായാലും ശരി അവിടെ പഠിക്കുന്നവരിൽ 75% ൽ അധികം പേരും പെൺകുട്ടികളാണ്.

മാതൃ മരണനിരക്ക്, ലിംഗാനുപാതം, ആയുർദൈർഘ്യം, തുടങ്ങിയ ആരോഗ്യ സൂചികകളിലും കേരളം ദേശീയതലവുമായി താരതമ്യം ചെയ്യുമ്പോൾ ഏറെ മുന്നിലാണെന്ന് കാണാം. സ്ത്രീകളുടെ ആയുർദൈർഘ്യം ദേശീയ ശരാശരിയായ 70.7 വയസ്സിനും മുകളിൽ സംസ്ഥാനത്ത് 77.9 വയസ്സാണ്. ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങി പല വികസന സൂചികകളിലും കേരളത്തിലെ വനിതകൾ പുരുഷൻമാരേക്കാൾ ഏറെ മുന്നിലാന്ന് എന്നത് സംസ്ഥാനത്തിലെ ലിംഗ സമത്വത്തിന്റെ സാമൂഹിക പ്രതിഫലനത്തെയാണ് കാണിക്കുന്നത്. വേതന നിരക്കിലെ അസമത്വം വളരെ കുറവുള്ള, തൊഴിൽ ചെയ്യുന്ന സ്ത്രീകളിൽ പകുതിയോളം പേരും സ്ഥിരവരുമാനമുള്ള ജോലിയിലാണ് ഏർപ്പെട്ടിരിക്കുന്നതെന്നതും സംസ്ഥാനത്തിന്റെ പ്രത്യേകതകളിൽ ചിലത് മാത്രമാണ്. ചുരുക്കത്തിൽ സുസ്ഥിര വികസനത്തിലേക്കുള്ള ലിംഗ സമത്വത്തിൽ നീതി ആയോഗിന്റെ കണക്കുകൾ പ്രകാരം രാജ്യത്ത് പ്രഥമ സ്ഥാനത്ത് നിൽക്കുന്ന സംസ്ഥാനം കേരളമാണ്. ആഗോള തലത്തിൽ ഇന്ത്യ ഏറെ പിന്നിൽ നിൽക്കുമ്പോഴും മുന്നിൽ നിൽക്കുന്ന രാജ്യങ്ങൾക്കൊപ്പമാണ് കേരളത്തിന്റെ സ്കോർ എന്നതും ഇതോടൊപ്പം കൂട്ടി വായിക്കേണ്ടതാണ്. ഈ മേഖലയിൽ സംസ്ഥാനം നടത്തിയ കൃത്യമായ ഇടപെടലുകളുടെ ആകെ ഫലം കൂടിയാണിത്.




## തിരിച്ചറിയേണ്ട ചില യാഥാർത്ഥ്യങ്ങൾ

2030 ഓട് കൂടി ആഗോള തലത്തിൽ നേടി എടുക്കാനായി ഐക്യരാഷ്ട്ര സഭ മുന്നോട്ട് വെക്കുന്ന സുസ്ഥിര വികസന ലക്ഷ്യത്തിലെ സുപ്രധാന ലക്ഷ്യങ്ങളിൽ ഒന്നായ ലിംഗ സമത്വം എന്നത് ഇന്ത്യക്ക് അതിവിദൂരം ആണെന്ന് തന്നെയാണ് ഓരോ സൂചികയ്ക്കും ഉപ സൂചികകൾക്കും ലഭിച്ച സ്കോറും നിലവിലുള്ള റാങ്കുകളും കാണിക്കുന്നത്. അജണ്ട- 2030 എന്ന ലക്ഷ്യത്തിലേക്കുള്ള ഏഴ് വർഷങ്ങൾ രാജ്യം ഇതിനോടകം പിന്നിടുമ്പോൾ ലിംഗ സമത്വ രാജ്യമായി ഇന്ത്യ മാറണമെങ്കിൽ ഇനിയും നാം ഏറെ മുന്നോട്ട് സഞ്ചരിക്കാനുണ്ടെന്ന് തന്നെയാണ് റിപ്പോർട്ട് തുറന്ന് കാണിക്കുന്നത്. ലിംഗസമത്വവും വനിതാ ശാക്തീകരണവും ലക്ഷ്യമിട്ട് കൊണ്ട് ഒട്ടനവധി പദ്ധതികൾ കേന്ദ്ര സർക്കാർ മുന്നോട്ട് വെക്കുന്നുണ്ടെങ്കിലും താഴെ തട്ടിൽ ഇവയുടെ ഭൗതിക നേട്ടങ്ങൾ എത്രമാത്രം വനിതകളിലേക്ക് എത്തുന്നു എന്നത് വസ്തുനിഷ്ഠമായി പഠനവിധേയമാക്കേണ്ടത് തന്നെയാണെന്നാണ് റിപ്പോർട്ടിലെ ഇന്ത്യയുടെ വളരെ പിന്നിലുള്ള സ്ഥാനം ചൂണ്ടിക്കാണിക്കുന്നത്. പഞ്ചവൽസര പദ്ധതി എന്ന ആശയം രാജ്യത്ത് ഇല്ലാതായിട്ട് എഴ് വർഷം പിന്നിടുമ്പോഴും ലിംഗ സമത്വത്തെ വിശാലമായ കാഴ്ചപ്പാടിൽ കണ്ട് കൊണ്ടുള്ള വികസന പ്രവർത്തനങ്ങൾക്ക് രൂപം നൽകിയും എല്ലാ മേഖലകളിലും സ്ത്രീയുടെ സർവ്വോന്മുഖമായുള്ള ശാക്തീകരണം ലക്ഷ്യം വെച്ചുള്ള ഒരു വികസന കാഴ്ചപ്പാടും സമീപനവും അത് വഴി ഒരു സ്ത്രീപക്ഷ നവകേരള സൃഷ്ടിയാണ് കേരളം പതിനാലാം പദ്ധതിയിൽ (2022-27) ലക്ഷ്യം വെക്കുന്നത്. ചുരുക്കത്തിൽ ഒട്ടനവധി ലിംഗ സമത്വ പദ്ധതികളും, സ്ത്രീ മുന്നേറ്റ വികസന മാതൃകകളും പരീക്ഷിച്ച് വിജയിച്ചിട്ടുള്ള കേരളം, ലിംഗ സമത്വ സമൂഹത്തിലേക്കുള്ള പരിവർത്തനം ഏറെക്കുറെ സാധ്യമായിക്കൊണ്ടിരിക്കുന്ന ഒരു സംസ്ഥാനം എന്ന നിലയിൽ ഒരു വഴികാട്ടിയായി രാജ്യത്തിന് എന്തുകൊണ്ടും കേരളത്തിന്റെ പാത പിൻതുടരാവുന്നതാണ്... !!! □

*(ലേഖകൻ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിൽ ഡെപ്യൂട്ടി ഡയറക്ടറാണ്)*



# വിജ്ഞാനാധിഷ്ഠിത സമ്പദ്‌വ്യവസ്ഥ അസന്തുലിതാവസ്ഥയിലായി ലോകക്രമം

■ ടി. ഷാഹുൽ ഹമീദ്

2000 ഏപ്രിലിൽ മുൻ അമേരിക്കൻ പ്രസിഡന്റ് ബിൽ ക്ലിന്റൺ പുതിയ സാമ്പത്തിക ക്രമത്തിന് തൊഴിൽ ശാസ്ത്രജ്ഞാനം ഒരു അഭിവാജ്യ ഘടകമാണ് എന്ന് പ്രഖ്യാപിച്ചതിനു ശേഷം ലോക സമ്പദ് വ്യവസ്ഥയിൽ സമൂലമായ പരിവർത്തനങ്ങളാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. മൂലധനമായി വിജ്ഞാനം, ഉയർന്ന തലത്തിൽ വൈദഗ്ദ്യമുള്ള സമൂഹം എന്നിവ സമ്പദ്‌വ്യവസ്ഥകളുടെ നിർണായക ഘടകങ്ങളായി മാറി. രാജ്യങ്ങൾ വിജ്ഞാനാടിസ്ഥാനത്തിൽ ഉൽപാദന പ്രക്രിയയിലേക്കും, ജനങ്ങളെ വൈദഗ്ധ്യമുള്ളവരാക്കുവാനും ശ്രമിച്ചതോടെ സാമ്പത്തിക രംഗത്തിന് ആകർഷണീയത കൈവരികയും, സാമ്പ്രദായിക വ്യവസ്ഥകൾ പുതുമകളിലേക്ക് ആവാഹിക്കുകയും ചെയ്തു. അമേരിക്ക, ചൈന, ബ്രിട്ടൻ, കൊറിയ, ഓസ്ട്രേലിയ,സിംഗപ്പൂർ, ഹോങ്കോങ്, ഫിൻലാൻഡ് എന്നീ രാജ്യങ്ങൾ വിജ്ഞാനാധിഷ്ഠിത സമ്പദ്‌വ്യവസ്ഥയിലേക്ക് അതിവേഗം സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. പുതിയ ചിന്ത, നവസാങ്കേതികവിദ്യകൾ, കൃത്രിമ ബുദ്ധി അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ എന്നിവ സമ്പദ്‌വ്യവസ്ഥകളെ ഉത്തേജിപ്പിക്കുന്നു. വിവരസാങ്കേതികവിദ്യ പുതിയ മൂലധനമായി സാർവത്രികമായി അംഗീകരിക്കപ്പെട്ടു. നിലവിൽ സേവന മേഖലയിലുള്ള സമ്പത്ത് രംഗം വിജ്ഞാനാധിഷ്ഠിത സമ്പദ്‌വ്യവസ്ഥയായി മാറുന്ന കാഴ്ചയാണ് ലോകത്ത് കാണുന്നത്.

### എന്താണ് വിജ്ഞാനം

1962 ൽ ഫ്രീഡ്സ് മാച്ചൽപ്പ് ആണ് ആദ്യമായി വിജ്ഞാന വ്യവസായം എന്ന പദം ഉപയോഗിച്ചത്, എന്നാൽ വിജ്ഞാനാധിഷ്ഠിത സമ്പദ്‌വ്യവസ്ഥ എന്ന പദം ആദ്യം ഉപയോഗിച്ചത് 1969 ൽ പീറ്റർ ഡ്രക്കർ എന്ന സാമ്പത്തിക ശാസ്ത്രജ്ഞനാണ്, അദ്ദേഹത്തിന്റെ പുസ്തകമായ ദി ഏജ് ഓഫ് ഡിസ്കണ്ടിന്യൂയിറ്റി എന്ന പുസ്തകത്തിൽ വിജ്ഞാനം ഒരു അധികാരമാണ് അത് അവസരങ്ങളും പുരോഗതിയും ഉണ്ടാക്കും പക്ഷേ അത് ഫലപ്രദമായി ഉപയോഗിക്കണം എന്ന് അദ്ദേഹം നിർദ്ദേശിക്കുന്നു. വിജ്ഞാനം പ്രായോഗിക തലത്തിൽ ഉപയോഗിക്കുന്നത് വരെ അതിന് യാതൊരു വിലയുമി

ല്ല. ലോക ഭൗതിക സ്വത്തവകാശ റിപ്പോർട്ട് 2022 പ്രകാരം കഴിഞ്ഞ നൂറ്റാണ്ടിൽ കണ്ടുപിടുത്തങ്ങളുടെ വിസ്ഫോടനമാണ് നടന്നിട്ടുള്ളത്, കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ ഡിജിറ്റൽ നവ രീതിയിൽ 172%, കൃത്രിമ ബുദ്ധിയിൽ 718%, ബിഗ് ഡാറ്റയിൽ 699% ക്ളൗഡ് കംപ്യൂട്ടിങ്ങിൽ 122% പ്രവർത്തനം വർദ്ധിച്ചു. ലോക ബാങ്കിന്റെ അഭിപ്രായത്തിൽ വിജ്ഞാനാധിഷ്ഠിത സമ്പദ് വ്യവസ്ഥക്ക് നാല് ഉണകളാണ് ഉള്ളത്

1. വിദ്യാഭ്യാസവും നൈപുണ്യമുള്ള ജനത
2. ഉയർന്ന ആധുനിക വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം
3. നവീനമായ കാഴ്ചപ്പാടുകൾ (ഇന്നവേഷൻ)
4. ഗവേഷണം

എന്നിവയാണ്.

വലിയ സംരംഭങ്ങളെ ചെറിയ കൂട്ടങ്ങൾ നിയന്ത്രിക്കുന്ന കാലത്ത് വിവരങ്ങളുടെ കലവറയായ അക്കങ്ങൾ, വാചകങ്ങൾ, ശബ്ദങ്ങൾ, ചിത്രങ്ങൾ എന്നിവ ആദായം ഉണ്ടാക്കുന്ന പുതിയ ബിസിനസ് തന്ത്രങ്ങളായി മാറിയിരിക്കുന്നു. മണ്ണും വിണ്ണും മനുഷ്യന്റെ അറിവിനും പ്രയത്നത്തിനും മുന്നിൽ കീഴടങ്ങി, ഉപഗ്രഹ വിവരങ്ങൾ സാർവത്രികമാക്കി തലമുറ മാറ്റം വിവരങ്ങളിൽ നിന്ന് വിജ്ഞാനത്തിലേക്കും, വിജ്ഞാനം സാങ്കേതിക മാറ്റത്തിലേക്കും പടർന്നു പിടിച്ച കാലത്ത് ലോകത്തെ 95% വിവരങ്ങളും ഡിജിറ്റലൈസ് ചെയ്യപ്പെട്ട 98% വിവരങ്ങളും പരസ്പരം കൈമാറാൻ സാധിക്കുന്ന ഘട്ടത്തിൽ ആധുനിക സമ്പത്ത് വ്യവസ്ഥ വലിയ മത്സരങ്ങളിലേക്കാണ് വഴിതിമാറിക്കൊണ്ടിരിക്കുന്നത്. നിലവിലുള്ള 85% ജോലികളും 2030 ആകുമ്പോഴേക്കും അപ്രത്യക്ഷമാകുമെന്നതിനാൽ ആഗോളവൽക്കരണത്തിലും സാങ്കേതിക വിപ്ലവങ്ങളിലും പുതിയ ആശയങ്ങളുടെ മൂല്യം വർധിപ്പിച്ച് നിർമ്മാണ ചെലവ് കുറക്കുവാൻ രാജ്യങ്ങൾ മുന്നോട്ടു വന്നിരിക്കുന്നു. സമൂഹം പുതുമകളെയാണ് തേടുന്നത്, കണ്ണിമ ചിമ്മുന്നതിനു മുമ്പ് പ്രയാസങ്ങളെ, പ്രശ്നങ്ങളെ പുതുമകൾ നിറഞ്ഞ കാര്യങ്ങൾ കൊണ്ട് മറികടക്കുവാൻ പുതിയ സാങ്കേതികവിദ്യ സ്വായത്തമാക്കുന്ന തിരക്കിലാണ് രാജ്യങ്ങൾ. അവസരങ്ങളെ തിരിച്ചറിയുന്നതിന് രാജ്യങ്ങൾ വലിയ മുൻഗണന നൽകുന്നു, സമ്പദ് വ്യവസ്ഥയെ മൂന്ന് ഘടകങ്ങൾ കൊണ്ടാണ് പരിശോധിക്കുന്നത് മത്സര സ്വഭാവം, തുറന്നിട്ട വിപണി, മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കൽ, ഇവയിൽ വലിയ രീതിയിലാണ് വിജ്ഞാനത്തിന്റെ പുതുനാമ്പുകൾ കടന്നുവന്നുകൊണ്ടിരിക്കുന്നത്.




## പുതിയ തന്ത്രങ്ങൾ

ആഗോള സമ്പദ് വ്യവസ്ഥയുടെ വളർച്ച 2021ൽ 5.5%ത്തിൽ നിന്ന് നടപ്പ് വർഷം 4.1% ആയി കുറയാമെന്ന റിപ്പോർട്ടുകൾക്കിടയിൽ കോവിഡ് 19 ഉയർത്തിയ വിനാശകരമായ വെല്ലുവിളികൾ നേരിടുന്നതിന് വിവിധതരം തന്ത്രങ്ങളാണ് രാജ്യങ്ങൾ സ്വീകരിക്കുന്നത്. മനുഷ്യരാശി ഇന്ന് വരെ നേടിയ പുരോഗതിയിൽ അറിവിന്റെ പങ്ക് അംഗീകരിക്കപ്പെടുമ്പോൾ തന്നെ നവ ലിബറൽ സാമ്പത്തിക നയങ്ങൾ ഉണ്ടാക്കിയ പ്രതിലോമമായ പ്രവർത്തനങ്ങൾ വിസ്മരിക്കുവാൻ സാധിക്കുകയില്ല. നോളജ് വർക്കർ എന്ന് അറിയപ്പെടുന്ന പുതിയ നൈപുണ്യങ്ങൾ കരഗതമാക്കിയവർ സമ്പത്ത് വ്യവസ്ഥകളെ നിയന്ത്രിക്കുന്ന കാഴ്ചയാണ് കാണുന്നത്. എണ്ണയിലുള്ള അമിതാശ്രയത്വം ഒഴിവാക്കി പുതിയ സമ്പദ് വ്യവസ്ഥ കെട്ടിപ്പടുക്കുവാൻ യുഎഇ സർക്കാർ 30,000 കോടി ദിർഹം ചെലവഴിച്ച് ഒരു നയം ഉണ്ടാക്കിയത് ഈ മേഖലയിലെ പുതിയ ചുവടുവെപ്പാണ്. 2021/22 ഓസ്ട്രേലിയയിലെ ബഡ്ജറ്റിൽ വലിയ മാറ്റങ്ങളാണ് തുടക്കം കുറിച്ചത്. അവിടെ സർക്കാർ സേവനങ്ങൾ 100% ഓൺലൈൻ ആക്കി എല്ലാ പുതിയ വ്യവസായങ്ങളും ഡിജിറ്റലാക്കി വലിയ മുന്നേറ്റമാണ് നടത്തിയത്. പ്രതിദിനം 2.5 ക്വിന്റൽ ബൈറ്റ് വിവരങ്ങൾ ലോകത്ത് സൃഷ്ടിക്കപ്പെടുന്നു, 2019 ൽ കൃത്രിമ ബുദ്ധി അടിസ്ഥാനമാക്കിയുള്ള വ്യവസായം 2.45 ബില്യൺ യുഎസ് ഡോളർ ആയിരുന്നുവെങ്കിൽ 2025ൽ അത് 60 ബില്യൺ യുഎസ് ഡോളറായി വർദ്ധിക്കും. ലോക വിജ്ഞാന സൂചിക പട്ടികയിൽ 2021ൽ ആകെ 154 രാജ്യങ്ങളിൽ ലോകത്ത് 71.5 മാർക്ക് വാങ്ങി ഒന്നാം സ്ഥാനം നേടിയ സ്വിറ്റ്സർലാൻഡ്, രണ്ട് മൂന്ന് സ്ഥാനങ്ങൾ നേടിയ സ്വീഡൻ, അമേരിക്ക എന്നിവർക്കൊപ്പം സൂചികയിൽ പുറകിലായ രാജ്യങ്ങൾ ഓടി എത്തണം അല്ലെങ്കിൽ പുതിയ സമ്പത്ത് വ്യവസ്ഥ

ജ്ഞാനം പ്രായോഗിക തലത്തിൽ ഉപയോഗിക്കുന്നത് വരെ അതിന് യാതൊരു വിലയുമില്ല. ലോക ഭൗതിക സ്വത്തവകാശ റിപ്പോർട്ട് 2022 പ്രകാരം കഴിഞ്ഞ നൂറ്റാണ്ടിൽ കണ്ടുപിടുത്തങ്ങളുടെ വിസ്ഫോടനമാണ് നടന്നിട്ടുള്ളത്.



ക്രയവിക്രയത്തിൽ അസമത്വം ഉണ്ടാകുന്നതിന് കാരണമാകുന്നതാണ്. ഇന്ത്യ 93 ആം സ്ഥാനത്താണ് പ്രസ്തുത പട്ടികയിൽ എന്നത് അതിവേഗം മാറിക്കൊണ്ടിരിക്കുന്ന സാങ്കേതിക മുന്നേറ്റത്തിൽ അവസരങ്ങളെ തിരിച്ചറിയാൻ കൂടുതൽ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്, കൂടാതെ വിജ്ഞാനാധിഷ്ഠിത സമ്പദ് വ്യവസ്ഥയുടെ നിർണായക പ്രവർത്തനമായ ഗവേഷണത്തിൽ ലോക ഗവേഷണ വികസന സൂചികയിൽ ഇന്ത്യ പിറകിലാണ്, ഒന്നാം സ്ഥാനത്ത് സ്വിറ്റ്സർലൻഡ് ആണെങ്കിൽ 154 രാജ്യങ്ങളിൽ ഇന്ത്യയുടെ സ്ഥാനം 42 ആണ്, ദക്ഷിണകൊറിയ ഗവേഷണത്തിന് വേണ്ടി ഒരു വർഷം ആകെ ആഭ്യന്തര ഉൽപാദനത്തിന്റെ 5% തുക ചെലവഴിക്കുന്നതുകൊണ്ടാണ് ലോകത്തെ ഏറ്റവും നൈപുണ്യമുള്ള ജനത കൊറിയക്കാരാണ് എന്ന് പറയുന്നത്. അവിടുത്തെ 95 ശതമാനം ജനങ്ങളും ഏതെങ്കിലും ഒരു മേഖലയിൽ വൈദഗ്ധ്യം നേടിയവരായിരിക്കും. വിവരസാങ്കേതികവിദ്യയിൽ ലോകത്ത് ഫിൻലാൻഡ് ഒന്നാംസ്ഥാനത്ത് ആണെങ്കിൽ ഇന്ത്യയുടെ സ്ഥാനം 78 ആണ്, സാങ്കേതിക മുന്നേറ്റത്തിൽ സിംഗപ്പൂർ, യുഎഇ, ഹോങ്കോങ് എന്നിവ ബഹുദൂരം മുന്നിൽ സഞ്ചരിക്കുമ്പോൾ ഇന്ത്യ 61 സ്ഥാനത്താണ്. വിജ്ഞാനാധിഷ്ഠിത സമ്പത്ത് വ്യവസ്ഥയ്ക്ക് ആവശ്യമായ മുന്നൊരുക്കങ്ങൾ ഒരുക്കുന്ന കാര്യത്തിൽ നോർവേ ഒന്നാം സ്ഥാനം നിലനിർത്തുമ്പോൾ ഒരുപാട് കാര്യം ഇനിയും ചെയ്യാൻ ബാക്കിയുള്ള രാജ്യങ്ങളുടെ പട്ടികയിൽ 116 സ്ഥാനത്താണ് ഇന്ത്യയുടെ കിടപ്പ്.

രാജ്യങ്ങളിലെ പ്രകൃതിവിഭവങ്ങളെ വൈജ്ഞാനിക തലങ്ങളിൽ എത്തിക്കുന്ന പ്രക്രിയ വേഗം പൂർത്തിയാക്കുന്ന രാജ്യങ്ങൾ മാത്രം വികസിതമാകുകയുള്ളൂ എന്ന് പറയേണ്ടിവരും. വേഗത, മാറ്റങ്ങൾ, ഡിജിറ്റലൈസേഷൻ, പുതുമകൾ നിറഞ്ഞ ആശയങ്ങൾ എന്നിവ സമ്പദ്‌വ്യവസ്ഥയിൽ ദൃശ്യമായാൽ അത്തരം സമ്പത്ത്‌വ്യവസ്ഥയെ വിജ്ഞാനാധിഷ്ഠിത സമ്പത്ത്‌വ്യവസ്ഥ എന്ന് വിളിക്കാം.

●●●

**വിവര വിനിമയ സാങ്കേതിക വിദ്യയിലെ ഏറ്റവും ആവേശകരവും ചലനാത്മകവുമായ മുന്നേറ്റങ്ങളിൽ ഒന്നാണ് ഐ. ഒ. ടി (ഇന്റർനെറ്റ് ഓഫ് തിങ്ങ്സ് ) ഇന്റർനെറ്റ് വഴിയോ മറ്റ് ആശയവിനിമയ ശൃംഖലകൾ വഴിയോ സെൻസറുകൾ മറ്റ് സാങ്കേതികവിദ്യകൾ എന്നിവ ഉൾ ചേർത്തതുമായ ഭൗതിക വസ്തുക്കളാണ് ഐ ഒ ടി.**

●●●

## വികസനവും മനുഷ്യനും

അതിവേഗം വിജ്ഞാനാധിഷ്ഠിത സമ്പദ് വ്യവസ്ഥയിലേക്ക് പോകുമ്പോൾ അന്താരാഷ്ട്ര ലേബർ ഓർഗനൈസേഷൻ നൽകിയ മുന്നറിയിപ്പ് രാജ്യങ്ങളുടെ മുമ്പിൽ ഉണ്ടാകണം, മാന്യമായതൊഴിൽ സാങ്കേതിക മുന്നേറ്റത്തിൽ അപ്രാപ്യമായ ഒരു വലിയ ജനസമൂഹം ലോകത്തിലുണ്ട്, സാങ്കേതിക വിടവ് കുറച്ച് പുതിയ നൈപുണ്യാലയത്തിലേക്ക് കൊണ്ടുപോയി ജനങ്ങൾക്ക് ദിശാബോധം നൽകിയില്ലെങ്കിൽ പുതിയ വികസനം പരശ്ശതം പേർക്ക് ഇടിതീ ആയി മാറും. ഏതൊരു വികസനത്തിന്റെയും കേന്ദ്രബിന്ദു മനുഷ്യരാണ് എന്ന തിരിച്ചറിവ് ഉണ്ടാകണം. ഡാറ്റകളുടെ കോളനികളും അതിനെ അടക്കി ഭരിക്കുന്ന കോർപ്പറേറ്റുകളുമായിരിക്കും ഭാവിയിലെ യാഥാർത്ഥ്യം. ലോകത്തെ 46 ദരിദ്ര രാജ്യങ്ങൾ ആകെ വിദേശ വ്യാപാരത്തിന്റെ 1.4% മാത്രമാണ് ലോകത്ത് നടത്തുന്നത് എന്ന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത് നിലവിൽ വ്യാപാരകുത്തകളായ രാജ്യങ്ങൾക്ക് മാത്രമേ വിജ്ഞാനാധിഷ്ഠിത സമ്പത്ത് വ്യവസ്ഥ കൊണ്ട് ഉപകാരമുള്ളൂ എന്നാണ്. ആഴ്ചയിൽ 48 മണിക്കൂർ ജോലി എന്നത് പുതിയ നയമാറ്റത്തിലും പൂർണ്ണ അർത്ഥത്തിൽ ഉണ്ടായാൽ മാത്രമേ വളർന്നുവരുന്ന തലമുറക്ക് പുതിയ രീതിയോട് ആഭിമുഖ്യം ഉണ്ടാകുകയുള്ളൂ. ലോകത്തിലെ തൊഴിലില്ലായ്മ നിരക്ക് 2022ൽ 5.9% ആയി വർദ്ധിച്ച സാഹചര്യത്തിലും, യു.എൻ.ഡി. പി റിപ്പോർട്ട് പ്രകാരം ലോകത്ത് 435 ദശലക്ഷം സ്ത്രീകൾക്കും പെൺകുട്ടികൾക്കും പ്രതിദിനം 1.90 യുഎസ് ഡോളർ വരുമാനം ലഭിക്കുന്നില്ല എന്നതും കൂട്ടിച്ചേർത്തു വായിച്ചാൽ വിജ്ഞാനാധിഷ്ഠിത സാമ്പത്തിക വികസനം വലിയ വെല്ലുവിളിയാണ് സാധാരണക്കാർക്ക് സമ്മാനിച്ചിട്ടുള്ളത്. 2022 ലെ ലോക അപകട സാധ്യത റിപ്പോർട്ടിൽ (വേൾഡ് റിസ്ക് റിപ്പോർട്ട് )പ്രകാരം ലോകം കടുത്ത ജീവനോപാധി പ്രശ്നങ്ങളുടെ നടുവിലാണ് എന്ന് ചൂണ്ടിക്കാണിക്കുന്നു, കൂടാതെ ലോകത്ത് സാങ്കേതിക വിടവ് ദൃശ്യമാണെന്നും റിപ്പോർട്ട് പറയുന്നു. ലോകസമ്പത് വ്യവസ്ഥ കഴിഞ്ഞ വർഷത്തിൽ നിന്ന് 2.3 ശതമാനം ചുരുങ്ങി, വിലക്കയറ്റം, പണപ്പെ



രുപ്പം, തൊഴിൽ മാർക്കറ്റിലെ അസമത്വം, തൊഴിലില്ലായ്മ, വൈദഗ്ധ്യ വിടവ് എന്നിവ ലോകരാജ്യങ്ങൾക്കിടയിൽ രൂക്ഷമാണ് എന്ന് റിപ്പോർട്ട് സൂചിപ്പിക്കുന്നു. ശാസ്ത്ര സാങ്കേതിക വിധേയത്വം കൂടുന്നതനുസരിച്ച് സൈബറിടങ്ങളിലെ അതിക്രമം 352 ശതമാനത്തിൽ നിന്ന് 435 ശതമാനം ആയി വർദ്ധിച്ചു. ലോക ബാങ്കിന്റെ റിപ്പോർട്ട് പ്രകാരം 2021ൽ ലോകത്തെ അതിസമ്പന്നർ അവരുടെ വരുമാന നഷ്ടത്തിന്റെ 50 ശതമാനവും ഈ വർഷം തന്നെ തിരിച്ചുപിടിക്കും എന്ന് ചൂണ്ടിക്കാണിക്കുന്നു, ദരിദ്രരായവരിൽ 20% ത്തിന് വീണ്ടും 5% ഈ വർഷം തന്നെ വരുമാനം നഷ്ടപ്പെടുമെന്നും ചൂണ്ടിക്കാണിക്കുന്നു. 2030 ആകുമ്പോഴേക്കും ലോകത്ത് 51 ദശലക്ഷം പേർ പുതുതായി അതി ദാരിദ്ര്യത്തിലേക്ക് എത്തിപ്പെടുമെന്ന് സൂചിപ്പിക്കുന്നു. കൂടാതെ ലോകത്ത് 30.4% ജനങ്ങളും കടുത്ത ജീവനോപാധി പ്രശ്നങ്ങൾ നേരിടുന്നു. ഡിജിറ്റൽ വ്യാപാരം 800 ബില്യൺ യുഎസ് ഡോളർ വളർച്ച നേടിയെങ്കിലും ലോക ജനസംഖ്യയുടെ 40% ഇപ്പോഴും ഇന്റർനെറ്റ് ഉപയോഗിക്കുന്നില്ല എന്നത് ആശങ്ക ഉളവാക്കുന്നു.

ഓൺലൈൻ മാർഗത്തിലൂടെ സ്ഥിര വ്യവസ്ഥയിൽ അല്ലാതെ ജോലിചെയ്യുന്ന ഗിഗ് സമ്പത്ത് വ്യവസ്ഥയിൽ, നാളിതുവരെ നേടിയ തൊഴിൽ സുരക്ഷ അന്യമാകുന്നു, ഒരു അധികാര കേന്ദ്രമില്ലാതെ, നിയന്ത്രണവും നിർവഹണവും ഉപഭോക്താക്കൾക്ക് വിട്ടുകൊടുക്കുന്ന സവിശേഷമായ ബ്ലോക്ക് ചെയിൻ മാതൃകകൾ വ്യാപരിക്കപ്പെടുന്നു, ബ്ലോക്ക് ചെയിൻ കണ്ട് പിടിച്ച സതോഷി നകാ മോട്ടോ തന്നെ പുറത്തിറക്കിയ ബിറ്റ് കോയിൻ ക്രിപ്റ്റോ കറൻസി ലോക വ്യാപാര രംഗത്ത് അത്ഭുതങ്ങളാണ് സൃഷ്ടിക്കുന്നത്. കണക്ക് പുസ്തകം സൂക്ഷിച്ചിട്ടുള്ള പകുതിയിലധികം കമ്പ്യൂട്ടറുകൾ രേഖപ്പെടുത്തിയാൽ മാത്രം ഇടപാടുകൾ നടത്തുന്ന ബിറ്റ് കോയിൻ സംവിധാനം പല രാജ്യങ്ങളും അംഗീകരിച്ചു. എൽസാൽവഡോർ രാജ്യം യുഎസ് ഡോളറിനോടൊപ്പം ബിറ്റ് കോയിനെ ക്രിപ്റ്റോ കറൻസിയായി അംഗീകരിച്ചു. ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ നിക്ഷേപ മാർഗമായി ക്രിപ്റ്റോ കറൻസി മാറിയിരിക്കുന്നു. ലോകത്ത് അതി സമ്പന്നരിൽ ഒന്നാം സ്ഥാനം ഇന്ത്യക്കാരനായ മുകേഷ് അംബാനിയെ പിന്തള്ളി, ക്രിപ്റ്റോ എക്സ്ചേഞ്ച് ബിഹാൻസിയുടെ സിഇഒ ചാങ് പെങ് ഷാവോ നേടിയത് ഈ മേഖലയിൽ നടക്കുന്ന വളർച്ചയുടെ ദൃഷ്ടാന്തമാണ്.

വിവര വിനിമയ സാങ്കേതികവിദ്യയിലെ ഏറ്റവും ആവേശകരവും ചലനാത്മകവുമായ മുന്നേറ്റങ്ങളിൽ ഒന്നാണ് ഐ. ഒ. ടി (ഇന്റർനെറ്റ് ഓഫ് തിങ്ങ്സ് ) ഇന്റർനെറ്റ് വഴിയോ മറ്റ് ആശയവിനിമയ ശൃംഖലകൾ വഴിയോ സെൻസറുകൾ മറ്റ് സാങ്കേതികവിദ്യകൾ എന്നിവ ഉൾ ചേർത്തതുമായ ഭൗതിക വസ്തുക്കളാണ് ഐ ഒ ടി. നമ്മൾ ജീവിക്കുന്നത് മനുഷ്യരെക്കാൾ കണക്റ്റഡ് ഉപകരണങ്ങൾ ഉള്ള കാലത്താണ്. ഓരോ വർഷവും തൊഴിൽ മുഖത്ത് എത്തുന്നവർക്ക് ഉപകാരപ്രദമായ നവീന കാഴ്ചപ്പാടുകൾ ഉണ്ടാകേണ്ടതായിട്ടുണ്ട്. 5 ജി മൊബൈൽ കണക്ഷൻ കൂടി കടന്നു വന്നതോടെ വിപണിയിൽ വലിയ കുതിപ്പ് അനുഭവപ്പെടുകയും, ഇന്ത്യ, ഇന്തോനേഷ്യ, ബ്രസീൽ എന്നീ രാജ്യങ്ങളിലെ ജനങ്ങൾ അഭൂതപൂർവ്വമായി 5 ജി യെ സ്വീകരിക്കുമെന്നും ഈ വർഷം തന്നെ ലോകത്തിലെ 100 കോടി ജനങ്ങൾ ഈ പുതിയ വിപ്ലവത്തിലേക്ക് തിരിയുമെന്നും കണക്കാക്കപ്പെടുന്നു. ഇതൊന്നും അനുഭവേദ്യമാകാത്ത കുറെയധികം ആളുകൾ വികസന പരിപ്രേക്ഷ്യത്തിൽ നിന്നും അകന്നു പോകുന്നതും ആശങ്ക ഉളവാക്കുന്നു.

## ഇന്ത്യയുടെ പ്രതീക്ഷ

2014ലെ മോർ കമ്മിറ്റി റിപ്പോർട്ട് പ്രകാരം ഇന്ത്യയിൽ സാമ്പത്തിക ഉൾപ്പെടുത്തൽ ഒരു ദൗത്യമായി സ്വീകരിച്ചത് മുതൽ നാളിതുവരെ സമ്പദ് വ്യവസ്ഥയിലൂടെ ഡിജിറ്റലായി നാലു ട്രില്യൻ യുഎസ് ഡോളർ മൂല്യമുള്ള ഇടപാടുകൾ നടന്നിട്ടുണ്ട്, ഇന്ത്യയുടെ 75 ജില്ലകളിൽ ഡിജിറ്റൽ ബാങ്ക് ആരംഭിക്കുമെന്ന് ധനകാര്യ മന്ത്രി ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും 2022 ഏപ്രിൽ ഇതിനായി ആർബിഐ മാർഗ്ഗ നിർദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഒരു ബില്യൺ മൊബൈൽ കണക്ഷൻ, 99% ജനങ്ങളും ആധാർ കാർഡ് എടുത്തത്, ഏകീകൃത നികുതി ചുമത്തൽ ജി എസ് ടി, 82 കോടിയിലധികം നെറ്റ് കണക്ഷൻ, ഓൺലൈൻ കച്ചവടത്തിൽ ലോകത്ത് മൂന്നാം സ്ഥാനം, ഉയർന്ന നിരക്കിൽ ഉള്ള യുപിഐ പെയ്മെന്റ് (4103658 കോടി) എന്നിവ വിജ്ഞാനാധിഷ്ഠിത സമ്പത്ത് വ്യവസ്ഥയ്ക്ക് അനുകൂല ഘടകമാണെങ്കിലും, 1990 ന്റെ ഒടുവിലും ഇരുത്തിയൊന്നാം നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിലും പ്രധാനമായും വിവര സാങ്കേതിക മേഖലയിൽ മുന്നേറിയത് പോലെ മുന്നേറുവാൻ ഇന്ത്യക്ക് ഈ രംഗത്ത് സാധിക്കുന്നി



ല്ല. രാജ്യത്തെ തൊഴിൽ ചെയ്യാൻ കഴിയുന്ന സമൂഹത്തെ വൈദഗ്ദ്യ മുള്ളവരാകുന്നതിൽ വേണ്ടത്ര പുരോഗതി ഉണ്ടായിട്ടില്ല. രാജ്യത്ത് പുറത്തുവരുന്ന ബിരുദധാരികളിൽ 9%ത്തിന് മാത്രമേ തൊഴിൽ ലഭിക്കുന്നുള്ളൂ. ലോകത്തെ ഡിജിറ്റൽ ഇടപാടിൽ 40% നടക്കുന്ന ഇന്ത്യയിൽ 2020ൽ 50035 തട്ടിപ്പ് കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. UNDP യുടെ മാനവ വിഭവ സൂചികയിൽ ഇന്ത്യയുടെ 2022ലെ റാങ്ക് 131 ആണ്, വിശപ്പ് സൂചികയിൽ ഇന്ത്യയുടെ സ്ഥാനം 101 ആണ്. ജനസംഖ്യ വർദ്ധനവിന് അനുസരിച്ച് തൊഴിലവസരങ്ങൾ ഇന്ത്യയിൽ വളർന്നുവരുന്നില്ല. 2022 ൽ 0.03%മാത്രം ജനസംഖ്യ വർധന അനുസരിച്ച് ഇന്ത്യയിൽ തൊഴിൽ വർദ്ധനവ് ഉണ്ടാകുന്നുള്ളൂ. 47.5 ലക്ഷം പേർ ഓരോ വർഷവും പുതുതായി തൊഴിൽ മുഖത്ത് ഇന്ത്യയിൽ എത്തുന്നു, ഇന്ത്യയുടെ തൊഴിൽ ശക്തി 94 കോടി ആണെങ്കിൽ അതിൽ 37. 5% ത്തിന് മാത്രമേ തൊഴിൽ ലഭിക്കുന്നുള്ളൂ.

1930നേക്കാൾ കടൽ ഗതാഗത ചരക്ക് നിരക്ക് 50 ശതമാനം കുറഞ്ഞിട്ടും, ആകാശ ചരക്ക് യാത്ര നിരക്ക് ആറിൽ ഒന്നായി ചുരുങ്ങിയെങ്കിലും ലോകത്ത് 1996 ന് ശേഷം 44000 വൻകിട കമ്പനികൾ ഉണ്ടായിരുന്നതെങ്കിൽ ഇപ്പോൾ 280000 ആയി വർധിച്ചെങ്കിലും ഇതിനനുസൃതമായ വളർച്ച ഇന്ത്യയിൽ ഉണ്ടായിട്ടില്ല, കൂടാതെ കയറ്റുമതി ഇറക്കുമതിയും തമ്മിലുള്ള അന്തരം സേവന മേഖലയിൽ കഴിഞ്ഞ ജൂൺ 22 വരെ 8.67 ബില്യൺ യു എസ് ഡോളറാണ്. കഴിഞ്ഞ വർഷം അമേരിക്കയും ചൈനയും ചേർന്ന് ഉണ്ടാക്കിയ കരാർ പ്രകാരം ഡബ്ല്യൂ.ടി. ഒ യിൽ പ്രവേശിച്ച ചൈന ഉയർത്തുന്ന വെല്ലുവിളി വളരെ വലുതാണ്. വികസന കുതിപ്പിലേക്ക് പോകുന്ന രാജ്യങ്ങളായ ബ്രസീൽ, റഷ്യ, ചൈന, കൊറിയ, യുഎസ്, ജപ്പാൻ പോലെ ഇന്ത്യൻ സമ്പത്ത് വ്യവസ്ഥക്ക് കുതിപ്പ് അനുഭവപ്പെടുന്നില്ല, ലോകത്തെ വിജ്ഞാന നഗരങ്ങളോടൊപ്പം ഇന്ത്യയിലെ മുംബൈ, ബാംഗ്ലൂർ, ഹൈദരാബാദ് എന്നീ നഗരങ്ങൾ ഉൾപ്പെട്ടിട്ടുങ്കിലും മറ്റ് രാജ്യങ്ങളുടെ കൂടെ എത്താൻ ഇനിയും സമയമെടുക്കും. നാളിതു വരെ 61400 സ്റ്റാർട്ട് ആപ്പുകൾ ആരംഭിച്ചുവെങ്കിലും സ്റ്റാർട്ടപ്പുകൾക്ക് സ്ഥായിയായ സ്ഥിരത ഉണ്ടാക്കുന്ന കാര്യത്തിൽ പുരോഗതി ഉണ്ടാകുന്നില്ല. ഗവേഷണത്തിന് ഇന്ത്യ ചെലവിടുന്നത് ആകെ ആഭ്യന്തര ഉൽപാദനത്തിന്റെ ഒരു ശതമാനത്തിൽ താഴെ മാത്രം, ഇന്ത്യയുടെ ജനസംഖ്യയിൽ 15 മുതൽ 59 വയസ്സ് വരെയുള്ള ജനങ്ങൾ 60% ആണ് എന്നുള്ളതും നഗര ജനസംഖ്യ 1990ൽ 26% ആയത് 2022 ൽ 32 ശതമാനമായി വർധിച്ചതും ഇന്ത്യ നേരിടുന്ന വലിയ പ്രശ്നമാണ്. ലോകത്ത് അമേരിക്കയിൽ ഗവേഷണ പ്രബന്ധങ്ങൾ 411363 എണ്ണം ഒരു വർഷത്തിൽ പ്രസിദ്ധികരിക്കുന്നുവെങ്കിൽ, ചൈന 312983 എണ്ണം പ്രസിദ്ധീകരിക്കുന്നുവെങ്കിൽ ഇന്ത്യ ഇതിന്റെ 4.1 ശതമാനം മാത്രമാണ് പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുന്നുള്ളൂ. ഗ്ലോബൽ ഇന്നവേഷൻ ഇൻഡക്സ് 2021ൽ 46 സ്ഥാനത്താണ് ഇന്ത്യ. 93% മാറ്റങ്ങളും വിജ്ഞാനാധിഷ്ഠിത സമ്പത്ത് വ്യവസ്ഥയിൽ കാണുന്നത് വികസിത രാജ്യങ്ങളിലാണ്. നവീനത, വിജ്ഞാനം, വിദ്യ്ഭ്യാസം എന്നിവയിൽ ചില രാജ്യങ്ങൾ ബഹുദൂരം മുന്നേറുമ്പോൾ ലോകത്തെ വിവരങ്ങളിൽ 98 ശതമാനവും ഇലക്ട്രോണിക് രൂപത്തിൽ സൂക്ഷിക്കുമ്പോൾ, പരമ്പരാഗത വിവരങ്ങൾ ഉപയോഗിക്കുന്ന രാജ്യങ്ങൾ പുറകോട്ട് പോകുന്നു. വിദ്യാഭ്യാസം സാമ്പത്തിക പുരോഗതിയിൽ 15 ശതമാനം അടയാളപ്പെടുത്തുമ്പോൾ ഈ മേഖലയിൽ മുന്നേറാത്ത രാജ്യങ്ങൾ പ്രയാസപ്പെടുന്നു. □

*(ലേഖകൻ നാദാപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ്.)*




# സാമൂഹ്യ സുരക്ഷാ പെൻഷനുകളും തൊഴിൽ രഹിത വേതനവും

## അർഹതയും മാനദണ്ഡങ്ങളും

■ കെ. ആർ. രഞ്ജിത്

നമ്മുടെ സമൂഹത്തിൽ ക്ഷേമ പെൻഷനുകൾക്കുള്ള പങ്ക് വളരെ വലുതാണ്. വാർദ്ധക്യത്തിലേയ്ക്ക് കടന്നവർക്കും ശാരീരിക അവശത അനുഭവിക്കുന്നവർക്കും വിധവകൾക്കും കർഷകതൊഴിലാളികളായിരുന്നവർക്കും ലഭിക്കുന്ന ആശ്വാസമാണ് ക്ഷേമപെൻഷനുകൾ. ജനക്ഷേമപരിപാടികളായ സാമൂഹ്യ സുരക്ഷ പെൻഷനുകൾക്കും, തൊഴിൽരഹിത വേതനത്തിനുള്ള അർഹതയും മാനദണ്ഡങ്ങളും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ എന്നിവ സംബന്ധിച്ച വിവരങ്ങളുമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

### വാർദ്ധക്യകാല പെൻഷൻ

കേരളത്തിൽ 3 വർഷമായി സ്ഥിര താമസമുള്ള കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ അധികരിക്കാത്ത 60 വയസ്സ് തികഞ്ഞവർക്കും അതിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കും പുരുഷന്മാർക്കും അപേക്ഷിക്കാം.

> നമ്മുടെ സമൂഹത്തിൽ ക്ഷേമ പെൻഷനുകൾക്കുള്ള പങ്ക് വളരെ വലുതാണ്. വാർദ്ധക്യത്തിലേയ്ക്ക് കടന്നവർക്കും ശാരീരിക അവശത അനുഭവിക്കുന്നവർക്കും വിധവകൾക്കും കർഷകതൊഴിലാളികളായിരുന്നവർക്കും ലഭിക്കുന്ന ആശ്വാസമാണ് ക്ഷേമപെൻഷനുകൾ.

***അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ***

(1) റേഷൻ കാർഡ് (2) ആധാർ കാർഡ് (3) വരുമാന സർട്ടിഫിക്കറ്റ് (4) പെൻഷൻ ബാങ്ക് മുഖേന ആണെങ്കിൽ ബാങ്ക് പാസ്സ് ബുക്ക് (5) പ്രായം തെളിയിക്കുന്നതിനുള്ള ചുവടെ പറയുന്ന ഏതെങ്കിലും ഒരു രേഖ.

(എ) ജനന സർട്ടിഫിക്കറ്റ് (ബി) പാസ്പോർട്ട് (സി) ഡ്രൈവിംഗ് ലൈസൻസ് (ഡി) സ്കൂൾ സർട്ടിഫിക്കറ്റ് (ഇ) അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ് ഇവയൊന്നുമില്ലെങ്കിൽ ഡോക്ടർ നൽകുന്ന ഏജ് സർട്ടിഫിക്കറ്റ്, പ്രായം തെളിയിക്കുന്നതിന് മറ്റ്



രേഖകളൊന്നും ഇല്ലായെങ്കിൽ സത്യവാങ്മൂലം.

## വികലാംഗ പെൻഷൻ

ശാരീരിക വൈകല്യമുള്ള എല്ലാ വ്യക്തിയ്ക്കും മറ്റ് വരുമാന മാർഗ്ഗമൊന്നുമില്ലെങ്കിൽ വൈകല്യം ഉണ്ടെന്നു തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്/സാമൂഹ്യ സുരക്ഷാമിഷൻ നൽകുന്ന തിരിച്ചറിയൽ കാർഡിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന പെൻഷൻ പദ്ധതിയാണ്.

ചുരുങ്ങിയത് 40 ശതമാനം വരെ വൈകല്യമുള്ളവർക്കും കാഴ്ചശക്തി നഷ്ടപ്പെട്ടവർക്കും ബുദ്ധിമാന്ദ്യമുള്ളവർക്കും ശ്രവണശേഷി ഇല്ലാത്തവർക്കും പ്രായപരിധി ഇല്ലാതെ അപേക്ഷിക്കാവുന്നതാണ്. അപേക്ഷകന്റെ കുടുംബവാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്.

***അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ***

(1) റേഷൻ കാർഡ് (2) ആധാർ കാർഡ് (3) വരുമാന സർട്ടിഫിക്കറ്റ് (4) പെൻഷൻ ബാങ്ക് മുഖേന ആണെങ്കിൽ ബാങ്ക് പാസ്സ് ബുക്ക് (5) വൈകല്യം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്.

വികലാംഗ പെൻഷൻ ലഭിക്കുന്നവർക്ക് അർഹതാമാനദണ്ഡങ്ങൾക്ക് വിധേയമായി മറ്റൊരു പെൻഷൻ കൂടി 600/- രൂപ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ട്.

രണ്ട് കൈകളും രണ്ട് കണ്ണുകളും ഇല്ലാത്തതുകാരണം ആധാർ എടുക്കാൻ കഴിയാത്തവർക്ക് ഐ. സി. ഡി. എസ്. സൂപ്പർവൈസർ അല്ലെങ്കിൽ അസിസ്റ്റന്റ് സർജനിൽ കുറയാതെയുള്ള ഗവണ്മെന്റ് ഡോക്ടർ നൽകുന്ന നിർദ്ദിഷ്ട മാതൃകയിൽ നൽകുന്ന സർട്ടിഫിക്കറ്റ്

**2015 വരെ തദ്ദേശ സ്ഥാപനങ്ങൾ നേരിട്ട് പോസ്റ്റ് ഓഫീസ് വഴി മണി ഓർഡർ മുഖേന പെൻഷൻ വിതരണം നടത്തിയിരുന്നത് എല്ലാ ഗുണഭോക്താക്കൾക്കും മണി ഓർഡർ അയയ്ക്കുമ്പോൾ മണിഓർഡർ കമ്മീഷൻ ഇനത്തിൽ വലിയൊരു തുകയാണ് തപാൽ വകുപ്പിന് നൽകേണ്ടി വന്നിരുന്നത്.**

ഭർത്താവ് മരണപ്പെടുകയോ 7 വർഷത്തിലധികമായി ഭർത്താവിനെ കാണാനില്ലാത്തതോ ആയവരെ മാത്രമേ വിധവാ പെൻഷന് പരിഗണിക്കുകയുള്ളൂ. ഭർത്താവിനെ 7 വർഷമായി കാണാനില്ലാത്തവരുടെ സംഗതിയിൽ റവന്യൂ അധികാരികൾ നൽകുന്ന വിധവാ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വിധവാ പെൻഷന് അപേക്ഷിക്കാം. കൂടാതെ തുടർച്ചയായി 2 വർഷമെങ്കിലും കേരളത്തിൽ സ്ഥിരതാമസമുള്ള കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ അധികരിക്കാത്തവർക്ക് മാത്രമേ അപേക്ഷിക്കാൻ സാധിക്കുകയുള്ളൂ. മാത്രമല്ല നിയമപരമായി വിവാഹമോചനം നേടിയവരെ വിധവയായി കണക്കാക്കാൻ സാധിക്കുകയില്ല. ഇവർക്ക് വിധവാ പെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ല. ഭർത്താവിൽ നിന്ന് അകന്ന് കഴിയുന്ന വിധവ അല്ലാത്ത സ്ത്രീകൾക്ക് വിധവാ പെൻഷന് അപേക്ഷിക്കാൻ സാധിക്കില്ല. മറ്റാരുടെയെയും സംരക്ഷണത്തിൽ അല്ലാത്ത അഗതി ആയിരിക്കണം അപേക്ഷക. പ്രായപരിധി ഇല്ല.

***അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ***

(1) റേഷൻ കാർഡ് (2) ആധാർ കാർഡ് (3) വരുമാന സർട്ടിഫിക്കറ്റ് (4) പെൻഷൻ ബാങ്കിലേയ്ക്ക് ആണെങ്കിൽ ബാങ്ക് പാസ്സ് ബുക്ക് (5) പുനർ വിവാഹം ചെയ്തിട്ടില്ല എന്ന വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് (6) ഭർത്താവിനെ 7 വർഷമായി കാണാനില്ലാത്തവരുടെ സംഗതിയിൽ റവന്യൂ അധികാരികൾ നൽകുന്ന വിധവാ സർട്ടിഫിക്കറ്റ് (7) ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ് (8) ഭർത്താവ് ഉപേക്ഷിച്ച് 7 വർഷം കഴിഞ്ഞതും പുനർ വിവാഹിതരായിട്ടില്ലാത്തവരുമായ 50 വയസ്സ് കഴിഞ്ഞ സ്ത്രീകൾക്ക് മേൽ വിവരങ്ങൾ കാണിച്ച് വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വിധവാ പെൻഷൻ ലഭിക്കും.

## അവിവാഹിത പെൻഷൻ

കേരളത്തിൽ സ്ഥിരതാമസമുള്ള അവിവാഹിതമായ മറ്റാരുടെയും സംരക്ഷണത്തിൽ അല്ലാത്ത ഒരു ലക്ഷം രൂപയിൽ

കൂടുതൽ കുടുംബ വാർഷിക വരുമാനം അധികരിക്കാത്ത 50 വയസ്സ് പൂർത്തീയായ വർക്കും, 50 വയസ്സ് പൂർത്തിയായ അമ്മമാർക്കും അപേക്ഷിക്കാം.

***അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ***

(1) റേഷൻ കാർഡ് (2) ആധാർ കാർഡ് (3) വരുമാന സർട്ടിഫിക്കറ്റ് (4) പെൻഷൻ ബാങ്കിലേയ്ക്ക് ആണെങ്കിൽ ബാങ്ക് പാസ്സ് ബുക്ക് (5) പുനർ വിവാഹം ചെയ്തിട്ടില്ല എന്ന വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്, പ്രായം തെളിയിക്കുന്നതിനുള്ള ചുവടെപ്പറയുന്ന ഏതെങ്കിലും ആധികാരിക രേഖ (എ) ജനന സർട്ടിഫിക്കറ്റ് (ബി) പാസ്പോർട്ട് (സി) ഡ്രൈവിംഗ് ലൈസൻസ് (ഡി) സ്കൂൾ സർട്ടിഫിക്കറ്റ് (ഇ) അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ് ഇവയൊന്നുമില്ലെങ്കിൽ ഡോക്ടർ നൽകുന്ന ഏജ് സർട്ടിഫിക്കറ്റ് , പ്രായം തെളിയിക്കുന്നതിന് മറ്റ് രേഖകളൊന്നും ഇല്ലായെങ്കിൽ സത്യവാങ്മൂലം.

## കർഷക തൊഴിലാളി പെൻഷൻ

കേരളത്തിൽ 10 വർഷമായി സ്ഥിര താമസമുള്ള കർഷകതൊഴിലാളി ക്ഷേമ നിധിയിൽ അംഗമായ 60 വയസ്സോ അതിനു മുകളിലോ പ്രായമുള്ള കുടുംബവാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ അധികരിക്കാത്ത തോട്ടം തൊഴിലാളി അല്ലാത്തവർക്ക് അപേക്ഷിക്കാം. കൂടാതെ അപേക്ഷകൻ ഭൂവുടമയുടെ കീഴിൽ 10 വർഷമോ അതിൽ കൂടുതലോ കർഷക തൊഴിലാളിയായി ജോലി ചെയ്തിരിക്കണം

***അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ***

(1) റേഷൻ കാർഡ് (2) ആധാർ കാർഡ് (3) വരുമാന സർട്ടിഫിക്കറ്റ് (4) പെൻഷൻ, ബാങ്ക് മുഖേന ആണെങ്കിൽ ബാങ്ക് പാസ്സ് ബുക്ക് (5) പ്രായം തെളിയിക്കുന്നതിനുള്ള ചുവടെ പറയുന്ന ഏതെങ്കിലും ഒരു രേഖ.

(എ) ജനന സർട്ടിഫിക്കറ്റ് (ബി) പാസ്പോർട്ട് (സി) ഡ്രൈവിംഗ് ലൈസൻസ് (ഡി) സ്കൂൾ സർട്ടിഫിക്കറ്റ് (ഇ) അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ് ഇവയൊന്നുമില്ലെങ്കിൽ ഡോക്ടർ നൽകുന്ന ഏജ് സർട്ടിഫിക്കറ്റ്, പ്രായം തെളിയിക്കുന്നതിന് മറ്റ് രേഖകളൊന്നും ഇല്ലായെങ്കിൽ സത്യവാങ്മൂലം

(6) ഭൂവുടമയുടെ സാക്ഷ്യപത്രം, കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുള്ള വിടുതൽ സാക്ഷ്യപത്രം.



## തൊഴിൽ രഹിത വേതനം

* അപേക്ഷകന്/ഉദ്യോഗാർത്ഥിക്ക് 21 വയസ്സ് പൂർത്തിയായിരിക്കണം. ഉയർന്ന പ്രായപരിധി 35 വയസ്സാണ്.

* കുടുംബത്തിന്റെ വാർഷിക വരുമാന പരിധി 12,000/- രൂപയാണ്. വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കണം

* വിദ്യാഭ്യാസ യോഗ്യത- പൊതു വിഭാഗത്തിൽ ഉൾപ്പെടുന്ന അപേക്ഷകർ എസ്.എസ്.എൽ.സി പരീക്ഷ വിജയിച്ചിരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ/വികലാംഗ വിഭാഗക്കാർക്ക് സാധാരണ രീതിയിൽ സ്കൂളിൽ ചേർന്ന് പഠിച്ച് എസ്. എസ്. എൽ. സി. പരീക്ഷയിൽ ഹാജരായാലും മതി. പരീക്ഷ പാസ്സാകണമെന്ന നിബന്ധന ഇല്ല

*പൊതു വിഭാഗം അപേക്ഷകർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് 18 വയസ്സ് തികഞ്ഞതിനുശേഷം മൂന്നു വർഷത്തെ തുടർച്ചയായ രജിസ്ട്രേഷൻ സീനിയോരിറ്റി ഉണ്ടായിരിക്കണം

*പട്ടികജാതി/പട്ടികവർഗ്ഗം/വികലാംഗർ എന്നീ വിഭാഗക്കാർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് 18 വയസ്സിനുശേഷം തുടർച്ചയായി 2 വർഷത്തെ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ സീനിയോരിറ്റി ഉണ്ടായിരിക്കണം

*യഥാസമയം പുതുക്കാത്തതിനാൽ രജിസ്ട്രേഷൻ റദ്ദായാൽ പുനർ-രജിസ്ട്രേഷൻ കഴിഞ്ഞ് 3 വർഷം പൂർത്തീകരിച്ചിരിക്കണം

*പത്താം ക്ലാസ്സിനുശേഷം ഉന്നത വിദ്യാഭ്യാസത്തിന് അഡ്മിഷൻ ലഭിച്ചവരും നിലവിൽ വിദ്യാർത്ഥികളുമായവർ ഈ പദ്ധതിയിൽ അപേക്ഷിക്കാൻ അർഹരല്ല. ഇതിനായി ട്രാൻസ്ഫർ സർട്ടിഫിക്കറ്റിന്റെ അസ്സൽ ഓരോ തവണയും വേതനം കൈപ്പറ്റുന്ന സമയത്ത് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

*അപേക്ഷകൻ സ്വന്തം തദ്ദേശ സ്വയം



ഭരണ സ്ഥാപനത്തിലെ സെക്രട്ടറിയ്ക്ക് അപേക്ഷ സമർപ്പിക്കേണ്ടത്. അപ്പീൽ അധികാരി ജില്ലാ കളക്ടറാണ്.

## സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായത്തിനുള്ള അപേക്ഷ

വൈധവ്യം മൂലം സാമ്പത്തിക ക്ലേശം അനുഭവിക്കുന്ന സ്ത്രീകളുടെ പെൺമക്കളെ നിയമാനുസൃതം വിവാഹം ചെയ്ത് അയയ്ക്കുന്നതിനായി വിധവയായ അമ്മയ്ക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണ്. ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയ്ക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. നിലവിൽ 30,000/- രൂപയാണ് ധനസഹായം.

## അപേക്ഷയിന്മേൽ അന്വേഷണം

അപേക്ഷകൾ തദ്ദേശ സ്ഥാപനത്തിൽ ലഭ്യമാകുന്ന മുറയ്ക്ക് ബന്ധപ്പെട്ട രജിസ്റ്ററിൽ ചേർത്ത് അവ അന്വേഷണ ഉദ്യോഗസ്ഥന് കൈമാറേണ്ടതാണ്.

## അപേക്ഷയുടെ പരിശോധന

സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകന്റെ ഭൗതിക സാഹചര്യങ്ങൾ സർക്കാർ മാനദണ്ഡങ്ങൾക്ക് അനുസൃതമായി പരിശോധന നടത്തി അർഹരായ വ്യക്തികൾക്ക് പെൻഷൻ ഉറപ്പാക്കണം. അതിനാൽ ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷ പ്രാദേശിക സർക്കാരിൽ ലഭിച്ചാൽ ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥൻ അതിന്മേൽ സമഗ്രമായ അന്വേഷണം നടത്തി സെക്രട്ടറിക്ക് റിപ്പോർട്ട് നൽകിക്കഴിഞ്ഞ് സെക്രട്ടറി അതിന്മേൽ പരിശോധന നടത്തിയ ശേഷം മാത്രമേ അപേക്ഷകന്റെ അർഹത അംഗീകരിക്കാൻ സാധിക്കുകയുള്ളൂ.

വിവിധ പെൻഷനുകളുടെ അന്വേഷണ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| |
|---|
| **വാർദ്ധക്യകാല പെൻഷൻ** - വി. ഇ. ഒ (വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ) |
| **വികലാംഗ പെൻഷൻ**<br>ഹെൽത്ത് ഇൻസ്പെക്ടർ<br>(പി. എച്ച്. സി/സി. എച്ച്. സി) |
| **അവിവാഹിത പെൻഷൻ**<br>ഐ. സി. ഡി. എസ്. സൂപ്പർവൈസർ |
| **വിധവാ പെൻഷൻ**<br>ഐ. സി. ഡി. എസ്. സൂപ്പർവൈസർ |
| **കർഷകതൊഴിലാളി പെൻഷൻ**<br>കൃഷി അസിസ്റ്റന്റ് |

അന്വേഷണ റിപ്പോർട്ടിലെ വസ്തുതകൾ സെക്രട്ടറി പരിശോധിച്ച് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കണം. സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അർഹതയുള്ളവ അംഗീകരിക്കുകയും അർഹതയില്ലാത്തത് നിരസിക്കുകയും ചെയ്യണം. സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശകൾ പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമാക്കണം. തുടർന്ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം രേഖപ്പെടുത്തി സേവന പെൻഷൻ വെബ് സൈറ്റിൽ ഡാറ്റാ എൻട്രി പൂർത്തിയാക്കി സെക്രട്ടറി ഡിജിറ്റൽ സൈൻ ചെയ്ത് ഡി.ബി.റ്റി. സെൽ സാധുത നൽകുന്ന തീയതി മുതൽക്ക് മാത്രമേ ഗുണഭോക്താവിന് ആദ്യ പെൻഷൻ ലഭിക്കുകയുള്ളൂ.

എന്നാൽ ഏതെങ്കിലും ഘട്ടത്തിൽ കമ്മിറ്റിക്ക് അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിനോട് യോജിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായാൽ പ്രസ്തുത അപേക്ഷ ഒരു പുനരന്വേഷണത്തിന് വിധേയമാക്കേണ്ടതാണ്.

## അപേക്ഷയുടെ പുനപരിശോധന

സാമൂഹ്യസുരക്ഷാ പെൻഷൻ അപേക്ഷയിന്മേൽ പരിശോധന നടത്തിയ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിനോട് കമ്മിറ്റി വിയോജിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത അപേക്ഷ ഒരു പുനരന്വേഷണത്തിന് വിധേയമാക്കാവുന്നതാണ്. പുനരന്വേഷണത്തിനായി 3 അംഗസമിതി രൂപീകരിച്ചിട്ടുണ്ട്.

## പുനരന്വേഷണ സമിതിയിലെ അംഗങ്ങൾ

1. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ
2. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി
3. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തി

ന്റെ സർക്കാരിലെ മറ്റൊരു ഗസറ്റഡ് ഉദ്യോഗസ്ഥൻ

സമിതി അപേക്ഷയിന്മേൽ പുനരന്വേഷണം നടത്തേണ്ടതും പുതിയ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനം എടുക്കേണ്ടതുമാണ്.

## അപേക്ഷയിന്മേൽ അപ്പീൽ

സാമൂഹ്യ സുരക്ഷ പെൻഷൻ സംബന്ധിച്ച പരാതികളുടെ അപ്പീൽ അധികാരി ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ അതത് ജില്ലകളിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും നഗരസഭകളുടെ കാര്യത്തിൽ അതാത് നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാരുമാണ്.

## പെൻഷൻ വിതരണം

2015 വരെ തദ്ദേശ സ്ഥാപനങ്ങൾ നേരിട്ട് പോസ്റ്റ് ഓഫീസ് വഴി മണി ഓർഡർ മുഖേന പെൻഷൻ വിതരണം നടത്തിയിരുന്നത് എല്ലാ ഗുണഭോക്താക്കൾക്കും മണി ഓർഡർ അയയ്ക്കുമ്പോൾ മണിഓർഡർ കമ്മീഷൻ ഇനത്തിൽ വലിയൊരു തുകയാണ് തപാൽ വകുപ്പിന് നൽകേണ്ടി വന്നിരുന്നത്. സർക്കാരിന് ഇത് വലിയ രീതിയിൽ സാമ്പത്തിക ബാധ്യതയായിരുന്നു. മണിഓർഡർ അയയ്ക്കുന്നത് മൂലം നഷ്ടപ്പെടുന്ന കമ്മീഷൻ തുക ഒഴിവാക്കുന്നതിനായി അവലംബിച്ച രീതിയാണ് പെൻഷൻ തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് കൈമാറുക എന്നത്. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലെയും പെൻഷൻ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട്, പോസ്റ്റ് ഓഫീസ് അക്കൗണ്ട് എന്നീ മാർഗ്ഗങ്ങളിലൂടെ പെൻഷൻ തുക കൈമാറുകയായിരുന്നു ചെയ്തിരുന്നത്. കൂടാതെ സഹകരണ ബാങ്കുകൾ വഴി പെൻഷൻ തുക നേരിട്ട് ഗുണഭോക്താവിന്റെ കൈയിലെത്തിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തി.

## പെൻഷൻ മസ്റ്ററിംഗ്

പെൻഷൻ ലഭിക്കുന്നവരെല്ലാം ജീവിച്ചിരിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നതിന് വേണ്ടിയാണ് മസ്റ്ററിംഗ് നടത്തുന്നത്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന നൽകുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വാങ്ങുന്നവരും ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ വാങ്ങുന്നവരും മസ്റ്ററിംഗ് നടത്തേണ്ടതാണ്. കൂടാതെ സഹകരണ ബാങ്കുകൾ വഴി വീട്ടിൽ നേരിട്ട് കൊണ്ടുവരുന്ന പെൻഷൻ കൈപ്പറ്റുന്നവരും മസ്റ്ററിംഗ് നടത്തണം. പെൻഷൻ വാങ്ങുന്ന വ്യക്തി ആധാറുമായി നിർബന്ധമായി അക്ഷയ സെന്ററിൽ നേരിട്ട് ചെന്ന് സൗജന്യമായി മസ്റ്ററിംഗ് നടത്തേണ്ടതാണ്.

**സാമൂഹ്യസുരക്ഷാ പെൻഷൻ അപേക്ഷയിന്മേൽ പരിശോധന നടത്തിയ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിനോട് കമ്മിറ്റി വിയോജിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത അപേക്ഷ ഒരു പുനരന്വേഷണത്തിന് വിധേയമാക്കാവുന്നതാണ്. പുനരന്വേഷണത്തിനായി 3 അംഗസമിതി രൂപീകരിച്ചിട്ടുണ്ട്.**

## എല്ലാ പെൻഷനുകൾക്കും ബാധകമായ പൊതുമാനദണ്ഡങ്ങൾ

- അപേക്ഷകൻ സ്ഥിരമായി താമസിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലാണ് പെൻഷന് അപേക്ഷിക്കേണ്ടത്.
- അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്
- അപേക്ഷകൻ ആദായ നികുതി നൽകുന്ന വ്യക്തിയാകരുത്.
- അപേക്ഷകൻ കേന്ദ്ര /സംസ്ഥാന/ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് വിരമിക്കുകയും ടി സ്ഥാപനത്തിലെ സ്കീം പ്രകാരം പെൻഷൻ/ കുടുംബ പെൻഷൻ ലഭിക്കുകയും ചെയ്യുന്ന വ്യക്തിയാകരുത്.
- അപേക്ഷകൻ സർവ്വീസ് പെൻഷൻ/ കുടുംബ പെൻഷൻ ലഭിക്കുന്നവർ ആകരുത്. (4000/- രൂപ വരെ എക്സ് ഗ്രേഷ്യ/എൻ.പി. എസ്. പെൻഷൻ വാങ്ങുന്നവർക്ക് ഈ നിബന്ധന ബാധകമല്ല)
- മറ്റ് സാമൂഹ്യക്ഷേമ പെൻഷനുകൾ ഒന്നും തന്നെ ലഭിക്കുന്നവർ അർഹരല്ല.. വികലാംഗർക്ക് ഇത് ബാധകമല്ല ഇ. പി. എഫ്. ഉൾപ്പെടെ പരമാവധി രണ്ട് പെൻഷന് മാത്രമേ അർഹതയുള്ളൂ.
- അപേക്ഷകന്റെ പേരിലോ കുടുംബത്തിന്റെ പേരിലോ രണ്ടേക്കറിൽ കൂടുതൽ വസ്തു ഉണ്ടാകരുത്. പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് ഇത് ബാധകമല്ല
- അപേക്ഷകൻ യാചകനാകാൻ പാടില്ല. അപേക്ഷകൻ അഗതി മന്ദിരത്തിലെ അന്തേവാസിയാകാൻ പാടില്ല.

## ഭൗതിക സാഹചര്യങ്ങളുടെ പരിശോധന

1. 1000 സിസിയിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള, ടാക്സിയല്ലാത്ത, നാലോ അതിലധികമോ ചക്രങ്ങളുള്ള വാഹനങ്ങൾ (അംബാസിഡർ കാർ ഒഴികെ) സ്വന്തമായി/കുടുംബത്തിൽ ഉള്ളവ്യക്തി ആകരുത്.
2. 2000 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ളതും ആധുനിക രീതിയിൽ ഫ്ളോറിംഗ് നടത്തിയിട്ടുള്ളതും കോൺക്രീറ്റ് ചെയ്തതുമായ കെട്ടിങ്ങൾ ഉള്ളവർ ആകരുത്.
3. താമസിക്കുന്ന വീട്ടിൽ എയർ കണ്ടീഷണർ ഘടിപ്പിച്ചിട്ടുള്ളവർ ആകരുത്.

## പ്രായം തെളിയിക്കുന്നതിന് നൽകാവുന്ന രേഖകൾ

ഡ്രൈവിംഗ് ലൈസൻസ്, പാസ്പോർട്ട്, സ്കൂൾ സർട്ടിഫിക്കറ്റ് എന്നീ ആധികാരിക രേഖകൾ സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിക്കുന്നതിന് പ്രായം തെളിയിക്കുന്നതിനുള്ള രേഖയായി ഉപയോഗിക്കാവുന്നതാണ്. മേൽ രേഖകളുടെ അഭാവത്തിൽ മാത്രം അപേക്ഷകന്റെ വയസ്സ് തെളിയിക്കുന്നതിന് മറ്റ് രേഖകളൊന്നും ഇല്ലാ




യെന്ന സ്വയം സാക്ഷ്യപത്രത്തിന്മേൽ ഡോക്ടറുടെ സർട്ടിഫിക്കറ്റ് പെൻഷൻ അനുവദിക്കുന്നതിന് പ്രായം തെളിയിക്കുന്നതിനുള്ള രേഖയായി ഉപയോഗിക്കാവുന്നതാണ്. ഈ വ്യവസ്ഥ ദുരുപയോഗം ചെയ്യുന്നതായി കണ്ടെത്തിയാൽ അത്തരക്കാർ കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നതോടൊപ്പം തുടർന്ന് അവർക്ക് സർക്കാരിൽ നിന്നും സാമൂഹ്യ സുരക്ഷാ പെൻഷൻ ഉൾപ്പെടെ യാതൊരുവിധ ധനസഹായങ്ങൾക്കും അർഹത ഉണ്ടായിരിക്കുന്നതുമല്ല.

### ഓൺലൈൻ പെൻഷൻ സംവിധാനം

സാമൂഹ്യ സുരക്ഷ പെൻഷൻ വിവരങ്ങൾ ലഭ്യമാകുന്ന തദ്ദേശ സ്വയം ഭരണ വകുപ്പ് വെബ് സൈറ്റ് വിലാസം www.welfarepension.lsgkerala.gov.in

വിവിധ പെൻഷനുകൾ സംബന്ധിച്ച മാനദണ്ഡങ്ങൾ, ഉത്തരവുകൾ, പെൻഷൻ സ്റ്റാറ്റസ്, ഓൺലൈൻ അപേക്ഷ തുടങ്ങി എല്ലാ വിവരങ്ങളും പെൻഷൻ വെബ് സൈറ്റിൽ ലഭ്യമാണ്.

### അപേക്ഷ സമർപ്പിക്കുന്നതിന് ഓൺലൈൻ സംവിധാനം

സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ ഓൺലൈൻ വഴി അപേക്ഷിക്കാവുന്നതാണ്. www.welfatrepension.lsgkerala.gov.in എന്ന വെബ് സൈറ്റിൽ നിന്നും ഇ-ഫയലിംഗ് തിരഞ്ഞെടുത്ത ശേഷം പുതിയ യൂസർ രജിസ്ട്രേഷൻ നടത്തി ഇ-ഫയൽ ചെയ്യാവുന്നതാണ്.

1. യൂസർ രജിസ്റ്റർ ചെയ്ത് ലോഗിൻ ചെയ്യുക
2. New Application തിരഞ്ഞെടുക്കുക
3 പെൻഷൻ ടൈപ്പ് സെലക്ട് ചെയ്യുക (വാർദ്ധക്യം, കർഷക തൊഴിലാളി etc.)
4 ആധാർ നമ്പർ വെരിഫൈ ചെയ്യുക
5 അഡ്രസ്സ്, പെൻഷൻ വിതരണ രീതി മുതലായവ രേഖപ്പെടുത്തുക
6 ചുവടെ നൽകുന്ന രേഖകളിൽ ബാധകമായതെല്ലാം അറ്റാച്ച് ചെയ്യുക
6.1 ആധാർ കാർഡ്
6.2 റേഷൻ കാർഡ്
6.3 വരുമാന സർട്ടിഫിക്കറ്റ്
6.4 തിരിച്ചറിയൽ കാർഡ്
6.5 പ്രായം തെളിയിക്കുന്നതിനുള്ള ആധികാരിക രേഖ
6.6 പാസ്പോർട്ട് സൈസ് ഫോട്ടോ
6.7 മരണ സർട്ടിഫിക്കറ്റ് (വിധവാ പെൻഷന് മാത്രം)
6.8 പുനർവിവാഹം ചെയ്തിട്ടില്ലെന്ന സാക്ഷ്യപത്രം (വിധവാ, അവിവാഹിത പെൻഷൻ)
7.. ഡാറ്റാ എൻട്രി പൂർത്തിയാക്കി സബ്മിറ്റ് ചെയ്യുക
8. റിപ്പോർട്ട് പ്രിന്റ് എടുത്ത് അനുബന്ധ രേഖകൾ സഹിതം തദ്ദേശ സ്ഥാപനത്തിൽ സമർപ്പിക്കുക.

### പെൻഷൻ വിവരങ്ങൾ - ഓൺലൈൻ പരിശോധന

സാമൂഹ്യസുരക്ഷാ പെൻഷൻ വിവരങ്ങൾ www.welfarepension.lsgkerala.gov.in എന്ന വെബ്സൈറ്റ് വഴി ഏതൊരാൾക്കും പരിശോധിക്കാവുന്നതാണ്.

വെബ് സൈറ്റിൽ നിന്നും പെൻഷൻ തിരച്ചിൽ എന്ന ലിങ്ക് സെലക്ട് ചെയ്യുക

പെൻഷണർ ഐഡി/ആധാർ നമ്പർ/ അക്കൗണ്ട് നമ്പർ ഇവയിൽ ഏതെങ്കിലും ഒരു വിവരങ്ങൾ നൽകി പെൻഷൻ വിവരങ്ങൾ തിരയുക.

നൽകിയ വിവരങ്ങൾ ശരിയാണെങ്കിൽ ഗുണഭോക്താവിന്റെ പെൻഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകും. ☐

*(ലേഖകൻ കോട്ടയം ജില്ലാ പഞ്ചായത്തിലെ ഹെഡ് ക്ലാർക്കാണ്)*



# സ്ത്രീപക്ഷ കേരളത്തിനായി ഒരുക്കാം സ്ത്രീസൗഹൃദ അടിസ്ഥാനസൗകര്യങ്ങൾ

■ രേഷ്മ ചന്ദ്രൻ

ലിംഗ തുല്യതക്കായി നടത്തുന്ന പ്രവർത്തനങ്ങളുടെ ആക്കം കൂട്ടുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ക്യാമ്പയിനാണ് സ്ത്രീ പക്ഷ കേരളം. അവകാശങ്ങൾ നേടുന്നതിന് ഒപ്പം സ്ത്രീധനത്തിനും സ്ത്രീപീഡനത്തിനുമെതിരെ പ്രതിരോധം സൃഷ്ടിക്കാനും സമൂഹത്തെ സജ്ജമാക്കാനും ക്യാമ്പയിൻ ലക്ഷ്യമിടുന്നു. സാംസ്കാരികം, രാഷ്ട്രീയം, അധികാരം, പൊതു സൗകര്യങ്ങൾ തുടങ്ങി സമസ്ത രംഗങ്ങളിലും മാറ്റം ഉണ്ടാകണം. ഇതിൽ പ്രധാനപ്പെട്ട ഒന്നാണ് സ്ത്രീ സൗഹൃദ അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ.

ഇന്നത്തെ തലമുറയിലെ കുട്ടികളിൽ നിന്ന് തന്നെ തുടങ്ങാം. അവർ അധികസമയവും ചിലവഴിക്കുന്നത് വിദ്യാലങ്ങളിലും കോച്ചിംഗ് സെന്ററുകളിലും ആയിരിക്കും. ഇതിൽ പലയിടത്തും ശുചിമുറി പോലെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ല. ഇക്കാരണത്താൽ പല കുട്ടികളും വെള്ളം പോലും സമയത്ത് കുടിക്കാൻ മടിക്കുന്നു. ഇത് പിന്നീട് യൂറിനറി ഇൻഫെക്ഷൻ പോലെയുള്ള ആരോഗ്യ പ്രശ്നങ്ങളിലേക്ക് നയിക്കുന്നു. ഇനി ആർത്തവമുള്ള കുട്ടികളുടെ കാര്യമാണെങ്കിൽ പറയുകയും വേണ്ട. ഒരു നിശ്ചിത സമയത്തിൽ അധികം ഒരേ ആർത്തവ ഉൽപന്നം തന്നെ ഉപയോഗിക്കുന്നതിലൂടെ ചൊറിച്ചിൽ, ഇൻഫെക്ഷൻ മുതലായ പല ആരോഗ്യ പ്രശ്നങ്ങളും വന്നേക്കാം. ആരാണ് ഇതിനെല്ലാം ഉത്തരവാദിത്തം ഏറ്റെടുക്കുക?

ഇനി തൊഴിലിടങ്ങൾ എടുത്താലും പലപ്പോഴും ഇത് തന്നെ ആയിരിക്കും അവസ്ഥ. ഇവയ്ക്കൊക്കെ എന്താണ് പരിഹാരം? ഇതിനു പരിഹാരമായി വീടുകളിൽ നിന്ന് തുടങ്ങി എല്ലാ കെട്ടിട സമുച്ചയങ്ങളും പൊതു സംവിധാനങ്ങളും സ്ത്രീ സൗഹൃദമായി തീരേണ്ടതുണ്ട്.

അതിൽ ശ്രദ്ധിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട ചിലത് ചുവടെ ചേർക്കുന്നു.

1. ശുചിമുറിയോടു കൂടിയ വിശ്രമ കേന്ദ്രങ്ങൾ
2. വെൽനെസ്സ് സെന്ററുകൾ
3. ആർത്തവവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ




## ശുചിമുറിയോടു കൂടിയ വിശ്രമ കേന്ദ്രങ്ങൾ

എല്ലാ പ്രദേശങ്ങളിലും സ്ത്രീകൾക്ക് ഏതുസമയത്തും ഉപയോഗിക്കാനാവുന്ന വിധത്തിൽ ശുചിമുറിയോടു കൂടിയ വിശ്രമകേന്ദ്രങ്ങൾ അനിവാര്യമാണ്. ഇവയ്ക്കുള്ളിൽ മുലയൂട്ടാൻ ആവശ്യമായ സ്ഥലം, സാനിറ്ററി നാപ്കിൻ ഡിസ്പെൻസർ, നാപ്കിൻ ഡിസ്ട്രോയർ, മാലിന്യ ശേഖരണ സംവിധാനം എന്നിവയും ഉറപ്പാക്കണം.

സംസ്ഥാന സർക്കാരിന്റെ 'ടേക്ക് എ ബ്രേക്ക്' പദ്ധതി ഇതിന് ഉദാഹരണമാണ്. പൊതുശുചിമുറി സമുച്ചയങ്ങളും വഴിയോര വിശ്രമകേന്ദ്രങ്ങളും അടങ്ങുന്നതാണ് ടേക്ക് എ ബ്രേക്ക് പദ്ധതി. ഇതിന്റെ നടത്തിപ്പ് ചുമതല കുടുംബശ്രീക്കാണ്. ഇത്തരത്തിലുള്ള സംവിധാനങ്ങൾ ഉറപ്പാക്കുന്നതിലൂടെ യാത്രയ്ക്കിടയിൽ സ്ത്രീകൾ നേരിടുന്ന പല ബുദ്ധിമുട്ടുകളും മറികടക്കാനാകും. ഇതിലൂടെ കൂടുതൽ സ്ത്രീകളെ രംഗത്ത് എത്തിക്കാനുമാകും.

സംസ്ഥാന സർക്കാരിന്റെ 'ടേക്ക് എ ബ്രേക്ക്' പദ്ധതി ഇതിന് ഉദാഹരണമാണ്. പൊതുശുചിമുറി സമുച്ചയങ്ങളും വഴിയോര വിശ്രമകേന്ദ്രങ്ങളും അടങ്ങുന്നതാണ് ടേക്ക് എ ബ്രേക്ക് പദ്ധതി. ഇതിന്റെ നടത്തിപ്പ് ചുമതല കുടുംബശ്രീക്കാണ്.

## വെൽനെസ്സ് സെന്റർ

ദേശീയ കുടുംബാരോഗ്യ സർവ്വേയുടെ കണക്ക് പ്രകാരം നല്ലൊരു ശതമാനം സ്ത്രീകളിലും ശരീര ഭാരം വർധിച്ച വരുന്നതായി കണ്ടു. ഇത് മറ്റ് പല ജീവിതശൈലി രോഗങ്ങളിലേക്കും വഴി തെളിക്കുന്നു. ഇത്തരത്തിലുള്ള പല രോഗങ്ങളെയും പ്രതിരോധിക്കാനായി വ്യായാമം അനിവാര്യമാണ്. ഇതിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ എല്ലാ പ്രദേശങ്ങളിലും ലഭ്യമല്ലാത്തതിനാൽ തന്നെ പലരും പിന്നോട്ട് പോകുന്നു.


ഈ സാഹചര്യത്തിൽ ജീവിത ശൈലിയിൽ മാറ്റം വരുത്തേണ്ടത് അനിവാര്യമാണ്. കൃത്യമായ വ്യായാമം, പോഷക സമൃദ്ധമായ ഭക്ഷണം, കൃത്യമായ ഇടവേളകളിലുള്ള ആരോഗ്യ പരിശോധന എന്നിവയിലൂടെ മാത്രമേ ജീവിത ശൈലി രോഗത്തെ പ്രതിരോധിക്കാൻ സാധിക്കുകയുള്ളൂ. അതിനായി വ്യായാമം ചെയ്യുന്നതിനോടൊപ്പം തന്നെ ചില പ്രാഥമിക മെഡിക്കൽ ചെക്കപ്പുകൾ നടത്തുന്നതിനുള്ള സൗകര്യം (ബോഡി മാസ്സ് ഇൻഡക്സ്, ഷുഗർ, ബ്ലഡ് പ്രഷർ കൊളസ്ട്രോൾ, മുതലായവ പരിശോധനകൾ), ഇവ സംബന്ധിച്ച് കൃത്യമായി മാർഗ്ഗനിർദ്ദേശം നൽകാൻ വൈദഗ്ധ്യമുള്ളവരുടെ സാനിധ്യം എന്നിവ ഉൾകൊള്ളുന്ന കേന്ദ്രങ്ങൾ എല്ലാ പഞ്ചായത്തിലും നഗരസഭകളിലും ഉണ്ടാകേണ്ടതുണ്ട്. ഇത്തരത്തിൽ പഞ്ചായത്ത് നഗരസഭ തലത്തിൽ എല്ലാ സംവിധാനങ്ങളോടു കൂടിയും വ്യായാമ പരിശീലനത്തിൽ പ്രത്യേക പരിശീലനം ലഭിച്ച വോളന്റിയർമാരെ ഉൾപ്പെടുത്തിയും ഒരു മാസ്റ്റർ വെൽനെസ്സ് സെന്ററും, അതിനു താഴെയായി കുടുംബാരോഗ്യ കേന്ദ്രങ്ങളെ ഉപ-വെൽനെസ്സ് സെന്ററുകളായി കാണാനും അതിനു താഴെ ഈ പ്രത്യേക പരിശീലനം നേടിയ വോളന്റിയർമാരെ ഉപയോഗിച്ച് വാർഡ് തലത്തിൽ ചെറിയ ക്ലസ്റ്ററുകൾ രൂപപെടുത്തി സ്ത്രീകൾക്ക് പരിശീലനം നൽകാനും സാധിക്കണം. ഇത്തരത്തിൽ ശാരീരിക ക്ഷമത ഉയർത്താൻ ആവശ്യമായ അടിസ്ഥാന സൗകര്യം ഉൾക്കൊള്ളുന്ന ഒരു ശൃംഖലക്ക് രൂപം നൽകാൻ കഴിയണം. ഇതിലൂടെ എല്ലാ തലത്തിലുമുള്ള സ്ത്രീകൾക്ക് വ്യായാമം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനാകും. അതിലൂടെ പല ജീവിതശൈലി രോഗങ്ങളെയും പ്രതിരോധിക്കാം.

## ആർത്തവവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ

ആർത്തവമുള്ള സ്ത്രീകളിൽ പലരും ആർത്തവ സമയത്ത് പല ബുദ്ധിമുട്ടുകളും നേരിടാറുണ്ട്. അതിൽ ഒന്നാണ് അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതക്കുറവ്. ഇത് ആർത്തവ ദിവസങ്ങളിൽ അവരുടെ സഞ്ചാര സ്വാതന്ത്രത്തെ വിലക്കുന്നു. ഈ സാഹചര്യത്തിൽ അവർക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും ഉറപ്പാക്കേണ്ടതുണ്ട്. ഇതിൽ ആർത്തവ ഉൽപ്പന്നങ്ങൾ, ശുചിമുറി, വെള്ളം, സോപ്പ് മുതലായവ ഉൾപ്പെടുന്നു. ഇത്തരത്തിൽ ആർത്തവ സമയത്ത് തങ്ങൾക്ക് ആവശ്യമായ സംവിധാനങ്ങൾ എല്ലായിടത്തും ലഭ്യമാണെന്ന് ബോധ്യപ്പെട്ടു കഴിഞ്ഞാൽ ഒട്ടനേകം സ്ത്രീകൾ മുന്നോട്ടുവരും. ഇത് വിദ്യാഭ്യാസ രംഗത്തും തൊഴിൽ രംഗത്തും മാറ്റങ്ങൾ സൃഷ്ടിക്കും.

ഇത്തരത്തിൽ സൗഹൃദ അടിസ്ഥാന സൗകര്യങ്ങൾ കൊണ്ടുവരുന്നതിലൂടെ അവർ അനുഭവിക്കുന്ന ധാരാളം പ്രശ്നങ്ങൾ പരിഹരിക്കാനാവും. സ്ത്രീകൾക്ക് തങ്ങളുടെ അവകാശങ്ങളെപ്പറ്റിയും മൂല്യത്തെപ്പറ്റിയും നാം ബോധവൽക്കരണവും പിന്തുണയും നൽകുന്നതിനോടൊപ്പം തന്നെ അവർക്കുള്ളിലെ ആത്മവിശ്വാസം വളർത്താനായി ഇത്തരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു. □

*(ലേഖിക ഐഐറ്റി മദ്രാസിലെ ഗവേഷകയാണ്.)*



# തൊഴിൽ തന്നെ മുഖ്യം

ആധുനിക ലോകത്തും തൊഴിലില്ലായ്മ ഗുരുതരമായ ഒരു സാമൂഹ്യ സാമ്പത്തിക വിപത്ത് തന്നെയാണ്. സാമൂഹ്യ ദുരിതങ്ങളിൽ ഏറ്റവും ഹൃദയഭേദകം തൊഴിലില്ലായ്മയാണെന്ന് ജെയ്ൻ ആഡംസ് പറഞ്ഞിട്ടുള്ളത് എത്ര സത്യമാണ്. തൊഴിലില്ലായ്മ പരിഹരിക്കുന്ന കാര്യത്തിൽ കേരള സർക്കാർ നിരവധി പദ്ധതികളാണ് നടപ്പാക്കുന്നത്. കേരളത്തെ ഒരു വൈജ്ഞാനിക സമൂഹവും നവ വൈജ്ഞാനിക സമ്പദ് വ്യവസ്ഥയുമാക്കി മാറ്റി തൊഴിലില്ലായ്മ ഘട്ടം ഘട്ടമായി കുറച്ച് പൂർണ്ണമായും ഇല്ലാതാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പാക്കുന്നതെന്ന് കാസർകോട് ജില്ലാ പഞ്ചായത്തിന്റെ ദർപ്പണം പദ്ധതി അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ ഉദ്ഘാടനം ചെയ്ത് ബഹു. തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി ശ്രീ. ഗോവിന്ദൻ മാസ്റ്റർ സൂചിപ്പിച്ചത് ഏറെ പ്രാധാന്യം അർഹിക്കുന്നു.

കേരളം പല കാര്യങ്ങളിലും ലോകത്തിന് മാതൃകയാണ്. കേരളത്തിലെ തൊഴിൽ ആവശ്യമുള്ളവരുടെ കണക്കെടുപ്പ് വീടുകൾ തോറും കയറി കുടുംബശ്രീ മുഖാന്തിരം നടത്തിയിരുന്നു. കേരളത്തിൽ പ്ലസ് ടു വിദ്യാഭ്യാസത്തിന് മുകളിൽ യോഗ്യതയുള്ള അറുപത് ലക്ഷത്തോളം ആളുകൾ ഉണ്ട്. തൊഴിൽ അന്വേഷകരെയും തൊഴിൽ ദാതാക്കളെയും ഒറ്റ വേദിയിൽ കൊണ്ടുവന്ന് രജിസ്റ്റർ ചെയ്യിക്കുകയും ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായത്തോടെ ഉദ്യോഗാർത്ഥികളുടെ അഭിരുചികൾക്കനുസരിച്ച് തരം തിരിച്ച് ഉചിതമായ തൊഴിൽ മേഖലകളിലേക്ക് അവർക്ക് വഴികാട്ടി വിപുലമായ പ്രവർത്തനങ്ങളിലൂടെ മുപ്പത് ലക്ഷം പേരെ പരിശീലിപ്പിക്കാനും ഇരുപത് ലക്ഷം പേർക്ക് തൊഴിൽ നൽകാനും സാധിക്കുമെന്നാണ് പ്രതീക്ഷ.

യുവജനങ്ങളിൽ ഇംഗ്ലീഷ് ഭാഷാ നൈപുണ്യ വികസനത്തിലും ഇന്റർവ്യൂ മുതലായവ അഭിമുഖീകരിക്കുമ്പോൾ ആത്മവിശ്വാസം വളർത്തിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളിലും സൂക്ഷ്മശ്രദ്ധയാണ് സർക്കാർ പുലർത്തി വരുന്നത്. ഇതിനായി ബ്രിട്ടീഷ് കൗൺസിലുമായി സർക്കാർ കരാർ ഒപ്പുവച്ചിട്ടുണ്ട്. 'ഷീ കോച്ചസ്' എന്ന പേരിൽ കുടുംബശ്രീ കൂടുതൽ പേരെ നിയമിച്ച് പ്രവ ർത്തനങ്ങൾ ഊർജ്ജിതമാക്കാനാണ് ലക്ഷ്യം. വർക്ക് ഫ്രം ഹോം, വർക്ക് നിയർ ഹോം അവസരങ്ങൾ യുവജനതക്ക് പ്രാപ്യമാക്കും. വിവര സാങ്കേതിക വിദ്യ സൃഷ്ടിക്കുന്ന പുതിയ തൊഴിലുകളെ സ്വായത്തമാക്കാൻ അഭ്യസ്തവിദ്യരെ പ്രാപ്തരാക്കുന്ന കാര്യത്തിൽ നമ്മൾ ഏറെ മുന്നേറിക്കഴിഞ്ഞു. □



# അൽപം ആരോഗ്യവിശേഷം

വ്യക്തിയുടെ ദൈനംദിന ജീവിതചര്യയുമായി ബന്ധപ്പെട്ട്കിടക്കുന്ന ജീവിതശൈലി രോഗങ്ങൾ വർദ്ധിച്ചുവരുന്ന ഒരു കാലഘട്ട മാണിത്. തെറ്റായ ആഹാരരീതി, വ്യായാമക്കു റവ്, മദ്യപാനം, പുകയില ഉൽപന്നങ്ങളുടെ ഉപയോഗം (Modifiable Behavioural Risk Factors) എന്നിവയിലൂടെ ഹൃദ്രോഗം, പക്ഷാഘാതം, ടൈപ്പ് 2 ഡയബറ്റിക്സ്, അമി തവണ്ണം എന്നിവ സാധാരണക്കാരിൽ വർദ്ധിച്ചുവരുന്നത് ആരോഗ്യമേഖലയെ ഒട്ടൊ ന്നുമല്ല ആശങ്കപ്പെടുത്തുന്നത്. ആഗോളതല കണക്കുകൾ ഈ വിഷയത്തിൽ ശ്രദ്ധിക്കേ ണ്ടതാണ്. ലോകാരോഗ്യ സംഘടനയുടെ കണക്ക് പ്രകാരം 7 മില്ല്യൺ ആളുകൾ ഓരോ വർഷവും പുകയില ഉൽപന്നങ്ങളുടെ ഉപയോ ഗത്തിലൂടെ മരണപ്പെടുന്നു. ആഹാരത്തിലെ അമിത സോഡിയം ഉപയോഗത്തിലൂടെ മാത്രം 4.1 മില്ല്യൺ ആളുകൾക്ക് ജീവഹാനി സംഭവിക്കുന്നുണ്ട്. മദ്യപാനത്തിലൂടെ 1.65 മില്ല്യൺ ആളുകൾ പ്രതിവർഷം പകർച്ച വ്യാധികളല്ലാത്ത (Non Communicable Diseases) രോഗങ്ങളിലൂടെ മരണപ്പെടുന്നു ണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. മാറ്റങ്ങൾ വരുത്തുവാൻ കഴിയുന്ന ജീവിതരീ തികളിൽ ആശാസ്യമായ ക്രമീകരണങ്ങൾ വരുത്തേണ്ടത് നല്ല ആരോഗ്യത്തിലേക്കുള്ള ചുവടുവെയ്പായി കണക്കാക്കേണ്ടതാണ്.

'അൽപം ശ്രദ്ധ ആരോഗ്യം ഉറപ്പ്' എന്ന ക്യാമ്പയിനിലൂടെ ജീവിതശൈലി രോഗങ്ങളെ ചെറുക്കാനുള്ള പുറപ്പാടിലാണ് സംസ്ഥാന സർക്കാർ. ഈ ക്യാമ്പയിന്റെ ഭാഗമായി മുപ്പതു വയസ്സിനുമുകളിലുള്ള അഞ്ചു ലക്ഷത്തി ലധികം പേരെ വീട്ടിലെത്തി ജീവിതശൈലി രോഗനിർണ്ണയ സ്ക്രീനിങ് നടത്തിക്കഴിഞ്ഞു. ഇ-ഹെൽത്ത് വികസിപ്പിച്ചെടുത്ത ശൈലീ ആപ്ലിക്കേഷനിലൂടെ ആരോഗ്യപ്രവർത്തകർ ഗൃഹസന്ദർശനം നടത്തി വിവരങ്ങൾ ശേഖ രിക്കുന്നു. മുപ്പതു വയസ്സിന് മുകളിലുള്ളവരെ വീട്ടിലെത്തി സൗജന്യ രോഗനിർണ്ണയവും ആവശ്യമുള്ളവർക്ക് ചികിത്സയും ലഭ്യമാക്കു ന്നു. ആദ്യ ഘട്ടമായി സംസ്ഥാനത്തെ 140 നിയോജകമണ്ഡലത്തിലേയും ഓരോ പഞ്ചാ യത്തിലാണ് പദ്ധതി ആരംഭിച്ചിട്ടുള്ളത്.

ആകെ 502128 പേരെ സ്ക്രീനിങിന് വിധേ യമാക്കിയതിൽ 106312 (21.17 ശതമാനം) പേർ ഏതെങ്കിലും തരത്തിലുള്ള ഗുരുതര രോഗം വരുന്നതിനുള്ള റിസ്ക്ഫാക്ടർ ഗ്രൂപ്പി ലാണ് വന്നിട്ടുള്ളത്. ഇവരെ വിദഗ്ധ പരി ശോധനക്ക് വിധേയമാക്കിയിരിക്കുകയാണ്. 11.49 ശതമാനം പേർക്ക് ( 57674 ) രക്താതി സമ്മർദ്ദവും , 8.9 ശതമാനം പേർക്ക് (44667) പ്രമേഹവും 4.14 ശതമാനം പേർക്ക് (20804) ഇവ രണ്ടും സ്ഥിരീകരിച്ചിട്ടുണ്ട്. 6139 പേരെ ഗർഭാശയ കാൻസറിനും, 34362 പേരെ സ്ത നാർബുദത്തിനും , 2214 പേരെ വദനാർബു ദത്തിനും സ്ഥിരീകരണത്തിന് വേണ്ടി റഫർ ചെയ്തിട്ടുണ്ട്.







**ലോകാരോഗ്യ സംഘടനയുടെ കണക്ക് പ്രകാരം 7 മില്ല്യൺ ആളുകൾ ഓരോ വർഷവും പുകയില ഉൽപന്നങ്ങളുടെ ഉപയോഗത്തിലൂടെ മരണപ്പെടുന്നു. ആഹാരത്തിലെ അമിത സോഡിയം ഉപയോഗത്തിലൂടെ മാത്രം 4.1 മില്ല്യൺ ആളുകൾക്ക് ജീവഹാനി സംഭവിക്കുന്നുണ്ട്.**



ജില്ലകളിൽ , 81876 പേരെ സ്ക്രീനിങ്ങിന് വിധേയമാക്കിയ മലപ്പുറം ജില്ലയാണ് മികച്ച പ്രകടനവുമായി ഒന്നാമത്. തൊട്ടടുത്ത് 59291 പേരെ പരിശോധനക്ക് വിധേയമാക്കി തൃശ്ശൂർ ജില്ലയാണ്. മൂന്നാം സ്ഥാനത്ത് 50979 പേരെ സ്ക്രീനിങ് നടത്തി ആലപ്പുഴ ജില്ലയുണ്ട്.

സർക്കാർ തലത്തിലെ ഈ പ്രവർത്തനങ്ങളോട് ആരോഗ്യകരമായ ആഹാരരീതികൾ, ചിട്ടയായ വ്യായാമം എന്നിവ ശീലമാക്കിയും ലഹരിപദാർത്ഥങ്ങൾ ഉപേക്ഷിച്ചും നമുക്കും പങ്ക്ചേരാം. □




*ബ്രിട്ടീഷ് ഡെപ്യൂട്ടി ഹൈ കമ്മീഷണർ അന ഷോട്ട്ബോൾട്ട് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പി.ഐ ശ്രീവിദ്യയിൽ നിന്നും ഉപഹാരം സ്വീകരിക്കുന്നു. സിന്ധു ശശി, ജഹാംഗീർ എന്നിവർ സമീപം.*

# കുടുംബശ്രീക്ക് അഭിമാനമായി

## ബ്രിട്ടീഷ് ഡെപ്യൂട്ടി ഹൈ കമ്മീഷണറുടെ സന്ദർശനം

**■ ആശ എസ്. പണിക്കർ**

കുടുംബശ്രീ മുഖേന സംസ്ഥാനത്ത് നടപ്പാക്കി വരുന്ന സ്ത്രീശാക്തീകരണ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളെ അടുത്തറിയുന്നതിനു വേണ്ടി ബ്രിട്ടീഷ് ഡെപ്യൂട്ടി ഹൈ കമ്മീഷണർ അന ഷോട്ട്ബോൾട്ട് നടത്തിയ സന്ദർശനം കുടുംബശ്രീക്കും സംരംഭകർക്കും സമ്മാനിച്ചത് അഭിമാന നിമിഷങ്ങൾ. കേരളത്തിന്റെയും കർണാടകയുടെയും ചുമതല വഹിക്കുന്ന ബ്രിട്ടീഷ് ഡെപ്യൂട്ടി ഹൈക്കമ്മീഷണർ അന ഷോട്ട്ബോൾട്ട് ഇതാദ്യമായാണ് കുടുംബശ്രീ സന്ദർശിക്കുന്നത്.

നഗരസഭാ പ്രദേശത്ത് മികച്ച രീതിയിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ സംരംഭം സന്ദർശിക്കണമെന്നായിരുന്നു ബ്രിട്ടിഷ് ഹൈക്കമ്മീഷണർ അന ഷോട്ട് ബോൾട്ടിന്റെ ആവശ്യം. ഇതു സംബന്ധിച്ച ഔദ്യോഗിക അറിയിപ്പ് ലഭിച്ച ഉടൻ തന്നെ കുടുംബശ്രീ അധികൃതർ സന്ദർശനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മികച്ച രീതിയിൽ ഏകോപിപ്പിച്ചു. തിരുവനന്തപുരത്ത് കഴക്കൂട്ടം നഗരസഭാ സി.ഡി.എസ് ഒന്നിൽ ഉൾപ്പെട്ട പള്ളിപ്പുറം വാർഡിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ സംരംഭമായ കരുണ ഫിറ്റ്നെസ് ട്രെയിനിങ്ങ് സെന്ററിലാണ് ഇതിനായുള്ള സജ്ജീകരണങ്ങൾ ഒരുക്കിയത്. സംസ്ഥാനത്ത് കുടുംബശ്രീ മുഖേന നടപ്പാക്കുന്ന ദേശീയ നഗര ഉപജീവന ദൗത്യം പദ്ധതിയുടെ ഭാഗമായി രൂപീകരിച്ച സംരംഭമാണിത്. മഹാലക്ഷ്മി അയൽക്കൂട്ട അംഗങ്ങളായ സന്ധ്യ, വത്സല, ദീപ, സജിത എന്നിവർ ചേർന്നാണ് സംരംഭം നടത്തുന്നത്.

ജൂൺ ഏഴിന് ഉച്ചയ്ക്ക് ഒന്നരക്കാണ് അന ഷോട്ട്ബോൾട്ട് എത്തിയത്. അനയുടെ



*ബ്രിട്ടീഷ് ഡെപ്യൂട്ടി ഹൈ കമ്മീഷണർ അന ഷോട്ട്ബോൾട്ട് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പി.ഐ ശ്രീവിദ്യ, യൂണിറ്റ് അംഗങ്ങൾ, സംസ്ഥാന ജില്ലാമിഷൻ ഉദ്യോഗസ്ഥർ, കുടുംബശ്രീ പ്രവർത്തകർ എന്നിവർക്കൊപ്പം*

രാഷ്ട്രീയ സാമ്പത്തിക ഉപദേഷ്ടാവ് മഞ്ജു നാഥ്, ഇൻവേഡ് ഇൻവെസ്റ്റ്മെന്റ് അഡ്വൈസർ ഉപാസന ശ്രീകാന്ത് എന്നിവർക്കൊപ്പമായിരുന്നു സന്ദർശനം. യൂണിറ്റിലെത്തിയ അന ഷോട്ട്ബോൾട്ടിനെയും സംഘത്തെയും കുടുംബശ്രീക്കു വേണ്ടി എക്സിക്യൂട്ടീവ് ഡയറക്ടർ പി.ഐ ശ്രീവിദ്യ, പ്രോഗ്രാം ഓഫീസർ(അർബൻ) ജഹാംഗീർ, സ്റ്റേറ്റ് പ്രോഗ്രാം മാനേജർമാരായ പ്രിയാ പോൾ, കെ.ബി സുധീർ, സി.ഡി.എസ് ചെയർപേഴ്സൺ സിന്ധു ശശി എന്നിവർ ചേർന്നു സ്വീകരിച്ചു. പിന്നീട് അന ഷോട്ട് ബോൾട്ടും സംഘവും സംരംഭകരെയും കുടുംബശ്രീ ഉദ്യോഗസ്ഥരെയും പരിചയപ്പെട്ടു. അതിനു ശേഷം കുടുംബശ്രീ ഉദ്യോഗസ്ഥർ, എൻ.യു.എൽ.എം പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്ന കമ്യൂണിറ്റി ഓർഗനൈസർ, സി.ഡി.എസ്, എ.ഡി.എസ് പ്രവർത്തകർ, സംരംഭകർ എന്നിവരെ ഉൾപ്പെടുത്തി സംഘടിപ്പിച്ച യോഗത്തിൽ ഉപജീവന സാമൂഹ്യ സുരക്ഷാ മേഖലകളിലടക്കം സംസ്ഥാനത്ത് കുടുംബശ്രീ നടത്തി വരുന്ന പ്രമുഖ പദ്ധതികളെ സംബന്ധിച്ച് എക്സിക്യൂട്ടീവ് ഡയറക്ടർ പി.ഐ ശ്രീവിദ്യ വിശദീകരിച്ചു.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പദ്ധതി വിശദീകരണത്തിനു ശേഷം അന ഷോട്ട്ബോൾട്ട് സംരംഭകർ, സി.ഡി.എസ് ചെയർപേഴ്സൺ സിന്ധു ശശി, എൻ.യു.എൽ.എം കമ്യൂണിറ്റി ഓർഗനൈസർ ദീപാ ഹരിനാരായണൻ, എ.ഡി.എസ് സെക്രട്ടറി അജിത.എൽ, മെമ്പർ സെക്രട്ടറി ലേഖാ കുമാരി എന്നിവരുമായി സംവദിച്ചു. ഫിറ്റ്നെസ് ട്രെയിനിങ് സെന്ററിന്റെ പ്രവർത്തനരീതികളും സംരംഭം തുടങ്ങാനുള്ള പ്രചോദനം എന്തായിരുന്നുവെന്നും ചോദിച്ചറിഞ്ഞു. അന ഷോട്ട്ബോൾട്ട് സി.ഡി.എസ് അധ്യക്ഷയുടെ ചുമതലകൾ എന്തെല്ലാമാണെന്ന് വ്യക്തമായി ചോദിച്ചു മനസിലാക്കുകയും ചെയ്തു.

**രാഷ്ട്രീയ സാമൂഹിക രംഗങ്ങളിൽ കുടുംബശ്രീ വനിതകളുടെ ദൃശ്യപരതയും മുന്നേറ്റവും അഭിനന്ദനാർഹം -അന ഷോട്ട് ബോൾട്ട്**

കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിൽ സ്ത്രീകൾ ജനാധിപത്യരീതിയിൽ തിരഞ്ഞെടുക്കപ്പെടുന്ന രീതിയും അതുവഴി രാഷ്ട്രീയ സാമൂഹിക രംഗങ്ങളിൽ അവരുടെ ദൃശ്യപരതയും മുന്നേറ്റവും അഭിനന്ദനാർഹമാണെന്ന് അന ഷോട്ട് ബോൾട്ട് പറഞ്ഞു. കുടുംബശ്രീ മുഖേന ഉപജീവന മേഖലയിൽ നടപ്പാക്കുന്ന സംരംഭങ്ങളുടെ വൈവിധ്യം, സാമൂഹ്യസുരക്ഷാ മേഖലയിൽ നടപ്പാക്കുന്ന ബഡ്സ് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ എന്നിവയിൽ അന്ന ഷോട്ട്ബോൾട്ട് സംതൃപ്തി രേഖപ്പെടുത്തി. പ്രകൃതി ദുരന്തങ്ങൾ, കോവിഡ് പ്രതിസന്ധി എന്നിവയെ അതിജീവിക്കുന്നതിൽ സാമൂഹിക പ്രതിബദ്ധതയോടെ അണിനിരന്നു കൊണ്ട് അയൽക്കൂട്ട വനിതകൾ കാഴ്ച വച്ച പ്രവർത്തനങ്ങൾ, സാമൂഹ്യ സാമ്പത്തിക സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ, വിവിധ പദ്ധതികൾ, ഇതര സംസ്ഥാനങ്ങളിൽ കുടുംബശ്രീ നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്നിവയും അന ഷോട്ട് ബോൾട്ടിനെ ആകർഷിച്ചു. കുടുംബശ്രീ പ്രവർത്തനങ്ങളിൽ സന്തോഷവതിയായ അന ഷോട്ട് ബോൾട്ട് വീണ്ടും വരാൻ കഴിയുമെന്നാണ് പ്രതീക്ഷയെന്നു പറഞ്ഞു കൊണ്ടാണ് മടങ്ങിയത്.

സിറ്റി മിഷൻ മാനേജർ ഷിജു ജോൺ, ജിപ്സ, കുടുംബശ്രീ സി.ഡി.എസ്, എ.ഡി.എസ് പ്രവർത്തകർ പരിപാടിയിൽ പങ്കെടുത്തു. ☐

*(ലേഖിക കുടുംബശ്രീ സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ പബ്ലിക് റിലേഷൻസ് വിഭാഗത്തിൽ എഡിറ്റോറിയൽ അസിസ്റ്റന്റാണ്)*




# അതിഥിതൊഴിലാളികൾക്കും കരുതലായി സർക്കാർ

ഇന്ത്യയിൽ ആദ്യമായി കുടിയേറ്റ തൊഴിലാളികൾക്ക് സൗജന്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയത് നമ്മുടെ കൊച്ചു കേരളത്തിൽ ആണെന്നുള്ളത് മലയാളിയുടെ ഉന്നത ആതിഥേയ സംസ്കാരത്തിന് ഉത്തമ നിദർശനവും ഒപ്പം ഒരു സർക്കാരിന്റെ അശരണരോടുള്ള കരുതലിന്റെ സ്നേഹ സ്പർശനവുമാണ്. പ്രതിവർഷം പതിനയ്യായിരം രൂപയുടെ സൗജന്യ ചികിത്സയും അപകട മരണത്തിന് രണ്ടു ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷയും ലഭിക്കും. പതിനെട്ടിനും അറുപത് വയസ്സിനും ഇടയിൽ പ്രായമുള്ള എല്ലാ കുടിയേറ്റ തൊഴിലാളികൾക്കും ഈ പദ്ധതിയിൽ അംഗമാകാവുന്നതാണ്. ചികിത്സാ പദ്ധതി എല്ലാ സർക്കാർ ആശുപത്രികളിലും ആവാസ് പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളിലും ലഭ്യമാണ്. പ്രസവ ചികിത്സക്കും പരിരക്ഷ ലഭിക്കും.

**ഈ പദ്ധതിയിൽ 516320 പേർ ഇതിനകം രജിസ്റ്റർ ചെയ്തിട്ടുണ്ട്. എൺപത്തിയെട്ട് പേർ ട്രാൻസ്ജൻഡറുകളാണ്. 489716 പുരുഷൻമാരും 26516 സ്ത്രീകളുമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.**

ഈ പദ്ധതിയിൽ 516320 പേർ ഇതിനകം രജിസ്റ്റർ ചെയ്തിട്ടുണ്ട്. എൺപത്തിയെട്ട് പേർ ട്രാൻസ്ജൻഡറുകളാണ്. 489716 പുരുഷൻമാരും 26516 സ്ത്രീകളുമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. അൺപത്തിയെട്ട് ലക്ഷം രൂപ അപകട ഇൻഷ്വറൻസായി നൽകിക്കഴിഞ്ഞു. 326 പേർക്ക് ചികിത്സാ സഹായമായി 2002338 രൂപ അനുവദിച്ചിട്ടുണ്ട്. അംഗവൈകല്യം സംഭവിച്ച ഒരാൾക്ക് അമ്പതിനായിരം രൂപയുടെ സാമ്പത്തിക സഹായവും നൽകി.

ഇരുപത്തിയഞ്ച് തൊഴിൽ മേഖലകളിലുള്ളവരെയാണ് തരംതിരിച്ച് പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വിവിധ ഇടങ്ങളിൽ ഹെൽപ്പർമാരായി ജോലി നോക്കുന്നവരും കാർപെന്റർ, പ്ലംബർ എന്നിവരും ഇതിൽ








ഉൾപ്പെടും. കേന്ദ്ര- സംസ്ഥാന സർക്കാരുകൾ അംഗീകരിച്ച ആധാർ കാർഡ്, പാസ്പോർട്ട്, ഇലക്ഷൻ തിരിച്ചറിയൽ കാർഡ്, ഡ്രൈവിങ് ലൈസൻസ് എന്നിവയിൽ ഏതെങ്കിലും രേഖകൾ എൻട്രോൾമെന്റ് സമയത്ത് ഹാജരാക്കിയാൽ മതി. ഇൻഷ്വറൻസിൽ അംഗങ്ങളാകുന്നവരുടെ ബയോമെട്രിക് വിവരങ്ങളും രേഖപെടുത്തുന്നുണ്ട്. അതാത് ജില്ലകളിലെ ഫെസിലിറ്റേഷൻ സെന്ററുകളിലെത്തിയാൽ അതിഥി തൊഴിലാളികൾക്ക് ആവാസ് രജിസ്ട്രേഷൻ പൂർത്തിയാക്കി ചികിത്സാ കാർഡുമായി മടങ്ങാം

അന്നം തേടി മറുനാടുകളിൽ നിന്ന് ഇവിടെ എത്തിച്ചേരുന്ന തൊഴിലാളികളുടെ സുരക്ഷിതത്വത്തിനും ആരോഗ്യപാലനത്തിനും ശ്രദ്ധ നൽകി മാനവ സ്നേഹത്തിൽ പുതുചരിത്രം കുറിക്കുകയാണ് കേരള സർക്കാർ. □

# വാർത്തകൾ വിശേഷങ്ങൾ

### പതിനാലാം പഞ്ചവത്സരപദ്ധതി - ഉത്തരവ് പുറപ്പെടുവിച്ചു.

അതിദാരിദ്ര്യനിർമ്മാർജ്ജന ഉപപദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

സ.ഉ(കൈ) നം.146/2022/ത.സ്വ.ഭ.വ തീയതി 08.07.2022

### ലൈഫ് സമ്പൂർണ്ണ പാർപ്പിടപദ്ധതി - സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു

ലൈഫ് സമ്പൂർണ്ണപാർപ്പിട സുരക്ഷാപദ്ധതിയുടെ മൂന്നാംഘട്ടത്തിൽ ലൈഫ് മിഷൻ ആരംഭിച്ച മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിന്റെ ഭാഗമായി ലഭ്യമാകുന്ന ഭൂമിയുടെ ഉപയുക്തത സംബന്ധിച്ച മാർഗ്ഗരേഖ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

സ.ഉ(കൈ) നം.147/2022/ ത.സ്വ.ഭ.വ തീയതി 08.07.2022

### പതിനാലാം പഞ്ചവത്സരപദ്ധതി ഉത്തരവ് പുറപ്പെടുവിച്ചു.

പതിനാലാം പഞ്ചവത്സരപദ്ധതി -2022-23 വാർഷിക പദ്ധതിയിലെ മെയിന്റനൻസ് ഫണ്ട് പ്രോജക്ടുകളുടെ താൽക്കാലിക വിഹിതത്തെ അടിസ്ഥാനമാക്കി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

സ.ഉ(സാധ) നം.1602/2022/തസ്വഭവ തീയതി 05.07.2022

### ആറാം ധനകാര്യകമ്മീഷൻ - ഉത്തരവ് പുറപ്പെടുവിച്ചു.

ആറാം ധനകാര്യകമ്മീഷൻ ശുപാർശകൾ നടപ്പിലാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു

സ.ഉ(കൈ) നം.124/2022/തസ്വഭവ തീയതി 15.06.2022

### പ്രാദേശിക സാമ്പത്തിക വികസനം ഉത്തരവ് പുറപ്പെടുവിച്ചു

പ്രാദേശിക സാമ്പത്തിക വികസനം ആയിരത്തിൽ അഞ്ച് പേർക്ക് തൊഴിൽ സൃഷ്ടിക്കുന്നത് കൃത്യമായ വിവരശേഖരണത്തിനും അതിനായി ഒരു പോർട്ടൽ വികസിപ്പിക്കുന്നതിനും പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

സ.ഉ(സാധ) നം.1431/2022/തസ്വഭവ തീയതി 12.06.2022

### സാമൂഹ്യസുരക്ഷ /ക്ഷേമനിധി ബോർഡ് പെൻഷൻ -ഉത്തരവ് പുറപ്പെടുവിച്ചു

സാമൂഹ്യസുരക്ഷ പെൻഷൻ/ ക്ഷേമനിധി ബോർഡ് പെൻഷൻ വിതരണം ചെയ്യാത്ത തുക തിരികെ അടവാക്കുന്നത് സംബന്ധിച്ച് നിർദ്ദേശം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

സ.ഉ(കൈ) നം.133/2022/തസ്വഭവ തീയതി 29.07.2022

### ജലജീവൻ മിഷൻ -ഉത്തരവ് പുറപ്പെടുവിച്ചു.

കേരള വാട്ടർ അതോറിറ്റിയിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നിക്ഷേപിച്ചിട്ടുള്ള തുക തിരികെ ലഭിക്കുന്നത് ജനജീവൻ മിഷൻ പദ്ധതിക്കായി വിനിയോഗിക്കുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

സ.ഉ(സാധ) നം.1785/2022/തസ്വഭവ തീയതി 25.07.2022

### ശുചിത്വ മാലിന്യസംസ്കരണം- ഉത്തരവ് പുറപ്പെടുവിച്ചു.

ശുചിത്വ മാലിന്യ സംസ്കരണത്തിലെപ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഗ്രേഡ് ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദശങ്ങൾ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

സ.ഉ(സാധ) നം.1714/2022/തസ്വഭവ തീയതി 19.07.2022

### വസ്തു നികുതി – ഉത്തരവ് പുറപ്പെടുവിച്ചു.

General Reserve Engineering Force( GREF) Boarder Roads Organisation(BRO) എന്നീ സേനകളിൽ നിന്നും വിരമിച്ചവർ അവരുടെ ഭാര്യമാർ/ വിധവകൾ എന്നിവർ യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന കെട്ടിടങ്ങളെ വസ്തുനികുതിയിൽ അടക്കുന്നതിൽ നിന്നും ഒഴിവാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

സ.ഉ(കൈ) നം.153/2022/തസ്വഭവ തീയതി 19.07.2022

### പതിനാലാം പഞ്ചവത്സരപദ്ധതി സർക്കുലർ പുറപ്പെടുവിച്ചു.

2022-23 വാർഷികപദ്ധതിയിലെ പ്രത്യേക ഘടകപദ്ധതി (എസ്.സി.പി) പട്ടികവർഗ്ഗ ഉപപദ്ധതി (ടി.എസ്.പി) പ്രകാരമുള്ള പദ്ധതികൾ അവലോകനം ചെയ്യുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകി സർക്കാർ സർക്കുലർ പുറപ്പെടുവിച്ചു.

നം ഡി.എ1/179/2022/ ത.സ്വ.ഭ.വ തീയതി 25.062022

### ഡെപ്പോസിറ്റ് വർക്ക് -സർക്കുലർ പുറപ്പെടുവിച്ചു.

KSEB, KWA, GWD എന്നിവിടങ്ങളിൽ ഡെപ്പോസിറ്റ് വർക്കിന്റെ തുക സാമ്പത്തിക വർഷാരംഭത്തിൽ തന്നെ ഡെപ്പോസിറ്റ് ചെയ്യുന്നതിന് നിർദ്ദേശം നൽകി സർക്കുലർ പുറപ്പെടുവിച്ചു.

നം ഡി.എ1/179/2022/ ത.സ്വ.ഭ.വ തീയതി 10.07.2022

തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.



# ചായങ്ങൾ ചാലിച്ച ചിങ്ങം

■ ബിന്ദുരാജ്

കൊല്ലവർഷത്തിലെ പ്രഥമ മാസമാണ് ചിങ്ങം. ചിങ്ങ മാസത്തിൽ സൂര്യൻ ചിങ്ങം രാശിയിലൂടെ സഞ്ചരിക്കുന്നു എന്ന് പറയപ്പെടുന്നു. മലയാള മാസങ്ങൾക്ക് നാമങ്ങൾ കൊടുത്തിരിക്കുന്നത് നക്ഷത്രരാശികൾക്ക് അനുസരിച്ചാണ്. സിംഹം എന്ന പദം ലോപിച്ച് ഉണ്ടായ ചിങ്ങം സിംഹത്തിന്റെ രൂപത്തിലുള്ള ലിയോ എന്ന നക്ഷത്ര ഘടനയെ സൂചിപ്പിക്കുന്നു. നമ്മുടെ അയൽ സംസ്ഥാനമായ തമിഴ് നാട്ടിൽ ചിങ്ങമാസം ആവണി – പൂരുട്ടാശി മാസങ്ങളായാണ് കണക്കാക്കപ്പെടുന്നത്. ഇംഗ്ലീഷ് മാസങ്ങളായ ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലാണ് ചിങ്ങം വന്നെത്തുന്നത്.

കേരളത്തിൽ ചിങ്ങം സമൃദ്ധിയുടെയും ഐശ്വര്യത്തിന്റേയും വരവറിയിക്കുന്ന മാസമാണ്. കേരളത്തിൽ ചിങ്ങം ഒന്ന് കർഷകദിനമായി ആഘോഷിക്കുന്നു. കൊയ്തെടുത്ത നെല്ല് കൊണ്ട് പത്തായം നിറച്ചിരുന്ന പഴയകാലത്തിന്റെ ഗൃഹാതുരതയാണ് മലയാളിയ്ക്ക് ചിങ്ങമാസം . കർക്കിടക മാസത്തിലെ ദുരിതങ്ങൾ വിട്ടൊഴിഞ്ഞ് ഐശ്വര്യത്തിന്റെ നാളുകളിലേയ്ക്ക് കാൽവയ്പ്പ് നടത്തുന്നു എന്നാണ് വിശ്വാസം. കേരളത്തിലെ ഓരോ കർഷകനും ആദായകരമായ വിളവെടുപ്പ് സ്വപ്നം കാണുന്നത് ചിങ്ങമാസത്തിലൂടെയാണ്. അതുകൊണ്ട് ചിങ്ങമാസം കർഷകരെ സംബന്ധിച്ച് ധനലക്ഷ്മി അവരെ കടാക്ഷിക്കുന്ന മാസമാണ്. കൊയ്ത്താണ് ചിങ്ങമാസത്തിലെ പ്രധാന വിശേഷം. പാടത്ത് വിളഞ്ഞ സ്വർണ്ണത്തക്കതിരുകൾ വീട്ടിലെത്തിച്ച് പത്തായങ്ങളും അറകളും നിറക്കുന്ന സമ്പന്നതയുടെ മാസമായതിനാൽ ചിങ്ങമാസത്തിൽ നാട്ടിലെങ്ങും ആഘോഷത്തിമിർപ്പുകളാണ്.

പൊതുവെ വളരെ പ്രസന്നമായ കാലാവസ്ഥയാണെങ്കിലും ചിങ്ങമാസത്തിലും മൂടികെട്ടിയ ആകാശവും പൊടുന്നനെ പെയ്യുന്നമഴയും ഇപ്പോൾ പതിവാണ്. ചിങ്ങമാസത്തിലെ ഇത്തരം സംഭവങ്ങൾ നിലവിൽ ലോകത്താകമാനം സംഭവിച്ച്കൊണ്ടിരിക്കുന്ന കാലാവസ്ഥാ വ്യതിയാനങ്ങളുടെ പരിണിത ഫലമാണ്. പ്രളയവും, കൊറോണയും തകർത്ത് തരിപ്പണമാക്കിയ ഒരു സമ്പത്ത് വ്യവസ്ഥയിൽ നിന്നും ഒരു ഫീനിക്സ് പക്ഷിയെപ്പോലെ ഉയർത്തെഴുന്നേറ്റ് വരുന്ന കേരളം മറ്റൊരു ചിങ്ങം കൂടി ആഘോഷിക്കാൻ ഒരുങ്ങുകയാണ്. കഴിഞ്ഞ രണ്ട് തവണകൾ ആഘോഷരഹിതമായി കടന്ന് പോയതിനാൽ മലയാളികൾ ഏറെ പ്രതീക്ഷയോടെയാണ് ഈ വർഷത്തെ ചിങ്ങവും ഓണനാളുകളും കാണുന്നത്.

‘മാവേലി നാടുവാണിടും കാലം
മാനുഷ്യരെല്ലാരു മൊന്നു പോലെ’

എന്ന് തുടങ്ങുന്ന ഓണപ്പാട്ട് ഒരിക്കൽ സമൃദ്ധമായിരുന്ന കേരള നാടിന്റെ ഗതകാല സ്മരണകൾ ഉണർത്തുന്നതാണ്. അന്ന് ആധികളും വ്യാധികളും അപത്ഥുകളും ഉണ്ടായിരുന്നില്ലത്രേ... ! ബാലമരണങ്ങൾ കേൾക്കാനില്ല... പത്തായങ്ങളെല്ലാം നിറഞ്ഞ് കവിഞ്ഞിരുന്ന എവിടെയും ഏവരും ആമോദത്തോടെ വസിച്ചിരുന്നു. ഈ ഓണപ്പാട്ടിന്റ ഉപജ്ഞാതാവ് ആരാണ് എന്നറിയില്ല എങ്കിലും ചിങ്ങമാസം പുലർന്നാൽ ഏതൊരു മലയാളിയുടെ മനസ്സിലും ഓടിയെത്തി ചുണ്ടുകളിൽ പാട്ടായി വിരിയുന്ന ഈരടികളാണ്. ഒരുപക്ഷെ പൗരാണിക കാലം മുതൽ ഏതൊരു മലയാളിയുടേയും സ്വപ്നങ്ങളും ആഗ്രഹങ്ങളും പ്രതീക്ഷകളും ആയിരിക്കാം ഈ ഓണപ്പാട്ടിന് ഹേതുവായി തീർന്നത്. സമ്പൽ സമൃദ്ധിയുടെ ആ ഉൽകൃഷ്ട സ്വപ്നങ്ങളിൽ വിരിഞ്ഞ മിത്ത് ആയിരിക്കാം മഹാബലി ചക്രവർത്തിയും വാമനനും ഒക്കെ. ഉൽകൃഷ്ടമായ ആ പ്രാദേശിക മിത്തിലെ നായക കഥാപാത്രമായ മഹാബലി രാജാവിന്റെ ഭരണാന്ത്യം അത്യന്തം വ്യസനകരമാണ്. എന്നാൽ അതിന് കാരണഭൂതനായ വാമനനെ മഹാബലിയുടെ പ്രജകൾ ഭക്ത്യാദരപൂർവ്വം കാണുന്നത് വിചിത്രമായി തോന്നിയേക്കാം.

തൃക്കാക്കരയപ്പൻ മഹാവിഷ്ണുവിന്റെ അവതാരമായി കണക്കാക്കപ്പെടുന്നു. വാമനാവതാരം പൂണ്ട് മഹാബലിയെ പാതാളത്തിലേയ്ക്ക് ചവിട്ടിത്താഴ്ത്തിയ ഭഗവാൻ മഹാവിഷ്ണുവിനെ ഓണക്കാലത്ത് ചില ഹൈന്ദവ ഭവനങ്ങളിൽ പൂജ ചെയ്യുക പതിവാണ്. കളിമണ്ണ് നല്ലവണ്ണം കുഴച്ച ശേഷം നീളത്തിൽ ചതുരാകൃതിയിൽ അടിഭാഗം വരുന്നവിധം സ്തൂപങ്ങൾ ഉണ്ടാക്കി നാല്ഭാഗത്തും മുകൾ ഭാഗത്തും ദ്വാരങ്ങൾ ഇട്ട് അതിൽ പൂക്കൾ കുത്തി വച്ച് അരി അരച്ച് ചാന്താക്കിയത് തേക്കുന്നു. ഇത് വാമനമൂർത്തിയായി കരുതി പൂജിക്കുന്നു. പ്രധാനമായും മധ്യകേരളത്തിലാണ് തൃക്കാക്കരയപ്പനെ പ്രതിഷ്ഠിച്ച് പൂജിക്കുന്ന ആചാരം നിലവിലുള്ളത്.

എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറയിലെ ഓണത്തിനോടനുബന്ധിച്ച് ചിങ്ങമാസത്തിലെ അത്തം നാളിൽ നടത്തുന്ന ഒരു ആഘോഷമാണ് അത്തച്ചമയം. പത്ത് ദിവസങ്ങൾ നീണ്ട് നിൽക്കുന്ന ആഘോഷമാണ് തൃപ്പൂണിത്തുറ അത്തച്ചമയം. രാജഭരണകാലത്ത് കൊച്ചി രാജാവ് നടത്തിയിരുന്ന വിജയാഘോഷ യാത്രയായിരുന്നു തൃപ്പൂണിത്തുറ അത്തച്ചമയ ഘോഷയാത്രയായി ആഘോഷിച്ചിരുന്നത്. എന്നാൽ ഇന്ന്



രാജാവ് പങ്കെടുക്കുന്നില്ല എങ്കിലും അത്തച്ചമയത്തിന്റെ പ്രൗഢിയ്ക്ക് ഒരു മങ്ങലും വരുത്താതെയാണ് ഘോഷയാത്ര നടത്തുന്നത്. നെറ്റിപ്പട്ടം കെട്ടി അലങ്കരിച്ച ആനകളും. നാടൻ കലാരൂപങ്ങളും എല്ലാം അത്തച്ചമയ ആഘോഷത്തിൽ ഉൾപ്പെടുന്നു.

തെക്കൻ കേരളത്തിൽ ചിങ്ങമാസത്തിലെ അത്തം മുതൽ തിരുവോണംവരെയുള്ള അത്തപ്പ മഹോത്സവങ്ങൾ വളരെ പ്രസിദ്ധമാണ്. വിവിധ വർണ്ണങ്ങളിലുള്ള പൂക്കൾകൊണ്ട് അത്തത്തറകളിൽ ആകർഷങ്ങളായ ചിത്രങ്ങൾ രചിക്കുന്നത് അത്യന്തം മനോഹരമാണ്. വീട്ട് മുറ്റങ്ങളിൽ മാത്രം ഒതുങ്ങി നിന്നിരുന്ന അത്തപ്പ ചമയങ്ങൾ ഇന്ന് ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷനുകൾ തുടങ്ങിയ സാമൂഹ്യ സംഘടനകൾ ഏറ്റെടുത്ത് നടത്തുന്നു.

കേരള സർക്കാർ ഓണനാളുകളെ ടൂറിസംവാരാഘോഷമായി കണക്കാക്കി ഏഴ് ദിവസത്തെ ഉത്സവമാക്കി മാറ്റിയിട്ടുണ്ട്. ആഘോഷ ദിവസങ്ങളിലെല്ലാം ഗംഭീര കലാപരിപാടികളാണ് നടത്തപ്പെടുന്നത്. അന്യം നിന്ന് പോയ കാക്കാരിശ്ശി നാടകം, പൊറോട്ട് നാടകം, കുറത്തിയാട്ടം, മയിലാട്ടം, അർജ്ജുന നൃത്തം, കുടമാറ്റം, ചരട് പിന്നിക്കളി, മുടിയാട്ടം തുടങ്ങി അനവധി കേരളീയ കലാരൂപങ്ങൾ നേരിട്ട് കാണുന്നതിന് ഗവൺമെന്റ് ഓണനാളുകളിൽ അവസരം ഒരുക്കുന്നു. ഏഴാംദിനം അതിഗംഭീരമായ ഘോഷയാത്രയോടെ ഓണാഘോഷ പരിപാടികൾ അവസാനിക്കുന്നു.

സദ്യകഴിഞ്ഞ് ഓണക്കളിയാണ്. നാട്ടിൻ പുറങ്ങളിൽ വ്യാപകമായി ഓണ പന്ത് കളി നടത്താറുണ്ട്. (തലപ്പട്ടം എന്നും പ്രാദേശികമായി അറിയപ്പെടുന്നു) പുലികളി, തുമ്പിതുള്ളൽ, കുമ്മാട്ടിക്കളി, ഓണത്തല്ല്, കൈകൊട്ടിക്കളി, ഓണം തുള്ളൽ തുടങ്ങി അനവധി ഓണക്കളികൾ ഇന്നും ഓണനാളിൽ നടത്തി വരുന്നു.

ഓണക്കാലത്തെ മറ്റൊരു പ്രധാന പരിപാടിയാണ് ഓണക്കോടി എടുക്കൽ. പണ്ട് കാലത്ത് ഓണക്കാലത്ത് മാത്രമാണ് കാരണവൻമാർ തന്റെ ആശ്രിതർക്ക് മേൽമുണ്ട് ഓണ സമ്മാനമായി കൊടുത്തിരുന്നത്. അടുത്ത മുണ്ടിന് അടുത്ത ഓണക്കാലം വരെ കാത്തിരിക്കണമായിരുന്നു. എന്നാൽ വസ്ത്ര രംഗത്തെ വിപ്ലവകരമായ മാറ്റങ്ങൾ കേരളീയരുടെ വസ്ത്രധാരണ സങ്കല്പത്തെ തന്നെ മാറ്റിമറിച്ച് കളഞ്ഞു. ഓണക്കാലത്ത് കേരളത്തിലെ വസ്ത്ര വ്യാപാരശാലകളിൽ വൻതിരക്കുകളാണ് അനുഭവപ്പെടുന്നത്.

ദേശത്തായാലും വിദേശത്തായാലും മലയാളിക്ക് ചിങ്ങമാസം മനസ്സിൽ കുളിര് സൃഷ്ടിക്കുന്ന ഒരു അനുഭവമാണ്. ചിങ്ങനിലാവും, ചിങ്ങവെയിലും, ചിങ്ങപ്പൂക്കളും എല്ലാം മലയാളിയുടെ ഹൃദയത്തുടിപ്പുകളാണ്. പൂക്കളുടെ മാസമാണ് ചിങ്ങം. ഓണപ്പൂവായ തുമ്പപ്പൂ മുതൽ തെറ്റി, മന്ദാരം, കനകാംബരം, ജെമന്തി, കമ്മൽപ്പൂ, ആകാശമുല്ല, ചെമ്പരത്തി, പിച്ചി, മുല്ല അങ്ങനെ അനേകം നാട്ടുപൂക്കൾ ഓണപ്പൂക്കളത്തെ അലങ്കരിച്ചിരുന്നു. ഇന്ന് തമിഴ് നാട്ടിലെ തോവാളയിൽ നിന്നും പൂക്കൾ കേരളത്തിലെ മാർക്കറ്റിൽ എത്തിയില്ലായെങ്കിൽ പൂക്കളം ഒരുങ്ങുന്നില്ല എന്ന സ്ഥിതി സംജാതമായിരിക്കുന്നു. പൂവേ... പൊലി പൂവേ... എന്ന ഗാനം കിടാങ്ങൾ എതാണ്ട് പൂർണ്ണമായും മറന്നുകഴിഞ്ഞു.

വിഭവ സമൃദ്ധവും എല്ലാ രുചികളും അടങ്ങുന്ന സമ്പൂർണ്ണ ആഹാരമാണ് ഓണസദ്യ. പൊതുവെ സസ്യാഹാരമാണ് തയ്യാറാക്കപ്പെടുന്നത് എങ്കിലും കേരളത്തിലെ ചില പ്രദേശങ്ങളിൽ ഓണസദ്യയ്ക്ക് മത്സ്യ മാംസാഹാരങ്ങളും ഉൾപ്പെടുത്താറുണ്ട്. ഇലയിട്ട് പരമാവധി ഇരുപത്തി എട്ട് കൂട്ടം വിഭവങ്ങളും ചേർന്ന് ഒരുക്കുന്ന ഓണസദ്യ വിളമ്പുന്നതിനും ഉണ്ണുന്നതിനും നിയതമായ ക്രമവും ചിട്ടകളും ഉണ്ട്.

ചിങ്ങവും ഓണവും എല്ലാ മലയാളികളെയും ഒന്നായി സമന്വയിപ്പിക്കുന്ന ഒരു ശ്രേഷ്ഠ വികാരമാണ്. ആ വികാരത്തിന്റെ ഊഷ്മളതയിൽ ഓണവും ചിങ്ങവും വളരട്ടെ വാനോളം. ☐

*(ലേഖകൻ മലയിൻകീഴ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ്.)*



# പുനലൂർ

■ ഡോ. വിളക്കുടി രാജേന്ദ്രൻ

കൊല്ലം ജില്ലയിലെ ഒരു താലൂക്കും അതിന്റെ ആസ്ഥാനമായ മുനിസിപ്പൽ നഗരവും. കൊല്ലത്തുനിന്ന് 40 കി.മീ. കിഴക്ക് സഹ്യാദ്രി സാനുക്കളിൽ കല്ലടയാറിന്റെ ഇരുകരകളിലായി വ്യാപിച്ചു കിടക്കുന്ന ഈ പട്ടണം തമിഴ് മലയാള സംസ്കാരത്തിന്റെ സങ്കരഭൂമിയാണ്. മലഞ്ചരക്ക് വ്യാപാര കേന്ദ്രം. തമിഴ്നാട്ടിലേക്കുള്ള പ്രവേശന കവാടമാണിത്. തൂക്കുപാലം പ്രസിദ്ധം. പ്രാചീന സാംസ്കാരിക കേന്ദ്രമായിരുന്ന പുനലൂർ എന്നതിന് തെൻമലയ്ക്കും സമീപപ്രദേശങ്ങളിൽ നിന്നും ലഭിച്ച ശിലായുഗ സ്മാരകങ്ങൾ തെളിവാണ്. പത്താം നൂറ്റാണ്ടിലെ മാമ്പള്ളി ശാസനത്തിൽ പുനലൂർ പരാമർശിക്കപ്പെടുന്നു. 12-ാം നൂറ്റാണ്ടിലെ മിത്രാനന്ദപുരം, വെള്ളായണി ശാസനങ്ങളിലും ഈ സ്ഥലത്തെപ്പറ്റി സൂചനയുണ്ട്. പുനലൂരിന് സാമ്പത്തികാഭിവൃദ്ധി നൽകിയ പേപ്പർമിൽ അടഞ്ഞു കിടക്കുന്നു. പഴയ പ്രതാപം നഷ്ടമായെങ്കിലും ട്രാവൻകൂർ പ്ലൈവുഡ് ഫാക്ടറി ഇപ്പോഴുമുണ്ട്. രാജഭരണകാലം മുതൽ തിരുവിതാംകൂറിൽ കർഷക-തൊഴിലാളി വർഗ്ഗ പ്രസ്ഥാനം ശക്തി നേടിയ പ്രദേശങ്ങളിലൊന്നാണ് പുനലൂർ.പുനലൂർ രാജഗോപാലൻ നായരുടെയും മറ്റും നേതൃത്വത്തിൽ കെ.പി.എ.സി.യുടെ പ്രാരംഭകാല പ്രവർത്തനങ്ങൾ ഇവിടെ നിന്നാണ് ആരംഭിച്ചത്. ആര്യങ്കാവ് പഞ്ചായത്തിലെ പാലരുവി ജലപാതം പ്രസിദ്ധം. വിശാഖം തിരുനാളിന്റെ വേനൽക്കാല വസതിയായിരുന്നു പാലരുവി. സഹ്യാദ്രിയിലെ പഞ്ചശാസ്താ ക്ഷേത്രങ്ങളിൽ മൂന്നും (അച്ചൻകോവിൽ, ആര്യങ്കാവ്, കുളത്തുപ്പുഴ) ഈ താലൂക്കിലാണ്. 1877-ൽ കല്ലടയാറിനു കുറുകെ നിർമിച്ച പുനലൂർ തൂക്കുപാലം ഇന്നും വിസ്മയമായി നിൽക്കുന്നു. ഇപ്പോൾ ഇത് പുരാവസ്തു വകുപ്പിൻ കീഴിൽ ചരിത്ര സ്മാരകം. 1974-ൽ പുതിയ കോൺക്രീറ്റ് പാലം നിർമിച്ചു. സ്കോട്ടുലന്റുകാരനായ ആൽബർട്ട് ഹെന്റി എന്ന എഞ്ചിനീയറുടെ നേതൃത്വത്തിലാണ് ചങ്ങലയിൽ തൂങ്ങിക്കിടക്കുന്ന തൂക്കുപാലം നിർമിച്ചത്. സ്ഥലനാമപ്പൊരുൾ-പുനൽ എന്ന തമിഴ് പദത്തിൽ നിന്നാണ് പുനലൂർ ദേശ നാമമായത്. പുനൽ എന്നാൽ വെള്ളം. ജലസമൃദ്ധമായി വിസ്തൃതിയിലൊഴുകുന്ന കല്ലടയാറിന്റെ തീരത്തുള്ള സ്ഥലം പുനലൂർ ആയത് സ്വാഭാവികം.ഖരാസുരൻ വാളൂരിയ സ്ഥലം പുനലൂർ ആയെന്ന് സ്ഥലപുരാണം. വാൾ ഉറയിലിട്ട സ്ഥലമാണത്രേ ഇതിനടുത്ത വാളകം. അജ്ഞാത കർതൃകമായ ഒരു പഴയ സന്ദേശകാവ്യത്തിൽ പുനലൂരിനെ വർണിച്ചിട്ടുള്ളത് ഓർമ്മിക്കാം. 'ഊരിൽ പോകാൻ പുനരൊരുവനും പറ്റുകില്ലിങ്ങുവന്നാ- ലാരാണ്ടേവം കരുതി പുനരൂരെന്നു പേരിട്ടു നൂനം കാരാഗാരാദ് ലളിതതനുവാം പുള്ളിയെപ്പോലെ കാണാം വീരൻപാലം പെരിയതുടലിൽ പൂട്ടിനിൽക്കുന്നിതത്ര'. ഐശ്വര്യസമൃദ്ധമായിരുന്ന പുനലൂരിൽ എത്തിയാൽ ആരും അവരവരുടെ ഊരുകളിലേക്ക് തിരിച്ചുപോകാറില്ലായിരുന്നത്രേ. അങ്ങനെ ഇത് അവരുടെ രണ്ടാമത്തെ ഊരായി. പുനരൂർ പിന്നീട് പുനലൂരായി. നോക്കണേ, അജ്ഞാത കവിയുടെ ഭാവനാവിലാസം. □

മലയാളം അടിച്ചേൽപ്പിക്കേണ്ടതല്ല, സ്വയം സ്വീകരിക്കേണ്ടതാണ്.

# ഭാഷയുടെ ഉദ്ഭവം

■ ഡോ. എഴുമറ്റൂർ രാജരാജവർമ്മ

മലയാള ഭാഷയുടെ ഉദ്ഭവത്തെ പറ്റി മുഖ്യമായും മൂന്നു വാദങ്ങൾ നിലവിലുണ്ട്. (1) സംസ്കൃതത്തിൽ നിന്നും ഉദ്ഭവിച്ചത്, (2) സ്വതന്ത്രമായി വികസിച്ചത്. (3) തമിഴിൽ നിന്നുണ്ടായത് എന്നിങ്ങനെ. ഭാഷാ പണ്ഡിതന്മാർ ഉന്നയിച്ച ഈ വാദങ്ങളുടെ വിശദാംശങ്ങൾ പരിശോധിക്കാം.

## (1) സംസ്കൃതത്തിൽ നിന്നും ഉദ്ഭവിച്ചത്

ഭാരതത്തിലെ എല്ലാ ഭാഷകളും സംസ്കൃതത്തിൽ നിന്ന് ഉദ്ഭവിച്ചതാണ് എന്ന് ഒരു കൂട്ടം പണ്ഡിതർ പറയുന്നു. സംസ്കൃതം ദേവഭാഷയാണെന്നും എല്ലാ ഭാഷകൾക്കും മാതാവാണ് എന്നും ഇവർ വാദിക്കുന്നു. മലയാള ഭാഷയിലുള്ള പദങ്ങളിൽ തൊണ്ണൂറ് ശതമാനത്തിലധികം സംസ്കൃതത്തിൽ നിന്നും സ്വീകരിച്ചതാണ് എന്നത് ഇതിനു തെളിവായി കാണിക്കുന്നു. മലയാളം സംസ്കൃതത്തിൽ നിന്നും ഉണ്ടായതാണ് എന്ന പ്രസ്താവം മണിപ്രവാള ലക്ഷണ ഗ്രന്ഥമായ ലീലാ തിലകത്തിലും കാണാം. കവിയും പണ്ഡിതനും സംസ്കൃത സാഹിത്യ ചരിത്രകാരനുമായ വടുക്കുംകൂർ രാജരാജവർമ്മ ഈ പക്ഷക്കാരനാണ്. അദ്ദേഹത്തിന്റെ സാഹിതീസർവ്വസ്വമെന്ന ഗ്രന്ഥത്തിൽ ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ട്. മലയാളത്തിന് സംസ്കൃതത്തോടുള്ള കടപ്പാട് അദ്ദേഹം സുവിശദമായി പ്രതിപാദിക്കുന്നു. കേരള കൗമുദി എന്ന ഗ്രന്ഥത്തിന്റെ കർത്താവായ കോവുണ്ണി നെടുങ്ങാടി മലയാളത്തിന്റെ പിതാവ് സംസ്കൃതവും മാതാവ് തമിഴും ആണെന്നും പ്രസ്താവിക്കുന്നു. അതായത് മിശ്രജന്യമാണ് മലയാളം എന്നു ചുരുക്കം. വാക്കുകൾ കൊണ്ട് സംസ്കൃതം മലയാളത്തെ സമ്പന്നമാക്കിയെങ്കിലും വ്യാകരണം കൊണ്ട് സംസ്കൃതം മലയാളത്തെ പോഷിപ്പിച്ചില്ല എന്ന സത്യം കൊണ്ട്, മലയാളം സംസ്കൃതജന്യമാണ് എന്ന വാദം തോറ്റുപോയി.



## 2) സ്വതന്ത്രമായി വികസിച്ചത്

ആദി ദ്രാവിഡ ഭാഷയിൽ നിന്ന് കന്നഡ, തെലുങ്ക്, തമിഴ് എന്ന പോലെ മലയാളവും സ്വതന്ത്രമായി വികസിച്ച വന്നു എന്നതാണ് രണ്ടാമത്തെ വാദം. വൃക്ഷത്തിൽ നിന്ന് പലകാലം മുളച്ചുവരുന്ന ശാഖകൾ പോലെ പൂർവ്വ ദ്രാവിഡ ഭാഷയിൽ നിന്ന് ഈ ഭാഷകൾ ഉണ്ടായി എന്നും പറയുന്ന വാദത്തെ ശാഖാവാദം എന്നും വിളിക്കുന്നു. ആറ്റൂർ കൃഷ്ണപ്പിഷാരടി, ഡോ.കെ.ഗോദവർമ്മ, പ്രൊഫ.സി.എൽ. ആന്റണി തുടങ്ങിയ പണ്ഡിതർ ഈ വാദത്തിന്റെ വക്താക്കളാണ്. മൂവരശരുടെ നാട് എന്നും കീർത്തി കേട്ടിരുന്ന ചേരം, ചോളം, പാണ്ഡ്യം എന്നീ ദേശങ്ങളുൾക്കൊള്ളുന്ന തമിഴകത്തിൽ ഒരു പൊതുഭാഷ (ആദിദ്രാവിഡ ഭാഷ) ഉണ്ടായിരുന്നു. അന്നുണ്ടായിരുന്ന പദങ്ങൾ പലതും ദ്രാവിഡ ഭാഷകളിൽ കാണാം എന്നതും ശരിയാണ്. വാദങ്ങൾ വിശദമായി ചർച്ച ചെയ്യുന്നില്ല. ഈ വാദവും ശാസ്ത്രീയമായ പഠനത്തിനു മുൻപിൽ തോറ്റുപോയി.

### 3) തമിഴിൽ നിന്നുണ്ടായത്

തമിഴിൽ നിന്നുദ്ഭവിച്ച വളർന്ന് സ്വതന്ത്ര ഭാഷയായതാണ് മലയാളം എന്ന് അസന്ദിഗ്ധമായി തെളിയിച്ചത് കേരളപാണിനി എ. ആർ. രാജരാജ വർമ്മയാണ്. ദ്രാവിഡ ഭാഷകളെ പറ്റി പഠിച്ചിട്ടുള്ള ഡോ. കാൾഡ്വൽ, ഷ്യൾ ബ്ലോക്ക്, ആന്ദ്രനോവ് എന്നിവരും തമിഴ്-മലയാളം ബന്ധത്തെ കുറിച്ച് വിശദമായി ചർച്ച ചെയ്തിട്ടുണ്ട്. ഇവരുടെ നിരീക്ഷണങ്ങളിലുള്ള അവ്യക്തതകൾ എല്ലാം മാറ്റി, പൊതുവിൽ സ്വീകാര്യമായ ഉത്പത്തി സിദ്ധാന്തം അവതരിപ്പിച്ചു എന്നതാണ് കേരള പാണിനിയുടെ വിജയം. തമിഴ്, മലയാളമായി പരിണമിച്ച ഘട്ടങ്ങൾ, ആറു നയങ്ങളായി കേരള പാണിനി അവതരിപ്പിച്ചു. അനുനാസികാതി പ്രസരം, താലവ്യാദേശം, സ്വരസംവരണം, പുരുഷഭേദനിരാസം ഖിലോപസംഗ്രഹം, അംഗഭംഗം എന്നിവയാണ് ആറു നയങ്ങൾ.

പഴയ തമിഴിന് പന്ത്രണ്ടു ദേശ്യഭേദങ്ങളുണ്ടായിരുന്നു.

**തെൻപാണ്ടികുട്ടം കുടം കർക്കാവേൺ പൂഴി**
**പന്റിയരുവാവതൻ വടക്കു നന്റിയ**
**ചീതം മലാടു പുനനാടു ചെന്തമിഴ്**
**ചേരേതമിൽ വന്നിരുനാട്ടേൻ**

തെൻ പാണ്ടി, കുട്ടം, കുടം, കർക്കാ, വേൺ (വേണാട്) പൂഴി, പന്റി, അരുവാ,



ഭാരതത്തിലെ എല്ലാ ഭാഷകളും സംസ്കൃതത്തിൽ നിന്ന് ഉദ്ഭവിച്ചതാണ് എന്ന് ഒരു കൂട്ടം പണ്ഡിതർ പറയുന്നു. സംസ്കൃതം ദേവഭാഷയാണെന്നും എല്ലാ ഭാഷകൾക്കും മാതാവാണ് എന്നും ഇവർ വാദിക്കുന്നു.

അതൻ വടക്കു (അരുവാ വടതലൈ നാട്), നന്റായ ചീതം (നല്ല ചീതനാട്), മലാട് (മലയമാ നാട്) പുനനാട് ഇവയാണ് പന്ത്രണ്ടു നാടുകൾ അഥവാ ദേശങ്ങൾ. ഇവയിൽ കുട്ടം , കുടം, കർക്കാ , വേൺപൂഴി ഈ അഞ്ചും കേരളദേശത്തിലുൾപ്പെടുന്നു. ഈ അഞ്ചു ദേശങ്ങളിലെ കൊടുന്തമിഴാണ് മലയാളമായി പരിണമിച്ചത്. ഇനി ആറു നയങ്ങൾ അറിയാം.

(1) അനുനാസിക വർണ്ണം പിന്നാലെ വരുന്ന ഖരത്തെ കൂടി അനുനാസികമാക്കുന്നതാണ് അനുനാസികാതിപ്രസരം

ഉദാ- നിങ് + കാൾ - നിങ്ങൾ

ഒന്റു – ഒന്ന്

2) അ, ഉ, എ, ഐ എന്നീ താലവ്യ സ്വരങ്ങൾക്കു പിന്നാലെ വരുന്ന തവർഗ്ഗത്തെ (ത,ന,ന്ന, ത്ത, ന്ത) കൂടി താലവ്യമാക്കുന്നത് താലവ്യാദേശം.

ഉദാ- വൈത്താൻ -> വൈച്ചാൻ -> വെച്ചാൻ -> വച്ചാൻ

3) സ്വരത്തെ അടച്ചൊതുക്കിപ്പിടിച്ച് ഉച്ചരിക്കുന്നത് സ്വരസംവരണം .ഉകാരത്തിലാകുമ്പോൾ അതിന് സംവൃതോകാരം എന്നു പറയും.

ഉദാ- കണ്ട്, കേട്ട്

4) കർത്താവിനൊപ്പം പൊരുത്തം വരുത്താൻ ക്രിയയിൽ ലിംഗ, പുരുഷ, വചനഭേദം വരുത്തുന്നത് ഉപേക്ഷിച്ചത് പുരുഷഭേദനിരാസം

ഉദാ- അവൻ വന്താൻ (അവൻ വന്നു)

5) പ്രയോഗത്തിലല്ലാതെ വന്നത് ഉപയോഗിക്കുന്നത് ശീലമാക്കിയത് ഖിലോപസംഗ്രഹം

ഉദാ- കുളിക്കവന്തേൻ (കുളിക്കാൻ വന്നു)

6) അക്ഷരലോപം ചെയ്തു ചുരുക്കുന്നത് അംഗഭംഗം

ഉദാ- അവൻ + ക് – അവന്

ചെയ്യു + ആകം – ചെയ്യാം

മലനാട്ടിലെ കൊടുന്തമിഴ് മലയാളമായി പരിണമിച്ചത് ഈ ആറു ഘട്ടങ്ങളിലൂടെയാണ്. രാഷ്ട്രീയവും സാമൂഹികവും ഭൂമിശാസ്ത്രപരവും സാംസ്കാരികവുമായ ഘടകങ്ങൾ ഈ പരിണാമത്തെ ത്വരിതപ്പെടുത്തി ചട്ടമ്പി സ്വാമികളുടെ ആദിഭാഷ തമിഴാണ് തായ് മൊഴി എന്നു സ്ഥാപിക്കുന്നുണ്ട്. □



# സുഗന്ധവാഹികളായ നാട്ടുപൂക്കളെല്ലാം നാടുവിട്ടുപോയോ?

■ മുരളീധരൻ തഴക്കര

"അത്തം വന്നാൽ എന്തൊരാശ്വാസമാണ്. അത്തത്തിന്റെ തലേദിവസം ഉറക്കം വരാറില്ല. പുലരുന്നതിന് മുമ്പ് ഉണരണം. പടിഞ്ഞാറേക്കരയിലെ കുട്ടികൾ വരുന്നതിനു മുമ്പ് കുന്നിൻ ചരുവിൽ എത്തണം. ചിങ്ങം പിറന്നാൽ മേൽഭാഗത്തുള്ള ആ ചരൽക്കുന്ന് കോരിത്തരിക്കും. നിറയെ കണ്ണാന്തളിയും തുമ്പയും തന്നെ". ജ്ഞാനപീഠം കയറിയ മലയാളത്തിന്റെ പ്രിയ കഥാകാരൻ എം.ടിയുടെ വരികളാണിത്.

നാട്ടിൻപുറത്തിന്റെ നിഷ്കളങ്കതയോടെ തൊടിയിലും, വേലിപ്പടർപ്പിലും, വയൽ വരമ്പിലും മറ്റും സമൃദ്ധമായി വളർന്നിരുന്ന നാട്ടുപൂക്കളാൽ സമ്പന്നമായിരുന്നു കേരളം. കീടനാശിനി പ്രയോഗമോ, രാസവളം കൂട്ടുകളോ, നിത്യപരിചരണമോ വേണ്ടാത്ത നാട്ടുപൂച്ചെടികൾ. ചെമ്പരത്തിയും അമ്പരത്തിയും മുല്ലയും പിച്ചിയും ചെത്തിയും മന്ദാരവും തുമ്പയും മുക്കുറ്റിയും ശംഖുപുഷ്പവും കൊങ്ങിണിയും മഞ്ഞക്കോളാമ്പിയും അരിപ്പൂവും കനകാംബരവും രാജമല്ലിയും കമ്മലുപൂവും വേലിപ്പരുത്തിയും അങ്ങനെയങ്ങനെ എത്രയെത്ര ഇനം നാട്ടുപൂക്കൾ.

ഇങ്ങനെയുള്ള നാട്ടുപൂക്കളിൽ നാടുവിട്ടുപോയവയുടെ പേരും വിലാസവും തേടുക ഏറെ ബുദ്ധിമുട്ടുള്ള കാര്യമാണ്. മാത്രമല്ല ഋതുക്കളുടെ ഗതിവിഗതികൾ മാറുകയും കാലാവസ്ഥയുടെ താളം തെറ്റുകയും ചെയ്തപ്പോൾ നാട്ടുപൂച്ചെടികളിലേറെയും സമാധിയായി. എന്നാൽ അവശേഷിക്കുന്നവയിൽ ചിലത് അനുവാദത്തിന് കാത്തുനിൽക്കാത്ത അതിഥികളെപ്പോലെ പ്രത്യേക കാലങ്ങളിൽ പ്രത്യക്ഷപ്പെടും. മറ്റുചിലത് ചില പ്രത്യേക മാസങ്ങളിൽ മാത്രം തലനീട്ടും. പിന്നെ ചിലത്, കാലം, ദേശം ഒന്നും ബാധകമല്ലാതെ ഏതുകാലത്തും പൂവിട്ടു പുഞ്ചിരിച്ചു നിൽക്കും. ചിങ്ങമാസമെത്തിയാൽ ഈ നാട്ടുപൂച്ചെടികളിലേറെയും പുഷ്പിണികളാകും. വട്ടയുടെ ഇല കൊണ്ട് കുമ്പിളുകുത്തി, തൊടിയായ തൊടിയൊക്കെ താണ്ടിയാണ് അത്തപ്പൂക്കളമിടാൻ പൂ പറിക്കുന്നതിനായി ഒരുകാലത്ത് കുട്ടികൾ ഉത്സാഹത്തോടെ പോയിരുന്നത്.

അത്തം പത്തിനു തിരുവോണമാണ്. അത്തം മുതൽ പൂവിളിയും വട്ടയില കുമ്പിളുമായി പറമ്പായ പറമ്പിലെല്ലാം നാട്ടുപൂക്കൾ തിരഞ്ഞുനടന്ന ബാല്യം ഇന്നും മനസ്സിൽ സ്മൃതിഗന്ധികൾ പൂക്കുന്ന അനുഭൂതിയാണ്. തിരുവോണനാളിൽ എത്തുന്ന മഹാബലിയെ എതിരേൽക്കാൻ ജാതിമത ഭേദമന്യേ എല്ലാ വീട്ടുമുറ്റങ്ങളിലും പൂക്കളമിടുക എന്നത് ഒരു സാമ്പ്രദായിക രീതിയായിരുന്നു. പണം കൊടുത്ത് പൂക്കടകളിൽ നിന്ന് പൂക്കൾ വാങ്ങുന്നതിനെക്കുറിച്ചോ, പ്ലാസ്റ്റിക്കും ചായക്കൂട്ടുകളും ഉപ്പുപരലും കൊണ്ട് കൃത്രിമ പൂക്കളമൊരുക്കുന്നതിനേക്കുറിച്ചോ പോയകാല കേരളത്തിന് ചിന്തിക്കാൻ തന്നെ കഴിയില്ലായിരുന്നു. അസംഖ്യം നാട്ടുപൂക്കളാൽ സമ്പന്നമായിരുന്ന കുന്നിൻ ചരിവുകളും തൊടികളും വയൽ വരമ്പുകളുമെല്ലാം കാലത്തിന്റെ കടലെടുത്തു പോയി. ജെ.സി.ബി എന്ന രാക്ഷസൻ കുന്നുകളായ കുന്നുകളെയൊക്കെയും നിലംപരിശാക്കിക്കളഞ്ഞു! ചീറിപ്പായുന്ന യമകിങ്കരന്മാരായ



**പത്തിനം നാട്ടുപൂവുകളാണ് ദശപുഷ്പങ്ങൾ. കർക്കടകത്തിൽ മരുന്നുകഞ്ഞി തയ്യാറാക്കുമ്പോഴും അതിന്റെ പ്രധാന ചേരുവകളിൽ ഒന്ന് ദശപുഷ്പങ്ങൾ ഇടിച്ചു പിഴിഞ്ഞെടുക്കുന്ന നീരായിരുന്നു.**





ടിപ്പർ ലോറികൾ കുന്നിടിച്ച മണ്ണുമായെത്തി വയലായ വയലുകളും വരമ്പുകളുമെല്ലാം തൂർത്ത് അവിടെ വിശാലമായ ഷോപ്പിംഗ് മാളുകൾ പണിതുയർത്തിയപ്പോൾ നാട്ടു ചെടികളിലേറെയും നിത്യസമാധിയായി. വീടിനോടുചേർന്നുള്ള തൊടികളെക്കുറിച്ച് പറയാതിരിക്കുകയാണ് ഭേദം. തൊടികളേക്കാൾ കൂടുതൽ പറമ്പുകൾക്ക് ചുറ്റോടുചുറ്റും വൻമതിലുകൾ ഉയർന്നതോടെ അവിടെയും നാട്ടുപൂക്കൾ കാണാമറയത്തായി.

നാട്ടുപൂക്കളുടെ ഓർമ്മകൾ മാത്രമാണ് ഇപ്പോൾ നീക്കിബാക്കിയായുള്ളത്. വർണ്ണരാജികൾ സമന്വയിച്ച ഇലച്ചെടികൾ നമ്മുടെ വീട്ടുമുറ്റങ്ങളിൽ അധിനിവേശം നടത്തി. ആദ്യം സമ്പന്നരുടെയും ക്രമേണ സാധാരണക്കാരുടെയും മുറ്റങ്ങൾ അവ കൈയടക്കി. തുടർന്ന് വനപുഷ്പങ്ങൾ ആയിരുന്ന ഓർക്കിഡുകളുടെ വിപണന സാധ്യതയുടെ പിൻബലത്തിൽ നഗരപുഷ്പങ്ങളായി അവ മാറി. നിറമാർന്ന ഇലകളുള്ള മുസേന്തകൾ മിക്കവാറും എല്ലാ വീട്ടുമുറ്റങ്ങളിലും കടന്നുകയറി. നാനാജാതി നിറങ്ങളിലുള്ള ബോഗയിൻവില്ലകൾ ആഢ്യചിഹ്നങ്ങളായി. തെച്ചിയും, മന്ദാരവും, കാശിത്തെറ്റിയും, അശോകവും, നാലുമണിച്ചെടിയും, പാരിജാതകവും, കണ്ണാടിച്ചെടിയും, ചെമ്പകവുമെല്ലാം വീട്ടുമുറ്റങ്ങളോട് വിടപറഞ്ഞു. കേരളത്തിന്റെ പഴയകാലം പൂവിനു മാത്രമായി ഒരിടം കരുതി വെച്ചില്ല. പൂന്തോട്ടമെന്നത് നാം കടംകൊണ്ട പരിഷ്കൃത ജീവിതത്തിന്റെ അടയാളമായിരുന്നു, സായിപ്പ് ഇവിടേക്ക് വരുവോളം നമുക്കത്രകണ്ട് പരിചിതമായിരുന്നില്ല ഈ സംവിധാനം. ഒരുകാലത്ത് നമ്മുടെ വീട്ടുമുറ്റങ്ങളിൽ ഉദ്യാനം എന്നുപറ



## ...എന്ന് വായനക്കാർ

ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള 2-ാം ഇടതുമുന്നണി സർക്കാരിന്റെ ഒന്നാം വാർഷികത്തോട് അനുബന്ധിച്ച് പ്രസിദ്ധീകരിച്ച പഞ്ചായത്ത് രാജ് മാസികയുടെ 2022 ജൂൺ മാസത്തെ പ്രത്യേകപതിപ്പ് സംസ്ഥാനസർക്കാർ സമഗ്രമേഖലയിലും കഴിഞ്ഞ 1 വർഷം ആർജ്ജിച്ച നേട്ടങ്ങളുടെ നേർചിത്രം പകർന്നു നൽകുന്നതായിരുന്നു. സാമൂഹ്യ സുരക്ഷാരംഗത്ത് 2025 ഓടെ അതിദാരിദ്ര്യം തുടച്ചു നീക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന അതിദാരിദ്ര്യനിർമ്മാർജ്ജന ഉപപദ്ധതി സംബന്ധിച്ച് ശ്രീ ഷാഹുൽ ഹമീദിന്റെ ലേഖനം, ലൈഫ് സമ്പൂർണ്ണ പാർപ്പിടസുരക്ഷാ പദ്ധതിയുടെ മൂന്നാംഘട്ടവുമായി ബന്ധപ്പെട്ട് നവകേരള നിർമ്മിതിക്ക് മനസ്സോടിത്തിരി മണ്ണ് എന്ന് ശീർഷകത്തിൽ ശ്രീ കെ. അനിൽകുമാറിന്റെ ലേഖനം, വാതിൽപ്പടി സേവനം സംബന്ധിച്ച് ശ്രീമതി ത്രേസ്യാമ്മ ആന്റണി പ്രസിദ്ധീകരിച്ച ലേഖനം എന്നിവ സമൂഹത്തിലെ താഴെക്കിടയിലുള്ള ജനവിഭാഗങ്ങളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിന് സർക്കാർ എത്രത്തോളം ദിശാബോധത്തോടെ പ്രവർത്തിക്കുന്നു എന്ന് ചൂണ്ടിക്കാണിക്കുന്നതായിരുന്നു എന്ന് സൂചിപ്പിക്കട്ടെ. അതോടൊപ്പം തന്നെ കേരളത്തെ ഒരു ആധുനിക സമൂഹമായി വാർത്തെടുക്കുന്നതിനും പുത്തൻ തൊഴിൽ മേഖലകളിലേക്ക് നമ്മുടെ യുവതീയുവാക്കൾക്ക് കടന്നു ചെല്ലുന്നതിന് സഹായകരമായ രീതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തൊഴിൽ ദാതാവായി മാറുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പരിപാടികളെ സംബന്ധിച്ച് ശ്രീ കെ. ആർ രാജൻ പ്രസിദ്ധീകരിച്ച തദ്ദേശകങ്ങളിൽ തൊഴിൽ എന്ന ലേഖനവും മികച്ചതായിരുന്നു. സേവനപ്രദാനസംവിധാനത്തിന് പുത്തൻ ദിശാബോധം നൽകിയ ഐ.എൽ.ജി.എം.എസ് ആപ്ലിക്കേഷനുമായി ബന്ധപ്പെട്ട സിറ്റിസൺപോർട്ടൽ സംബന്ധിച്ച് പ്രസിദ്ധീകരിച്ച ലേഖനവും വളരെ പ്രയോജനകരമായി. ചുരുക്കത്തിൽ പഞ്ചായത്ത് രാജ് മാസികയുടെ ജൂണിലെ പ്രത്യേകപതിപ്പ് അതിന്റെ ഉള്ളടക്കത്തിലെ സമ്പന്നതകൊണ്ടും മനോഹാരിത കൊണ്ടും അത്യധികം ആകർഷണീയമായിരുന്നു... ഇതിന്റെ അണിയറയിൽ പ്രവർത്തിച്ച എല്ലാപേർക്കും ആശംസകൾ അറിയിക്കുന്നു.

**വി.ജെ. ജോസഫ്**
എറണാകുളം

പഞ്ചായത്ത് രാജ് മാസികയിലേക്കുള്ള ലേഖനങ്ങളും കത്തുകളും prmdp2020@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയക്കേണ്ടതാണ്.



ഞ്ഞിരുന്നാൽ പൂച്ചെടികൾ മാത്രമല്ല മരങ്ങളും വള്ളികളും കുറ്റിച്ചെടികളും ഉൾപ്പെട്ടിരുന്നു.

ക്ഷേത്രാരാധനയുടെ ഒപ്പമാണ് വളരെപണ്ട് പൂച്ചെടികൾ മുറ്റത്തുവളർന്നത്. എല്ലാ ആചാരങ്ങളും പ്രകൃതിയിൽ നിന്നാണ് ഉരുവംകൊള്ളുന്നത്. അതുകൊണ്ടുതന്നെ നമ്മുടെ ആചാരങ്ങളിൽ നാട്ടുപൂക്കളുടെ നിത്യനർത്തനം കാണാം. ഓണം അതിന്റെ ഉദാത്തമായ നേർക്കാഴ്ചയും സാക്ഷ്യവുമാണ്. അത്തപ്പൂക്കളവും പൂവിളിയും, പൂപ്പടയുമെല്ലാം ഓണത്തിന്റെ അനിവാര്യതയായിരുന്നു. തിരുവാതിരയിലും ഏഴരവെളുപ്പിന് തുടിച്ചു കുളികഴിഞ്ഞ തരുണിമാർ ദശപുഷ്പം ചൂടി വരുന്ന അനുഷ്ഠാന ചടങ്ങുണ്ട്.

പത്തിനം നാട്ടുപൂവുകളാണ് ദശപുഷ്പങ്ങൾ- പൂവാങ്കുറുന്നൽ, മുയൽച്ചെവിയൻ, കറുക, കൈയ്യോന്നി, നിലപ്പന, വിഷ്ണുക്രാന്തി, ചെറുള, ഉഴിഞ്ഞ, തിരുതാളി, മുക്കുറ്റി എന്നിവയാണവ. കർക്കടകത്തിൽ മരുന്നുകഞ്ഞി തയ്യാറാക്കുമ്പോഴും അതിന്റെ പ്രധാന ചേരുവകളിൽ ഒന്ന് ദശപുഷ്പങ്ങൾ ഇടിച്ചു പിഴിഞ്ഞെടുക്കുന്ന നീരായിരുന്നു. ചെമ്പരത്തിയുടെ പൂവും ഇലയും ചതച്ചെടുത്ത് ഒന്നാന്തരം താളിയുണ്ടാക്കി സ്ത്രീകൾ തലയിൽ തേച്ചിരുന്നു. വിപണിയിൽ നിന്നും മേനിക്കുപ്പികളിൽ കിട്ടുന്ന ഏതൊരു വിലകൂടിയ ഷാമ്പുവിനേക്കാളും ഒരു പണത്തൂക്കം മുന്നിലായിരുന്നു ചെമ്പരത്തിത്താളി. ചെങ്കണ്ണടക്കം മിക്ക നേത്രരോഗങ്ങൾക്കും കൺകണ്ട ഔഷധമായിരുന്നു നന്ത്യാർവട്ടപൂവ്. ഇത് വെള്ളത്തിലിട്ട് വച്ച് പിറ്റേദിവസം രാവിലെ ഈ വെള്ളം കൊണ്ട് കണ്ണ് കഴുകിയാൽ സാധാരണയുണ്ടാകുന്ന നേത്രരോഗങ്ങൾക്ക് ശമനമുണ്ടാക്കുന്ന ഒറ്റമൂലി ചികിത്സയാണിത്.

അന്തർധാനം ചെയ്ത ഭൂമി കന്യകയെപോലെ നമ്മൾ മനുഷ്യരുടെ പ്രകൃതിഹത്യ കണ്ട് നാടുവിട്ടു പോയതാകാം ഈ നാട്ടുപൂക്കളൊക്കെയും. ഇലഞ്ഞിയും പാലയും പാരിജാതവും തുളസിയും മണക്കുന്ന പഴയ നാട്ടിടവഴികളിലൂടെ വീണ്ടും നടക്കുമ്പോൾ അന്യ നാടിന്റെ കൈയ്യൊപ്പ് പതിഞ്ഞ നിർഗന്ധ പുഷ്പങ്ങൾ ഒരു പക്ഷേ നമ്മുടെ മനസ്സിനും ഒപ്പം ജീവിതത്തിനും വന്ന മാറ്റങ്ങളുടെ നിദർശനംകൂടിയാണെന്ന് പറയാതെ വയ്യ! □




## പരസ്യ നിരക്ക്

| | |
|---|---|
| കവർ (അവസാന പുറം) കളർ | ₹ 12000 |
| കവർ (ഉൾവശം) കളർ | ₹ 10000 |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | ₹ 8000 |
| മറ്റു പേജുകൾ (കളർ) | ₹ 8000 |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | ₹ 6000 |
| അരപേജ് (കളർ) | ₹ 5000 |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 3000 |

## പഞ്ചായത്ത്‌രാജ്

വാർഷിക വരിസംഖ്യ ₹ 120



PANCHAYAT RAJ (Monthly) July 2022
Annual Subscription ₹120, Published on 20 July 2022
RNI. No. : 7959/61




Printed & Published by H. Dineshan IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Gramalakshmi Mudralayam, Kanjikodu, Palakkad, Kerala and
Published at Directorate of Panchayats, Kowdiar P.O., Thiruvananthapuram - 695 003, Kerala. Editor: H. Dineshan IAS